VOL NO: 05 I ISSUE 49
www.nerpatham.com
mail@nerpatham.com
2021 DECEMBER 11 I ₹12

# നേർപഥം
വാരിക



# ഹദീഥ് നിഷേധത്തിന്റെ അപകടങ്ങൾ

ഇസ്‌ലാമിക പ്രമാണങ്ങളിൽ രണ്ടാമത്തേതാണ് ഹദീഥ്. എന്നാൽ ഹദീഥുകൾ പ്രമാണങ്ങളല്ലെന്നും ക്വുർആനിന് മാത്രമെ ആ സ്ഥാനം അവകാശപ്പെടാൻ കഴിയുകയുള്ളൂ എന്നുമാണ് ചിലർ വാദിച്ചുകൊണ്ടിരിക്കുന്നത്. ഫലത്തിൽ, സൂക്ഷ്മതയുടെ പേര് പറഞ്ഞ് ഇസ്‌ലാം വിമർശകരുടെ വാദം നെഞ്ചേറ്റുകയാണ് ഇത്തരക്കാർ ചെയ്തുകൊണ്ടിരിക്കുന്നത്.

- വക്വ്ഫ് ബോർഡും നിയമന വിവാദവും

- തബ്‌ലീഗ് ജമാഅത്ത്: ഒരു പഠനം
- പ്രബോധനം യുക്തിഭദ്രമാകണം
- നവോത്ഥാന ചരിത്രത്തിലെ വെള്ളിനക്ഷത്രം

# പുറത്തിറങ്ങി...


WISDOM BOOKS

**PUBLISHING || DISTRIBUTION**

Wisdom Books | E.K.P Building | Calicut

Web: www.wisdomislam.org | Email: publication@wisdomislam.org

0495 4019437 9207525244




## പുതിയ പുസ്തകങ്ങൾ

| | |
|---|---|
| 01. പ്രകാശം പരത്തിയ പ്രവാചകന്മാർ / ഭാഗം 4 | ഹുസൈൻ സലഫി |
| 02. സുരക്ഷിതത്വം സമൂഹം ഇസ്‌ലാം | ഉസ്മാൻ പാലക്കാഴി |
| 03. മുഹമ്മദ് നബി(സ്വ) ചരിത്ര സംഗ്രഹം | അബ്ദുല്ലത്തീഫ് സുല്ലമി മാറഞ്ചേരി |
| 04. വീക്ഷണ വ്യത്യാസങ്ങൾ നേരായ സമീപനം | കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ |
| 05. പ്രകാശം പരത്തിയ പ്രവാചകന്മാർ / ഭാഗം 3 | ഹുസൈൻ സലഫി |
| 06. ഐ.എസിന്റെ മതമേത്? | അബ്ദുൽ മാലിക് സലഫി |
| 07. പ്രവാചക കുടുംബവും സ്വഹാബത്തും | വിവർത്തനം: പി.എൻ.അബ്ദുല്ലത്തീഫ് മദനി |
| 08. ഇബാദത്ത്: അർഥവും വ്യാഖ്യാനവും | അൻവർ അബൂബക്കർ |
| 09. പൗരത്വ നിഷേധവും ഇസ്‌ലാമിക സമൂഹവും | സിറാജുൽ ഇസ്‌ലാം ബാലുശ്ശേരി |
| 10. മഹാമാരി: 100 കർമശാസ്ത്ര വിധികൾ | ഫൈസൽ മൗലവി പുതുപ്പറമ്പ് |
| 11. പൗരത്വം, ഫാഷിസം, മതനിരപേക്ഷത | ഡോ. കെ.ഇ.എൻ / ഡോ. സി മുഹമ്മദ് റാഫി |
| 12. വിശ്വാസ കാര്യങ്ങൾ, ഭാഗം: ഒന്ന് / അല്ലാഹു | ഉമർകോയ മദീനി |
| 13. ഉത്തമ സ്വഭാവങ്ങൾ | അബ്ദുൽ ജബ്ബാർ മദീനി |
| 14. പ്രാർഥനയുടെ അത്ഭുതങ്ങൾ | സഅഫർ സ്വാദിഖ് മദീനി |

0255

# നേർപഥം

വാരിക

2021 ഡിസംബർ 11

1442 ജുമാദൽ അൽ അവ്വൽ 06

പുസ്തകം 05 / ലക്കം 49

Printed, published and owned by
K. Sajjad

Printed at Sprint Offset Printers
Kozhikode
Published at Kozhikode I 673002

Managing Editor: Nasir Balusseri
Editor: Usman Palakkazhi
Chief Editor: Anil Primrose
Web Editor: Haseeb Elayur
Design, Cover & Layout:
Elan Creativo

Nerpatham Weekly I PB No: 597
EKP Complex I Kallai Road
Kozhikkode 2 I Kerala I India
Ph: 0495 4019437

mail@nerpatham.com
www.nerpatham.com
Facebook: www.facebook.com/
nerpatham weekly




10
## ഹദീഥ് നിഷേധത്തിന്റെ അപകടങ്ങൾ
താജുദ്ദീൻ സ്വലാഹി വെട്ടത്തൂർ

05
**മുഖമൊഴി**
വഖ്ഫ് ബോർഡും
നിയമന വിവാദവും
എഡിറ്റർ

06
**ലേഖനം**
തബ്‌ലീഗ് ജമാഅത്ത്: ഒരു പഠനം
സക്കീർ ഹുസൈൻ ഈരാറ്റുപേട്ട

17
**ലേഖനം**
പ്രബോധനം യുക്തിഭദ്രമാകണം
അബൂ അമൽ

18
**ലേഖനം**
പി. സെയ്ദ് മൗലവി
ദുൽക്കർഷാൻ അലനല്ലൂർ

23
**ഹദീഥ് പാഠം**
കരാറുകൾ
പാലിക്കാനുള്ളതാണ്
അബൂതൻവീൽ

26
**ചരിത്രപഥം**
ഹുദയ്ബിയ സന്ധി
ഹുസൈൻ സലഫി, ഷാർജ

31
**ക്വുർആൻ ദർശനം**
അത്ത്വൂർ
അബ്ദുറഹ്മാൻ നാസിർ അസ്സഅദി

34
**ആരോഗ്യപഥം**
അനീമിയ
മുസാഫിർ



വായനക്കാർ എഴുതുന്നു

# വിജയത്തിലേക്കുള്ള പാത: രക്ഷിതാക്കളുടെ പങ്ക്

ഓരോ വിദ്യാർഥിയും ഏറ്റവും കൂടുതൽ ആഗ്രഹിക്കുന്നത് തങ്ങളുടെ ജീവിത വിജയവും ഭാവി സുരക്ഷിതത്വവുമാണ്. അതിനുള്ള പിന്തുണ രക്ഷിതാക്കളിൽനിന്നും അവർക്ക് കിട്ടേണ്ടതുണ്ട്.

കുട്ടികളുടെ വിജയത്തിൽ രക്ഷിതാക്കൾക്ക് ഒരു വലിയ പങ്കുതന്നെയുണ്ട്. രക്ഷിതാക്കൾ കുട്ടികളിൽ അർപ്പിക്കുന്ന അമിത പ്രതീക്ഷ സമ്മർദമായി വളർന്ന് അത് അവരുടെ ഭാവിയെത്തന്നെ തകിടം മറിക്കുവാൻ സാധ്യതയുണ്ട്. പഠനത്തിൽ കുട്ടികളുടെ കഴിവിനും അഭിരുചിക്കും അനുസൃതമായ മേഖല തിരഞ്ഞെടുക്കാൻവേണ്ടി അവരെ പ്രോത്സാഹിപ്പിക്കേണ്ട രക്ഷിതാക്കൾ അവരുടെ കഴിവിനെ തിരിച്ചറിയാതെ സ്വന്തം താൽപര്യമനുസരിച്ച് തിരിച്ചുവിടുന്നത് ശരിയല്ല.

കുട്ടികൾക്ക് പഠനത്തോടൊപ്പം വിനോദവും വിശ്രമവും അത്യാവശ്യമാണ്. എപ്പോഴും പഠിക്കാൻ നിർബന്ധിക്കുന്നതും അതിന്റെ പേരിൽ വഴക്കു പറയുന്നതും അവരുടെ മനസ്സിനെ സാരമായി ബാധിക്കുന്നതാണ്. ഇത് അവരുടെ പഠനത്തെ ദോഷകരമായി ബാധിക്കുന്നു. അവരെ മറ്റു കുട്ടികളുമായി താരതമ്യം ചെയ്യുന്നതിന്റെ ഫലവും ഇതിൽ നിന്നും വിത്യസ്തമല്ല. ഏതൊരു പ്രതിസന്ധിക്ക് മുന്നിലും തലയുയർത്തി നിൽക്കാനും അതിനെ ആത്മവിശ്വാസത്തോടുകൂടി നേരിടാനുമുള്ള പ്രാപ്തി കൈവരിക്കാൻ അവർക്ക് സാധിക്കണം. അതിനുള്ള പിന്തുണ അവർക്ക് രക്ഷിതാക്കളിൽനിന്നാണ് ലഭിക്കേണ്ടത്.

പഠനത്തിൽ അവരെ സഹായിക്കാൻ കഴിയില്ലെങ്കിലും പഠനസമയത്ത് അവരുടെ അടുത്തിരിക്കുന്നത് അവർക്ക് വലിയ പ്രോത്സാഹനമാണ്. മാതാപിതാക്കൾ കുട്ടികളുടെ ഉറ്റ സുഹൃത്തുക്കളായി മാറണം. ആവശ്യങ്ങളും പ്രയാസങ്ങളും തുറന്നു പറയാനുള്ള സ്വാതന്ത്ര്യം അവർക്കു നൽകണം. മാതാക്കളാണ് ഇക്കാര്യത്തിൽ കൂടുതൽ ശ്രദ്ധ കാണിക്കേണ്ടത്.

**-സഹല പി.കെ, കൊളത്തൂർ**

## ഹലാൽ വിവാദങ്ങളുടെ പിന്നിൽ...

'ഹലാൽ: വിവാദങ്ങളും ഫലിതങ്ങളും' എന്ന മുജീബ് ഒട്ടുമ്മൽ എഴുതിയ ലേഖനം കാലികപ്രസക്തവും ചിന്തനീയവുമായിരുന്നു. ഭക്ഷണത്തിൽ പോലും വേർതിരിവിന്റെ രാഷ്ട്രീയത്തിന് മാനം കണ്ടെത്തുന്നവരുടെ ഗൂഢലക്ഷ്യം ലേഖനത്തിൽ അനാവരണം ചെയ്യപ്പെട്ടിട്ടുണ്ട്. ഇഷ്ടപ്പെട്ട ഭക്ഷണം തെരഞ്ഞെടുക്കുവാൻ പൗരനുള്ള അവകാശം ഹനിക്കുവാനുള്ള നിയമങ്ങൾ ചുട്ടെടുക്കുവാൻ ഒരുഭാഗത്ത് ശ്രമങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ ഗോമാംസം മാത്രമല്ല, ഒരു മാംസവും തിന്നാൻ അനുവദിക്കില്ല എന്ന നിലയിലാണ് ആവേശം മൂത്ത സംഘ് പരിവാറുകാർ ഉള്ളത്. ഒരു വിഭാഗം തങ്ങൾക്ക് ഇഷ്ടമുള്ള ആഹാരം തെരഞ്ഞെടുക്കുന്നത് മറ്റുള്ളവരെ ബാധിക്കാത്തിടത്തോളം അതിന്റെ ഉപയോഗത്തിന് നിരോധമേർപ്പെടുന്നതിൽ എന്ത് യുക്തിയാണുള്ളത്? ഇതെന്താ വെള്ളെരിക്കാപട്ടണമാണോ?

ഹലാലിനെ തീവ്രവാദത്തിന്റെ പദമായിക്കൊണ്ടു പോലും വ്യാഖ്യാനിക്കുന്നു ചില സ്ഥാപിത താൽപര്യക്കാർ. ഇതിനു പിന്നിലെ മതവും രാഷ്ട്രീയവും തിരിച്ചറിയാൻ കഴിയാത്തവരല്ല മലയാളികൾ എന്നേ പറയാനുള്ളൂ.

**-മുഹമ്മദ് ഫായിസ്, തിരൂർ**

മുഖമൊഴി

# വഖ്ഫ് ബോർഡും നിയമന വിവാദവും

'വഖ്ഫ്' എന്ന അറബി പദത്തിന് 'നിൽക്കുക', 'തടഞ്ഞ് നിർത്തുക' എന്നൊക്കെയാണ് ഭാഷാർഥം. സാങ്കേതികാർഥത്തിൽ 'മുതലിനെ ക്രയവിക്രയങ്ങളിൽ നിന്ന് തടഞ്ഞുനിർത്തി, നാശം വരുത്താതെ അല്ലാഹുവിന്റെ മാർഗത്തിൽ ഉപയോഗപ്പെടുത്തുക' എന്ന് പറയാം. വക്ഫ് ചെയ്യുന്ന ആൾക്ക് 'വാക്വിഫ്' എന്നും വക്ഫ് ചെയ്യുന്ന മേഖലക്ക് 'മൗക്വൂഫ് അലൈഹി' എന്നും വക്ഫ് ചെയ്ത മുതലിന് 'മൗക്വൂഫ്' എന്നും പറയുന്നു. സ്ഥലം, കെട്ടിടങ്ങൾ,സ്ഥാപനങ്ങൾ, ഗ്രന്ഥങ്ങൾ, വൃക്ഷങ്ങൾ, കിണറുകൾ, ഉപകരണങ്ങൾ തുടങ്ങി ഉപയോഗം വസ്തുവിനെ നശിപ്പിക്കാത്തവ വക്ഫ് ചെയ്യാവുന്നതാണ്. ഉസ്മാൻ ﷛ റൂമാ കിണർ വാങ്ങി അല്ലാഹുവിന്റെ മാർഗത്തിൽ സമർപ്പിച്ചതും ഖൈബർ യുദ്ധത്തിൽ ഉമർ ﷛ തനിക്ക് ലഭിച്ച തോട്ടം വക്ഫ് ചെയ്തതും പ്രഥമ വക്ഫുകളായി അറിയപ്പെടുന്നു.

അതിശ്രേഷ്ഠമായ ഒരു പുണ്യകർമമാണ് വക്ഫ്. വക്ഫ് ചെയ്യുന്നവർക്ക് വമ്പിച്ച പ്രതിഫലമുണ്ടെന്ന സന്തോഷവാർത്ത വിശുദ്ധ ക്വുർആനും ഹദീഥും നൽകുന്നതായി കാണാം. നബി ﷺ പറഞ്ഞു: "ഒരു മനുഷ്യൻ മരണപ്പെട്ടാൽ അവന്റെ കർമങ്ങളെല്ലാം നിലച്ചു; മൂന്നെണ്ണമൊഴികെ. സ്ഥിരസ്വഭാവമുള്ള ധർമവും (വക്ഫ്) ഉപകാരപ്രദമായ വിജ്ഞാനവും അവന് വേണ്ടി പ്രാർഥിക്കുന്ന ഉത്തമ സന്താനവുമാണവ" (തുർമുദി).

ഒരു വസ്തു വക്ഫ് ചെയ്യുന്നതിലൂടെ അതിന്റെ ഉടമസ്ഥാവകാശം പൂർണമായി അല്ലാഹുവിലേക്ക് മടങ്ങുന്നു. പിന്നീട് അത് യഥേഷ്ടം വിൽക്കുവാനോ ദാനം ചെയ്യുവാനോ ആർക്കും അധികാരമല്ല. സ്വത്തിന് ഒരു ശാശ്വത സ്വഭാവം കൈവരുന്നു എന്നർഥം. ലോകത്ത് ലക്ഷക്കണക്കിന് മസ്ജിദുകളും സ്ഥാപനങ്ങളും മറ്റും വക്ഫ് സ്വത്തായി നിലനിൽക്കുന്നുണ്ട്. അവ സംരക്ഷിക്കാനുള്ള സംവിധാനങ്ങളും അതാത് നാടുകളിലുണ്ട്. വക്ഫിന്റെ ഉപയോഗം ശാശ്വതമായി നിലനിൽക്കുകയും അതിനനുസരിച്ചുള്ള പ്രതിഫലം വക്ഫ് ചെയ്ത വ്യക്തിക്ക് കിട്ടിക്കൊണ്ടേയിരിക്കുമെന്നതിനാലും മറ്റു ദാനധർമങ്ങളെക്കാൾ വക്ഫിന് പ്രാധാന്യമേറുന്നു.

കേരളത്തിൽ അനേകം മുസ്‌ലിം സംഘടനകളുണ്ട്. അവയുടെ കീഴിൽ ആയിരക്കണക്കിന് പള്ളികളും ഇതര സ്ഥാപനങ്ങളുമുണ്ട്. അവയിൽ വക്ഫ് ബോർഡിൽ രജിസ്റ്റർ ചെയ്തവയും ചെയ്യാത്തവയുമുണ്ട്. ചെയ്തവയാണ് കൂടുതൽ. ഒരു വസ്തു വക്ഫ് ചെയ്യുന്നതിലൂടെ അതിന്റെ ഉടമസ്ഥാവകാശം പൂർണമായി അല്ലാഹുവിലേക്ക് മടങ്ങുന്നു. പിന്നീട് അത് യഥേഷ്ടം വിൽക്കുവാനോ ദാനം ചെയ്യുവാനോ ആർക്കും അധികാരമല്ല എന്ന് നേരത്തെ സൂചിപ്പിച്ചുവല്ലോ. അതുകൊണ്ടുതന്നെ അത് പരിപാലിക്കേണ്ടത് വിശ്വാസിസമൂഹമാണ്. വക്ഫ് ചെയ്യപ്പെട്ട പള്ളികളും സ്ഥാപനങ്ങളും മറ്റും തങ്ങളുടെ വരുമാനത്തിന്റെ നിശ്ചിത ശതമാനം ബോർഡിന് നൽകുന്നുണ്ട്. അതിൽനിന്നാണ് ജീവനക്കാർക്ക് ശമ്പളം നൽകുന്നത്. അല്ലാതെ സർക്കാരല്ല.

ബോർഡിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാനാണ് പിഎസ്‌സിക്കു വിടുന്നത് എന്ന വാദം ബാലിശമാണ്. പിഎസ്‌സി വഴി നിയമനം നടക്കുന്ന സ്ഥാപനങ്ങളെല്ലാം കാര്യക്ഷമമായും അഴിമതിമുക്തമായും പ്രവർത്തിക്കുന്നുണ്ടോ? വക്ഫ് ബോർഡ് ജീവനക്കാരെ നിയമിക്കുമ്പോൾ മതപരമായ അറിവുകൂടി പരിശോധിക്കാറുണ്ട് എന്നതാണ് വസ്തുത.

പിഎസ്‌സി വഴി നിയമനം നടക്കുമ്പോൾ സംഭവിക്കുക വക്ഫിനെക്കുറിച്ചോ അതിന്റെ പവിത്രതയെക്കുറിച്ചോ പ്രാധാന്യത്തെക്കുറിച്ചോ അറിയാത്തവർ കടന്നുകൂടും എന്നതാണ്. സ്വത്ത് വക്ഫ് ചെയ്ത നിഷ്കളങ്കരും നിസ്വാർഥരുമായ ആളുകളോടുകൂടി കാണിക്കുന്ന അനീതിയാണത്. ദേവസ്വംബോർഡ് നിയമനം അതുമായി ബന്ധപ്പെട്ട മതക്കാർക്ക് വകവെച്ചുകൊടുക്കുകയും വക്ഫ് നിയമനം പിഎസ്‌സി വഴി ആക്കുകയും ചെയ്യുന്നത് ഇരട്ടത്താപ്പാണ്.



സക്കീർ ഹുസൈൻ ഈരാറ്റുപേട്ട
mail@nerpatham.com

ലേഖനം

# തബ്‌ലീഗ് ജമാഅത്ത്: ഒരു പഠനം

'തബ്‌ലീഗ് ജമാഅത്ത്' എന്ന വിഭാഗം പ്രബോധനരംഗത്ത് വേറിട്ടൊരു ശൈലി സ്വീകരിച്ച് പ്രവർത്തിക്കുന്നവരാണ്. ജനങ്ങളെ ആകർഷിക്കുന്ന ശൈലിയും പെരുമാറ്റവുമൊക്കെയാണെങ്കിലും അപകടം നിറഞ്ഞ, ഇസ്‌ലാം പഠിപ്പിക്കാത്ത വിശ്വാസങ്ങളും ആചാരങ്ങളുമാണ് ഇക്കൂട്ടർ ജനങ്ങളെ പഠിപ്പിക്കുന്നത്.

ഖാദിരിയ്യ, ചിശ്തിയ്യ, സുഹ്റവർദിയ്യ, നഖ്ശബന്തിയ്യ എന്നീ നാല് ത്വരീഖത്തുകളുടെ പ്രചാരകരും പ്രയോക്താക്കളുമായിട്ടാണ് ഇക്കൂട്ടർ അറിയപ്പെടുന്നത്. നമസ്കാരം, നോമ്പ്, ദാനധർമം, ഹജ്ജ് മുതലായ കർമങ്ങളുടെ മഹത്ത്വങ്ങൾ വിവരിക്കുവാൻ വേണ്ടി ഉത്തർപ്രദേശിലെ സഹാറൻപൂർ നിവാസിയായ മുഹമ്മദ് സകരിയ്യ കാന്തലവി എഴുതിയിട്ടുള്ള ഗ്രന്ഥങ്ങളാണ് തബ്‌ലീഗുകാരുടെ പ്രധാന അവലംബം.

വെറും കെട്ടുകഥകളെ അടിസ്ഥാനമാക്കി അല്ലാഹുവല്ലാത്തവരോട് തേടാമെന്ന് സകരിയ്യ സാഹിബ് എഴുതിവെച്ചതായി കാണാം. ഇടതേട്ടത്തിന് തെളിവായി അദ്ദേഹം എഴുതിയ ഒരു കഥ വായിക്കുക:

"ഷൈഖ് അബൂ അബ്ദുല്ലാഹി ജല്ലാഹ് (റഹ്:അ) പറയുന്നു: ഒരിക്കൽ എന്റെ മാതാവ് എന്റെ പിതാവിനോട് കുറച്ച് മത്സ്യം വാങ്ങണമെന്നാവശ്യപ്പെട്ടു. പിതാവ് ചന്തയിലേക്ക് പോയപ്പോൾ ഞാനും കൂട്ടത്തിൽ പോയി. മത്സ്യം വാങ്ങിയ ശേഷം അത് വീട്ടിലേക്ക് കൊണ്ടുപോകുന്നതിന് കൂലിക്കാരനെ അന്വേഷിച്ചു. അപ്പോൾ സമീപത്തുതന്നെ നിന്നിരുന്ന ഒരു യുവാവ് 'മാമാ, ഇതു കൊണ്ടുപോകുന്നതിന് കൂലിക്കാരനെ ആവശ്യമുണ്ടോ?' എന്ന് ചോദിച്ചു. 'ആവശ്യമുണ്ട്' എന്നു പിതാവ് പറഞ്ഞതനുസരിച്ച് അയാൾ അതു തലയിലെടുത്തുകൊണ്ട് ഞങ്ങളുടെ കൂട്ടത്തിൽ നടന്നു.

വഴിയിൽ വെച്ച് ബാങ്കിന്റെ ശബ്ദം കേട്ടപ്പോൾ അദ്ദേഹം 'അല്ലാഹുവിലേക്ക് വിളിക്കുന്നവൻ വിളിച്ചുകഴിഞ്ഞു. എനിക്ക് വുളു എടുക്കേണ്ടതുമുണ്ട്. ഇനി നമസ്ക്കാരത്തിനുശേഷമേ ഇതു കൊണ്ടുവരാൻ കഴിയുകയുള്ളു. അതു നിങ്ങൾക്ക് ഇഷ്ടമെങ്കിൽ എന്നെ പ്രതീക്ഷിക്കുക. ഇല്ലെങ്കിൽ ഇതാ നിങ്ങളുടെ മത്സ്യം ഏറ്റുകൊള്ളുക' എന്നു പറഞ്ഞുകൊണ്ട് അതു അവിടെത്തന്നെ വച്ചിട്ട് പൊയ്ക്കളഞ്ഞു. ഈ കൂലിക്കാരനായ കുട്ടി ഇപ്രകാരം ചെയ്തപ്പോൾ 'അല്ലാഹുവിലേക്ക് ഭരമേൽപിക്കാൻ നാം ഏറ്റവും കടമപ്പെട്ടവരാണല്ലോ' എന്നു പറഞ്ഞുകൊണ്ട് ആ മത്സ്യം വെളിയിൽത്തന്നെ വച്ചിട്ട് പിതാവും പള്ളിയിലേയ്ക്ക് നടന്നു. ഞങ്ങൾ എല്ലാവരും നമസ്ക്കാരം കഴിഞ്ഞുവന്നപ്പോൾ ആ മത്സ്യം അവിടെത്തന്നെ ഇരുന്നിരുന്നു. ആ കുട്ടി വീണ്ടും മത്സ്യം എടുത്തു വീട്ടിൽ എത്തിച്ചു. വീട്ടിൽ ചെന്നപ്പോൾ പിതാവ് ഈ അത്ഭുതസംഭവം മാതാവിനോടു പറഞ്ഞു കേൾപ്പിച്ചു. അപ്പോൾ അവർ പറഞ്ഞു: 'അയാളെ ഇവിടെ നിർത്തുക! ഇതു പാചകം ചെയ്തു അത് അയാളും തിന്നുകൊണ്ടു പോകട്ടെ.' പിതാവ് അപ്രകാരം ആവശ്യപ്പെട്ടപ്പോൾ 'എനിക്ക് നോമ്പാണ്' എന്നു അദ്ദേഹം മറുപടിപറഞ്ഞു. എന്നാൽ 'ഇവിടെ നോമ്പു തുറക്കണം' എന്നു പിതാവ് അദ്ദേഹത്തോട് നിർബന്ധിച്ചപ്പോൾ പോയിട്ട് തിരിച്ചുവരാൻ സാധ്യമല്ല. സമീപത്തുള്ള പള്ളിയിൽതന്നെ ഇരുന്ന് വൈകുന്നേരം നിങ്ങളുടെ ക്ഷണം സ്വീകരിച്ചുകൊണ്ട് പൊയ്ക്കൊള്ളാം' എന്നു പറഞ്ഞു. അടുത്ത പള്ളിയിൽ പോയി വൈകുന്നേരം മഗ്‌രിബു നമസ്കാരത്തിനു ശേഷം വന്ന് ആഹാരം കഴിച്ചു. അനന്തരം അദ്ദേഹത്തിന് ഉറങ്ങുന്നതിനായി ഒഴിവായ ഒരു മുറി കൊടുത്തു.

ഞങ്ങളുടെ അടുത്ത് തളർവാതം പിടിച്ച ഒരു സ്ത്രീ താമസിച്ചിരുന്നു. അവൾ പരിപൂർണ സുഖം പ്രാപിച്ച് ആരോഗ്യത്തോടുകൂടി നടക്കുന്നത് കണ്ടപ്പോൾ ഞങ്ങൾ അത്ഭുതത്തോടെ അതിന്റെ കാരണം അവളോട് ആരാഞ്ഞു. അവൾ പറഞ്ഞു: 'ഞാൻ ആ അതിഥിയുടെ പേരിൽ അല്ലാഹുവിനോട് ഇപ്രകാരം ദുആ ചെയ്തു. അല്ലാഹുവേ! ഇദ്ദേഹത്തിന്റെ ബറക്കത്തുകൊണ്ട് എനിക്കു സുഖം നൽകേണമേ. എനിക്ക് ഉടൻതന്നെ പരിപൂർണ സുഖം കിട്ടി. പിന്നീട് ആ മുറിയിലേയ്ക്ക് അദ്ദേഹത്തെ നോക്കാനായി ഞങ്ങൾ പോയപ്പോൾ മുറിയുടെ വാതിൽ അടച്ചിട്ടിരുന്നു. അദ്ദേഹത്തെ അവിടെങ്ങും ഞങ്ങൾ കണ്ടില്ല. പിന്നീട് ആ കൂലിക്കാരനെപ്പറ്റി യാതൊരു അറിവും ഉണ്ടായതുമില്ല" (നമസ്കാരത്തിന്റെ മഹത്ത്വങ്ങൾ, പേജ് 102,103).

## ശിർക്ക് കലർന്ന പ്രവാചക സ്നേഹം

പ്രവാചകസ്നേഹം സത്യവിശ്വാസത്തിന്റെ ഭാഗമാണ്. പ്രവാചകനെ സ്നേഹിക്കാത്തവന് ഇസ്‌ലാമിൽ യാതൊരു സ്ഥാനവുമില്ല. പ്രവാചകനെ സ്നേഹിക്കാതെ ഒരാൾക്കും സ്വർഗത്തിൽ പ്രവേശിക്കുവാൻ സാധ്യമല്ല.

എങ്ങനെ പ്രവാചകനെ സ്നേഹിക്കണം? പ്രവാചകന്റെ ജന്മദിനം ആഘോഷിക്കുക, ആ ദിവസത്തിൽഅദ്ദേഹത്തിന്റെ മദ്ഹ് പറയുക, അന്നദാനം നടത്തുക, പ്രവാചകനെ നേരിട്ടു വിളിച്ചുപ്രാർഥിക്കുക... ഇതൊക്കെയാണോ ഇസ്‌ലാം പഠിപ്പിക്കുന്ന പ്രവാചകസ്നേഹം? ഒരിക്കലുമല്ല! നബിﷺയുടെ സുന്നത്ത് (നബിചര്യ) പിൻപറ്റുന്നതിലൂടെ പ്രവാചകനെ സ്ഹേിക്കുവാനാണ് മതം അനുശാസിക്കുന്നത്. അപ്രകാരമാണ് സ്വഹാബത്ത് ചെയ്തത്.

എന്നാൽ ഇന്ന് നമ്മുടെ നാട്ടിൽ പ്രവാചക സ്നേഹത്തിന്റെ മറവിൽ പ്രവാചകൻ പഠിപ്പിക്കാത്ത ഒരുപാട് അനാചാരങ്ങൾ നടന്നുവരുന്നു. നബിﷺയോട് നേർക്കുനേരെ പ്രാർഥിക്കുന്ന വരികൾ ഉൾപ്പെടുന്ന മാലകളും മൗലീദുകളും ഗദ്യപദ്യങ്ങളും നിലവിലുണ്ട്. നബിﷺയോടുള്ള പ്രാർഥനകൾ ഉൾക്കൊള്ളുന്ന വരികളാണ് തബ്‌ലീ

ഗുകാർ ആദരിക്കുന്ന 'സ്വലാത്തിന്റെ മഹത്ത്വങ്ങൾ' എന്ന പുസ്തകത്തിന്റെ അവസാനഭാഗത്ത് കാണാൻ സാധിക്കുന്നത്.

മൗലാനാ ജാമീ അവർകളുടെ 30 വരിയിലേറെയുള്ള ക്വസീദയിലെ ചില വരികൾക്ക് മൂസാ മൗലാനാ കാഞ്ഞാർ നൽകിയ പരിഭാഷ ഇവിടെ പകർത്തട്ടെ:

'നബിയുടെ വിരഹ ദുഃഖത്താൽ ഞങ്ങൾ മൊത്തം കഷ്ടത്തിൽ

കരുണക്കടലാം നബിയുല്ലാ, കരുണചെയ്യുക ഞങ്ങൾക്ക്

ആശ്രിതരായവർ ഞങ്ങൾക്ക് ഹൃദയ വെളിച്ചം തരണമേ

കരുണ ചൊരിയണേ നബിയുല്ലാ

ഞങ്ങൾ ദുർബലരാണല്ലോ, ഞങ്ങളുടെ കൈകളെ പിടിച്ചാലും

അനാഥകളാകും ഞങ്ങൾക്ക് അഭയം നൽകുക നബിയുല്ലാ

തന്നിഷ്ടത്താൽ കുഴഞ്ഞവനായി സ്വയം പുകഴ്ത്തി വളഞ്ഞവനായി

അനാഥനായി വരുന്നൊരു ദാസന് മാപ്പ് നൽകുക നബിയുല്ലാ

മൂസാ മൗലാനാ എന്നിവർക്ക് ദുആ ചെയ്യണേ നബിയുല്ലാ

ഈ സ്തുതി ഗീതം രചിച്ച ശേഷം ഇതിന്റെ കർത്താവ് ഹജ്ജിന് വേണ്ടി വന്നപ്പോൾ അദ്ദേഹത്തിന്റെ വിചാരം നബിﷺയുടെ ക്വബ്റിന്നരികിൽ നിന്ന് ഈ ബൈത്ത് ചൊല്ലണമെന്നായിരുന്നുവത്രെ. പക്ഷേ, മക്കയിലെ അമീറിന് നബിﷺ സ്വപ്നത്തിൽ പ്രത്യക്ഷപ്പെട്ട് ജാമി അവർകളെ മദീനയിലേക്ക് വരാൻ അനുവദിക്കരുതെന്ന് പറഞ്ഞുവത്രെ. അതിനു റസൂൽﷺ പറഞ്ഞ കാരണമിതാണ്: 'അദ്ദേഹം ചില പദ്യങ്ങൾ രചിച്ചിട്ടുണ്ട്. അത് എന്റെ ക്വബ്റിന്റെയടുക്കൽ വന്ന് ചൊല്ലാൻ വിചാരിക്കുന്നു. അങ്ങനെ അദ്ദേഹം ചെയ്താൽ ഞാൻ ക്വബ്റിൽനിന്നും കൈനീട്ടി അദ്ദേഹത്തെ മുസാഫഹത്ത് (ഹസ്തദാനം) ചെയ്യേണ്ടി വരും. അത് ചിന്താകുഴപ്പങ്ങൾക്ക് കാരണമാകും.'

ഈ സ്വപ്നക്കഥയും സക്കരിയ്യാ സാഹിബ് തന്റെ ഗ്രന്ഥത്തിൽ എഴുതിയിട്ടുണ്ട്.

അല്ലാഹുവിനോട് മാത്രം പ്രാർഥിക്കണമെന്ന് പഠിപ്പിച്ച നബിﷺയുടെ അനുയായികൾ പ്രവാചക സ്നേഹത്തിന്റെ പേരിൽ അദ്ദേഹത്തെതന്നെ വിളിച്ചു പ്രാർഥിക്കുന്നു. ഇബ്റാഹീം നബിعليه السلامയുടെ ബിംബത്തോട് പ്രാർഥിക്കുന്ന അബൂജഹലും നബിﷺയുടെ ക്വബ്റിങ്കൽ പോയി അവിടുത്തോട് പ്രാർഥിക്കുന്ന അബ്ദുല്ലയും ചെയ്യുന്ന പ്രവൃത്തികൾ തമ്മിൽ എന്ത് വ്യത്യാസം? പ്രാർഥിക്കുന്ന രണ്ടു പേരുടെയും മനോഗതം ഒന്നുതന്നെ!

'എന്റെ ക്വബ്റിനെ ആരാധിക്കപ്പെടുന്ന ബിംബമാക്കി മാറ്റല്ലേ' (മുവത്വ 186) എന്ന് പ്രാർഥിച്ച നബിﷺയുടെ അനുയായികളാണ് തങ്ങളെന്ന കാര്യം തബ്ലീഗുകാർ ഓർക്കുന്നത് നന്ന്.

'സ്വലാത്തിന്റെ മഹത്ത്വങ്ങൾ' എന്ന പുസ്തകത്തിന്റെ അവസാന ഭാഗത്ത് നബിയോട് പ്രാർഥിക്കുന്ന സ്തുതിഗീതങ്ങൾ യാദൃച്ഛികമായി പെട്ടുപോയതാകില്ലല്ലോ, കരുതിക്കൂട്ടി ഉൾപ്പെടുത്തിയതാകുമല്ലോ.തബ്ലീഗ് പ്രവർത്തനത്തിന് കേരളത്തിൽ ചുക്കാൻ പിടിച്ചിരുന്ന കാഞ്ഞാർ മൂസാ മൗലാനാ അവർകളാണ് ഈ പുസ്തകത്തിന്റെ പരിഭാഷകൻ.

പ്രവാചക സ്നേഹത്തിൽ അതിരുകവിഞ്ഞതാണ് ജൂത, ക്രിസ്ത്യാനികളെ വഴികേടിലാക്കിയത്. ക്രിസ്ത്യാനികൾ ഈസാ നബിعليه السلامയെ ആദരിച്ച് ദൈവപുത്രനായി ആരാധിക്കുന്ന അവസ്ഥയിലേക്കെത്തി. അതുകൊണ്ടാണ് നബിﷺ മുന്നറിയിപ്പ് നൽകിയത്: 'ക്രിസ്ത്യാനികൾ ഈസബ്നു മർയമിനെ പുകഴ്ത്തിയതുപോലെ നിങ്ങൾ എന്നെ പുകഴ്ത്തരുത്. ഞാൻ അല്ലാഹുവിന്റെ അടിമയും അവന്റെ ദൂതനും മാത്രമാകുന്നു.'

## അദൃശ്യകാര്യം സൂഫികൾ

അദൃശ്യകാര്യ(ഗൈബ്)വുമായി ബന്ധപ്പെട്ട് സൂഫികൾ വെച്ചുപുലർത്തുന്ന തെറ്റായ വിശ്വാസങ്ങൾ തബ്ലീഗ് ജമാഅത്തും കൊണ്ടുനടക്കുന്നതായി കാണാം. സകരിയ്യ സാഹിബിന്റെ 'ഫളാഇലെ തബ്ലീഗ് നിസാബ്' എന്ന ഗ്രന്ഥത്തിന്റെ 576 മുതലുള്ള പേജുകൾ പഠന വിധേയമാക്കിയാൽ ഇതിന്റെ ഗൗരവം മനസ്സിലാക്കാൻ പറ്റും.

ഇൽമുൽ ഗൈബ് (മറഞ്ഞ കാര്യങ്ങൾ അറിയൽ) അല്ലാഹുവിന്റെ മാത്രം കഴിവിൽ പെട്ടതാണ്. അവനല്ലാതെ ആകാശഭൂമികളിൽ ആർക്കും ഗൈബ് അറിയില്ലെന്ന് ക്വുർആൻ ആവർത്തിച്ചു പറയുന്നുണ്ട്. നബിമാർക്ക് പോലും അല്ലാഹു അറിയിച്ചുകൊടുത്താലല്ലാതെ യാതൊരു മറഞ്ഞ കാര്യവും അറിയില്ല. എന്നാൽ പിൽക്കാലത്ത് വന്ന ചില സൂഫികൾ മറ്റുള്ളവരുടെ മനസ്സിലുള്ളതും ക്വബ്റിൽ സംഭവിക്കുന്നതും പരലോകത്ത് നടക്കുന്നതുമൊക്കെ യഥേഷ്ടം അറിയുമത്രെ!

മറഞ്ഞ കാര്യം അല്ലാഹു അല്ലാത്തവർ അറിയും എന്ന് വിശ്വസിക്കുന്നത് ശിർക്കാണ്. കാരണം ഗൈബ് അറിയൽ അല്ലാഹുവിന്റെ മാത്രം വിശേഷണങ്ങളിൽ പെട്ടതാണ്. അല്ലാഹുവിന്റെ ഗുണവിശേഷണങ്ങൾ മാറ്റാർക്കെങ്കിലും ഉണ്ടെന്ന് വിശ്വസിച്ചാൽ അത് അവനിൽ പങ്കുചേർക്കലാണ് (ശിർക്കാണ്) എന്നതിൽ സംശയമില്ല

അല്ലാഹു പറയുന്നു: "അവൻ അദൃശ്യവും ദൃശ്യവും അറിയുന്നവനാകുന്നു. അതിനാൽ അവൻ അവർ പങ്കുചേർക്കുന്നതിനെല്ലാം അതീതനായിരിക്കുന്നു" (23:92).

അല്ലാഹു പറയുന്നു: "നബിയേ, പറയുക: എന്റെ സ്വന്തം ദേഹത്തിനുതന്നെ ഉപകാരമോ ഉപദ്രവമോ വരുത്തൽ എന്റെ അധീനത്തിൽപെട്ടതല്ല; അല്ലാഹു ഉദ്ദേശിച്ചതൊഴികെ. എനിക്ക് അദൃശ്യമറിയുമായിരുന്നെങ്കിൽ ഞാൻ ധാരാളം ഗുണം നേടിയെടുക്കുമായിരുന്നു. തിന്മ എന്നെ ബാധിക്കുകയുമില്ലായിരുന്നു. ഞാനൊരു താക്കീതുകാരനും വിശ്വസിക്കുന്ന ജനങ്ങൾക്ക് സന്തോഷമറിയിക്കുന്നവനും മാത്രമാണ്" (7:188).

ഹസ്റത് അഖ്ദസ് മൗലാനാ ഖലീൽ അഹ്മദ് സാഹിബിന്റെ (നവ്വറല്ലാഹു മർഖദഹു) ജീവ ചരിത്രമായ തദ്കിറത്തുൽ ഖലീലിൽ മൗലാനാ ളഫർ അഅ്മദ് സാഹിബ് പറഞ്ഞതായി എഴുതിയിരിക്കുന്നു: 'ഹസ്റത് (റ:അ) തന്റെ അഞ്ചാമത്തെ ഹജ്ജിൽ മസ്ജിദുൽ ഹറാമിൽ ഖുദൂമിന്റെ ത്വവാഫിനായി എത്തി. അപ്പോൾ ഈ സാധു ഹസ്റത് മൗലാനാ ഇമ്ദാദുല്ലാഹ് സാഹിബ് മുഹാജിർ മക്കിയ്യ് നവ്വറല്ലാഹു മർഖദഹുവിന്റെ പ്രധാന ഖലീഫയും സുപ്രസിദ്ധ സാഹിബുൽകശ്ഫു (സാധാരണക്കാർക്ക് അദൃശ്യമായ ചില കാര്യങ്ങൾ അറിയുന്നവൻ)മായ മൗലാനാ മൂഹിബുദ്ദീൻ സാഹിബിന്റെ (റഹ്:അ) അടുക്കൽ ഇരിക്കുകയായിരുന്നു. അന്നേരം മൗലാനാ സലാത്ത് കിതാബ് നിവർത്തി തന്റെ വിർദ് ഒതിക്കൊണ്ടിരുന്നു. പെട്ടന്ന് എന്റെ നേരെ തിരിഞ്ഞ് 'ഇപ്പോൾ ഹറമിൽ ആരാണ് വന്നത്? ഹറം മുഴുവൻ പ്രകാശം കൊണ്ട് പെട്ടന്ന് നിറഞ്ഞുപോയല്ലോ' എന്നു പറഞ്ഞു. ഞാൻ ഒന്നും മിണ്ടാതിരുന്നു. അപ്പോഴേക്കും ഹസ്റത് (റഹ്:അ) ത്വവാഫ് കഴിഞ്ഞ് മൗലാനയുടെ അടുക്കൽകൂടി കടന്നുപോയി. മൗലാനാ എഴുന്നേൽക്കുകയും ചിരിച്ചുകൊണ്ട് 'ഹറമിൽ ഇന്ന് ആരാണ് വന്നതെന്ന് ഞാൻ തന്നെ പറയാം' എന്ന് പറയുകയും ചെയ്തു.

സകരിയ്യ സാഹിബിന്റെ കിതാബിലെ മഹാന്മാരെക്കുറിച്ചുള്ള കഥകളുടെ ഒരു സാമ്പിളാണ് ഈ ഉദ്ധരണി. ഈ കഥയിൽ മൗലാനയെക്കുറിച്ച് 'സാഹിബുൽ കശ്ഫ്' എന്നാണ് പരിചയപ്പെടുത്തിയിരിക്കുന്നത്. 'സാഹിബുൽ കശ്ഫ്' എന്നാൽ സാധാരണക്കാർക്ക് അദൃശ്യമായ ചില കാര്യങ്ങൾ അറിയുന്നവൻ എന്നാണ് ബ്രാക്കറ്റിലൂടെ നിർവചിക്കപ്പെട്ടിരിക്കുന്നത്. മാത്രമല്ല ഒരു ഹസ്റത്ത് ഹറമിൽ വന്നപ്പോൾ ഹറം പ്രകാശംകൊണ്ട് നിറഞ്ഞുവെന്നും അത് മറ്റൊരു ഹസ്രത്തിന് മനസ്സിലായി എന്നും എഴുതിയിരിക്കുന്നത്.

സൂഫിയാക്കൾക്ക് മാത്രമായിട്ടുള്ള ഒരു വിശേഷണമായിട്ടാണ് സകരിയ്യ സാഹിബ് കശ്ഫിനെ പരിചയപ്പെടുത്തുന്നത്. എന്നാൽ ക്വുർആനിലോ, ഹദീസിലോ ഇതിന് യാതൊരു തെളിവുമില്ല. അല്ലാഹു വഹ്യിലൂടെ ബന്ധപ്പെട്ടിരുന്ന നബിമാർക്ക് മാത്രമേ മറ്റുള്ളവർക്ക് ലഭിക്കാത്ത അറിവ് ലഭിക്കുകയുള്ളൂ. ഇതല്ലാത്ത മറ്റു യാതൊരു വെളിപാടും ആർക്കെങ്കിലും ലഭിക്കുമെന്ന് ക്വുർആനിലോ, നബിവചനങ്ങളിലോ ഇല്ല. നബിﷺയുടെ കൂടെ ജീവിച്ച ഉത്തമരായ സ്വാഹാബികൾക്ക് പോലും ഇത്തരം വെളിപാടുകൾ ഉണ്ടായതായി സ്വഹീഹായ പറമ്പരയോടെ ഉദ്ധരിക്കപ്പെട്ടിട്ടില്ല.

അല്ലാഹു പറയുന്നു: "അല്ലാഹു അദൃശ്യജ്ഞാനമുള്ളവനത്രെ. അവൻ തന്റെ അദൃശ്യത്തെ ആർക്കും വെളിപ്പെടുത്തിക്കൊടുക്കുന്നതല്ല; അവൻ ഇഷ്ടപ്പെട്ട റസൂലിനൊഴികെ" (72:26,27).

എന്നിട്ടും സൂഫികൾക്ക് അദൃശ്യകാര്യങ്ങൾ വെളിപാടിലൂടെ അറിയുമെന്നും അവരുടെ ശരീരത്തിൽ നിന്നും പ്രത്യേകം പ്രകാശം പ്രസരിക്കുമെന്നും മറ്റു സൂഫികൾക്ക് മാത്രമെ അത് മനസ്സിലാകുകയുള്ളൂ എന്നുമൊക്കെ സക്കരിയ്യ സാഹിബ് എഴുതിവെച്ചിട്ടുണ്ട്. അല്ലാഹുവിന്റെ റസൂലിനോ, സ്വഹാബികൾക്കോ ഭൗതിക ലോകത്ത് ഇങ്ങനെ ഒരു പ്രകാശം ഉണ്ടായതായോ ഹറമിൽ അത് പരന്നതായോ സ്വഹീഹായ ഒരു ഹദീസും ഇല്ല. പ്രകാശം കൊണ്ട് പടക്കപ്പെട്ടത് മലക്കുകളാണെന്ന് ഏതൊരു സാധാരണക്കാർക്കുമറിയാം. സൂഫികൾ മലക്കുകളെപോലെ ഉന്നതരാണെന്ന് വരുത്തിത്തീർക്കലാണ് ഇവരുടെ ലക്ഷ്യം.

**(തുടരും)**

താജുദ്ദീൻ സ്വലാഹി വെട്ടത്തൂർ
thajudheenswalahi@gmail.com

കവർ സ്റ്റോറി




# ഹദീഥ് നിഷേധത്തിന്റെ അപകടങ്ങൾ

**ഇസ്‌ലാമിക പ്രമാണങ്ങളിൽ രണ്ടാമത്തേതാണ് ഹദീഥ്. എന്നാൽ ഹദീഥുകൾ പ്രമാണങ്ങളല്ലെന്നും ക്വുർആനിന് മാത്രമെ ആ സ്ഥാനം അവകാശപ്പെടാൻ കഴിയുകയുള്ളൂ എന്നുമാണ് ചിലർ വാദിച്ചുകൊണ്ടിരിക്കുന്നത്. ഫലത്തിൽ, സൂക്ഷ്മതയുടെ പേര് പറഞ്ഞ് ഇസ്‌ലാം വിമർശകരുടെ വാദം നെഞ്ചേറ്റുകയാണ് ഇത്തരക്കാർ ചെയ്തുകൊണ്ടിരിക്കുന്നത്.**

മിഖ്ദാദ്ﷺ നിവേദനം: "അറിഞ്ഞുകൊള്ളുക, എനിക്ക് ക്വുർആനും അതുപോലുള്ള മറ്റൊന്നും നൽകപ്പെട്ടിരിക്കുന്നു. (ഭാവിയിൽ) ഒരുത്തൻ വയറു നിറച്ച്, ചാരുകസേരയിൽ ഇരുന്ന് പറയും: "നിങ്ങൾ ക്വുർആൻ മുറുകെപ്പിടിക്കുക. അതിലുള്ള ഹലാലുകൾ ഹലാലായിക്കാണുക, അതിലുള്ള ഹറാമുകൾ ഹറാമായി മനസ്സിലാക്കുക." നിങ്ങൾ അറിയണം, അല്ലാഹുവിന്റെ ദൂതൻ ഹറാമാക്കിയത് അല്ലാഹു ഹറാമാക്കിയതിനു തുല്യമാണ്" (അബൂദാവൂദ്).

ഇത് അന്തിമ പ്രവാചകൻﷺയുടെ ഒരു പ്രവചനം...! ഇസ്‌ലാമിക പ്രമാണങ്ങളിൽ തുല്യ പ്രാമാണികതയും എന്നാൽ പദവിയിൽ രണ്ടാം സ്ഥാനത്തും നിൽക്കുന്ന ഹദീഥുകളുടെ പ്രാമാണികതയും പ്രാധാന്യവും നിഷേധിക്കുന്ന ചിലരെക്കുറിച്ചുള്ള മുന്നറിയിപ്പാണിത്.

പ്രവാചക വചനങ്ങൾ പിഴക്കില്ല. ഹദീഥിനെ നിഷേധിക്കുന്ന ഒരു വിഭാഗം ഇവിടെ ഉണ്ടാവില്ലേ? പ്രവാചക വചനം വ്യക്തമായി പഠിപ്പിക്കുന്നത് ഹദീഥ് നിഷേധം കടന്നുവരുമെന്നാണ്. എങ്കിൽ, ഞാനോ ഞാൻ ഇഷ്ടപ്പെടുന്നവരോ എനിക്ക് അനുഭാവമുള്ള സംഘടനയോ ഇത്തരം പ്രവണതകളുടെ ഭാഗമാണോ എന്ന് നാം പരിശോധിക്കണം. ഇല്ലെങ്കിൽ അഭിമുഖീകരിക്കേണ്ടിവരുന്നത് തീരാനഷ്ടങ്ങളിലായിരിക്കും.

“തനിക്ക് സന്മാർഗം വ്യക്തമായിക്കഴിഞ്ഞശേഷവും ആരെങ്കിലും ദൈവദൂതനുമായി എതിർത്തു നിൽക്കുകയും, സത്യവിശ്വാസികളുടേതല്ലാത്ത മാർഗം പിന്തുടരുകയും ചെയ്യുന്നപക്ഷം അവൻ തിരിഞ്ഞ വഴിക്കുതന്നെ നാം അവനെ തിരിച്ചുവിടുന്നതും നരകത്തിലിട്ട് നാമവനെ കരിക്കുന്നതുമാണ്. അതത്രെ മോശമായ പര്യവസാനം!” (ക്വുർആൻ 4:115).

അതിനാൽ, ഈ ലേഖനം ഗൗരവ പൂർവം ചിന്തകൾക്കും പഠനത്തിനും വിധേയമാക്കുക.

നബിവചനങ്ങൾ വഹ്‌യാണ് എന്ന കാര്യം നാം മനസ്സിലാക്കണം. ഹദീഥ് ഇല്ലാതെ ക്വുർആൻ സ്വീകരിക്കൽ അസാധ്യമാണെന്നും ഹദീഥ് നിഷേധിക്കപ്പെടുന്നതു വഴി നിരാകരിക്കപ്പെടുന്നത് ക്വുർആൻ കൂടിയാണ് എന്നും നാം മനസ്സിലാക്കാതിരുന്നാൽ വലിയ വിപത്തിലായിതിക്കും നാം ചെന്നുചാടുന്നത്.

### 1. ആരാധന

നമസ്‌കാരം, നോമ്പ്, ഹജ്ജ്, സകാത്ത് തുടങ്ങി വിവിധ ആരാധനകൾ നിർവഹിക്കാനുള്ള നിർദേശങ്ങൾ മാത്രമാണ് ക്വുർആൻ നൽകുന്നത്. എന്നാൽ, അതിന്റെ വിശദാംശങ്ങൾ ഉൾക്കൊള്ളുന്നത് ഹദീഥുകളിലാണ്. “നിങ്ങൾ റുകൂഅ് ചെയ്യുക” എന്നു മാത്രമാണ് ക്വുർആൻ കൽപിക്കുന്നത്. ‘റകഅ’ എന്ന വാക്കിന് വളഞ്ഞുനിൽക്കുക എന്നാണ് ഭാഷാപരമായ അർഥം. എന്നാൽ, കൈകൾ രണ്ടും മുട്ടിലൂന്നി, തലയും പിരടിയും ക്രമീകരിച്ചുകൊണ്ടുള്ള റുകൂഇന്റെ രൂപം, അത് ക്വുർആൻ അല്ലാത്ത മറ്റു വഹ്‌യുകൾ മുഖേനയാണ് വിശദീകരിക്കപ്പെട്ടത്.

ഇതുപോലെ ഓരോ ആരാധനയുടെയും രൂപം, രീതി, പ്രാർഥനകൾ തുടങ്ങിയവ ഹദീഥുകളിലൂടെയാണ് പഠിപ്പിക്കപ്പെടുന്നത്. അപ്പോൾ, ക്വുർആൻ ചുരുക്കി മാത്രം വിവരിച്ച കാര്യങ്ങൾ വിശദമാക്കാൻ ഹദീഥുകൾ അനിവാര്യമാണ് എന്നു വ്യക്തം.

### 2. ശിക്ഷാ നിയമങ്ങൾ

മോഷണം നടത്തിവരുടെ കൈ മുറിക്കണം എന്നാണ് ക്വുർആൻ നിർദേശിക്കുന്നത്. ഏതു കൈ മുറിക്കണം? എങ്ങനെ മുറിക്കണം? ഇതെല്ലാം വിവരിക്കുന്നത് പ്രവാചകൻﷺയുടെ ഹദീഥുകളിലാണ്.

വിവാഹിതനായ ഒരാൾ വ്യഭിചരിച്ചാൽ അയാളെ എറിഞ്ഞുകൊല്ലണം എന്ന നിയമം വിശുദ്ധ ക്വുർആനിൽ കാണില്ല. അത് ഹദീഥുകളിൽ സ്ഥിരപ്പെട്ടിട്ടുണ്ട്. ഇസ്‌ലാമിക ശിക്ഷാനിയമങ്ങളിലെ പലകാര്യങ്ങളും ഹദീഥുകൾ കൂടി സ്വീകരിക്കുമ്പോൾ മാത്രമാണ് പൂർണമാകുന്നത് എന്നർഥം.

### 3. ക്വുർആനിലെ ചില വാക്കുകളുടെ വ്യാഖ്യാനം

ക്വുർആൻ അറബിയിൽ അവതരിച്ചിട്ടും, പ്രഥമ അഭിസംബോധിതർ അറബികളായിട്ടും നബിﷺ ഭാഷ പോലും വിശദീകരിക്കേണ്ട സന്ദർഭങ്ങളുണ്ടായിട്ടുണ്ട്. ചില ഉദാഹരണങ്ങൾ:

“വിശ്വസിക്കുകയും തങ്ങളുടെ വിശ്വാസത്തിൽ അന്യായം കൂട്ടിക്കലർ

> **‘അൽയക്വീൻ’ എന്നതിന് നൽകാവുന്ന മലയാള പരിഭാഷ ‘ഉറപ്പ്’ എന്നാണ്. അപ്പോൾ, അല്ലാഹു ഉണ്ടെന്ന് ഒരാൾക്ക് ഉറപ്പായാൽ ആരാധന നിർത്താം എന്നാണോ? ഒരിക്കലുമല്ല..! ഇവിടെ ‘യക്വീനി’ന് നൽകപ്പെട്ട അർഥം ‘മരണം’ എന്നാണ്. അറബിയിലുള്ള ഈ വാക്ക് അതിന്റെ ഭാഷാർഥം മാത്രം നോക്കിയാൽ മതിയാവില്ലെന്ന് ഇതിൽനിന്നു നമുക്കു മനസ്സിലാക്കാം. മറിച്ച്, അല്ലാഹു ഇതിനു നൽകിയ വിവക്ഷ മറ്റൊരു വഹ്‌യിലൂടെ അവൻ തന്റെ ദൂതനെ അറിയിച്ചു. ചുരുക്കത്തിൽ, ക്വുർആനും സുന്നത്തും ഒരുമിച്ചേ ഒരു വിശ്വാസിക്ക് സ്വീകരിക്കാൻ സാധിക്കുകയുള്ളൂ.**

ത്താതിരിക്കുകയും ചെയ്തവരാരോ അവർക്കാണ് നിർഭയത്വമുള്ളത്. അവർ തന്നെയാണ് നേർമാർഗം പ്രാപിച്ചവർ" (6:82).

ഈ ആയത്തിൽ പറഞ്ഞ 'ദ്വുൽമി'ന് 'അന്യായം' അല്ലെങ്കിൽ 'അക്രമം' എന്നാണർഥം. എന്നാൽ ഇതുകൊണ്ടുദ്ദേശിക്കുന്നത് ശിർക്കാണ് എന്നതാണ് ഹദീഥിലുള്ളത്.

അതെ, ആയത്താകുന്ന ഈ ദിവ്യബോധനം ഇറക്കിയ രക്ഷിതാവ് അതേ ആയത്തിലെ ഒരു വാക്കിന്റെ അർഥം വിവരിക്കാൻ പുണ്യ പ്രവാചകന് മറ്റൊരു വഹ്‌യ് കൂടി നൽകി എന്നർഥം. പല കപട ആത്മീയ ഗുരുക്കളും ഇസ്‌ലാം നിർബന്ധമാക്കിയ നമസ്‌കാരം നിർവഹിക്കാറില്ല. അതിന് അവർ ദുർവ്യാഖ്യാനിച്ച് ഉപയോഗിക്കുന്ന വചനമാണ് "ഉറപ്പായ കാര്യം നിനക്കു വന്നെത്തുന്നതുവരെ നീ നിന്റെ രക്ഷിതാവിനെ ആരാധിക്കുകയും ചെയ്യുക" (16:99) എന്ന ആയത്ത്.

'അൽയക്വീൻ' എന്നതിന് നൽകാവുന്ന മലയാള പരിഭാഷ 'ഉറപ്പ്' എന്നാണ്. അപ്പോൾ, അല്ലാഹു ഉണ്ടെന്ന് ഒരാൾക്ക് ഉറപ്പായാൽ ആരാധന നിർത്താം എന്നാണോ? ഒരിക്കലുമല്ല..! ഇവിടെ 'യക്വീനി'ന് നൽകപ്പെട്ട അർഥം 'മരണം' എന്നാണ്. അറബിയിലുള്ള ഈ വാക്ക് അതിന്റെ ഭാഷാർഥം മാത്രം നോക്കിയാൽ മതിയാവില്ലെന്ന് ഇതിൽനിന്നു നമുക്കു മനസ്സിലാക്കാം. മറിച്ച്, അല്ലാഹു ഇതിനു നൽകിയ വിവക്ഷ മറ്റൊരു വഹ്‌യിലൂടെ അവൻ തന്റെ ദൂതനെ അറിയിച്ചു. ചുരുക്കത്തിൽ, ക്വുർആനും സുന്നത്തും ഒരുമിച്ചേ ഒരു വിശ്വാസിക്ക് സ്വീകരിക്കാൻ സാധിക്കുകയുള്ളൂ.

ചില മനുഷ്യരുണ്ട്. മതരംഗത്ത് അവർ ഏറെ സൂക്ഷ്മത പാലിക്കും. മതത്തിന്റെ പല വിഷയങ്ങളിലും അവർ കൃത്യമായ നിലപാട് സ്വീകരിക്കും.

എന്നാൽ, ഹദീഥ് വിജ്ഞാനീയങ്ങളുടെ കാര്യത്തിൽ അവരുടെ അറിവില്ലായ്മയും ചില പണ്ഡിതരോടുള്ള ആത്മബന്ധങ്ങളും അവരോടുള്ള അങ്ങേയറ്റത്തെ ഇഷ്ടവും അപകടകരമായ ചില അബദ്ധങ്ങളിൽ അവരെ എത്തിക്കും. അത്തരം അബദ്ധങ്ങൾ നമ്മെ ബാധിച്ചിട്ടുണ്ടോ എന്നു നാം പരിശോധിക്കേണ്ടതുണ്ട്. ചില നൂതന വാദങ്ങളും ഏതാനും നിഷേധങ്ങളും ഇവിടെ വിശകലന വിധേയമാക്കുന്നു:

### 1. ഖബർ വാഹിദ് വിശ്വാസ കാര്യങ്ങൾക്കു സ്വീകാര്യമല്ല എന്ന വാദം

ഇസ്‌ലാമിനെ തകർക്കാൻ ഇറങ്ങിത്തിരിച്ചവർ പ്രധാനമായും ആക്രമിച്ചത് നബിചര്യയെത്തന്നെയാണ്. സുന്നത്ത് പ്രമാണമല്ല എന്ന വാദം മുതൽ, ചില നിബന്ധനകളുടെ അടിസ്ഥാനത്തിൽ ഉള്ള നിഷേധങ്ങൾ വരെ ഇതിൽ ഉൾപ്പെടുന്നു.

അതിലൊന്നാണ് ആഹാദായ ഹദീഥുകൾ അടിസ്ഥാനപ്പെടുത്തി വിശ്വാസ കാര്യങ്ങൾ സ്വീകരിക്കാൻ പാടില്ല എന്ന വാദം.

"വിശ്വാസ കാര്യങ്ങൾ സ്ഥിരപ്പെടുവാൻ ഇത്തരം ഹദീഥുകൾ(ഖബർ ആഹാദ്)ക്ക് സാധ്യമല്ലെന്നു ഹദീഥ് പണ്ഡിതന്മാർ ഏകോപിച്ച് പ്രഖ്യാപിക്കുന്നു" (ബുഖാരി പരിഭാഷ, അബ്ദുസ്സലാം സുല്ലമി).

വളരെ ഗുരുതരമായ പിഴവാണിത്. ഇതു മനസ്സിലാക്കാൻ എന്താണ് ആഹാദായ ഹദീഥുകൾ എന്ന് ആദ്യം താങ്കൾ പഠിക്കണം.

ഹദീഥിന് രണ്ടു ഭാഗങ്ങളുണ്ട്. ഒന്ന്, സനദ് അഥവാ നബിﷺ യിലേക്ക് എത്തുന്ന പരമ്പര.

രണ്ട്, മത്ന്. അഥവാ ഹദീഥിലെ പാഠഭാഗങ്ങൾ. സനദിലെ നിവേദകരുടെ എണ്ണം അടിസ്ഥാനമാക്കി

ഹദീസ് വിഭജിക്കപ്പെടുമ്പോൾ സനദിൽ ധാരാളം റിപ്പോർട്ടർമാരുള്ള ഹദീഥുകൾക്ക് 'മുതവാ



തിർ' എന്നും, ഇല്ലെങ്കിൽ 'ആഹാദ്' എന്നുമാണ് പറയുക.

ഒന്നുകൂടി വ്യക്തമായി പറയാം: സ്വഹാബികൾ, താബിഉകൾ, അവർക്കുശേഷമുള്ളവർ എന്നിങ്ങനെ ഹദീഥ് നിവേദനത്തിന് ഒരു തുടർ പരമ്പരയുണ്ട്. ഹദീഥ് നിദാനശാസ്ത്രത്തിൽ 'ത്വബക്വഃ' എന്നാണ് ഇതിനു പറയുക.

ഉദാഹരണം: ഹദീഥ് ഉദ്ധരിച്ചത് ഇമാം ബുഖാരി(റ)യാണ് എങ്കിൽ, അദ്ദേഹം മുതൽ നബിﷺ യിൽ നിന്നു കേട്ട സ്വഹാബി വരെ വിവിധ ത്വബക്വകൾ ഉണ്ടാകും.

ഈ ഓരോ ത്വബക്വയിലെയും നിരവധി ആളുകൾ കേൾക്കുക വഴി ആ കാര്യം കളവാണെന്നു പറയാൻ യാതൊരു സാധ്യതയും ഇല്ലാത്ത വിധം സ്ഥിരപ്പെട്ട ഏതാനും ഹദീഥുകൾ ഉണ്ട്. അതിനാണ് മുതവാതിർ എന്ന് മുസ്‌ലിം ലോകം പറയുന്നത്. അത് ഒരു ഗ്രന്ഥത്തിൽ ക്രോഡീകരിക്കാൻ കഴിയുംവിധം മാത്രമേയുള്ളൂ. എന്നാൽ തിരുനബിﷺ യാത്രയിലോ മറ്റു സന്ദർഭങ്ങളിലോ ആകുമ്പോൾ അദ്ദേഹം പറയുന്ന കാര്യം ശ്രവിച്ചത് ഒന്നോ രണ്ടോ ആളുകൾ മാത്രമാകാം. അത്തരം ഹദീഥുകൾ ആഹാദായ ഹദീഥുകളുടെ ഗണത്തിലാണ് ഉൾപ്പെടുന്നത്.

പ്രസ്തുത ഹദീഥുകൾ വിശ്വാസകാര്യങ്ങൾക്ക് അസ്വീകാര്യമാണെന്നു വന്നാൽ എത്രമാത്രം നബിവചനങ്ങൾ മാറ്റിനിർത്തേണ്ടിവരും!

മാത്രവുമല്ല, ഒരു ഹദീഥിന്റെ എല്ലാ ഘട്ടത്തിലും (ത്വബക്വഃ) നിരവധി റിപ്പോർട്ടർമാർ ഉണ്ടാവുകയും ഒരു ഘട്ടത്തിൽ മാത്രം ഒന്നോ രണ്ടോ മൂന്നോ വ്യക്തികൾ ആവുകയും ചെയ്താൽ പോലും ആ ഹദീഥ് ആഹാദായ ഹദീഥ് എന്ന അർഥത്തിലാണ് ഗണിക്കപ്പെടുന്നത്.

എങ്കിൽ, ആഹാദായ ഹദീഥ് വിശ്വാസ കാര്യങ്ങൾക്ക് സ്വീകാര്യമല്ല എന്ന വാദഗതി വഴി പുറത്തു നിർത്തേണ്ടിവരുന്നത് ലക്ഷക്കണക്കിനു ഹദീഥുകളും നൂറുക്കണക്കിന് വിശ്വാസകാര്യങ്ങളുമാണ്. ഇങ്ങനെ ചിന്തിക്കുമ്പോൾ മാത്രമാണ് ഈ വിഷയത്തിന്റെ ഗൗരവം മനസ്സിലാക്കാൻ സാധിക്കുക. പ്രവാചകൻﷺയുടെ ഒരു വാക്കിനോടുപോലും മുഖംതിരിഞ്ഞു നിൽക്കൽ വിശ്വാസിക്ക് അനുവദനീയമല്ല എന്ന കാര്യത്തിൽ നമുക്ക് അഭിപ്രായ വ്യത്യാസം ഇല്ലല്ലോ. എങ്കിൽ ഈ ഒരൊറ്റ നിലപാടു മൂലം ലക്ഷക്കണക്കിന് വചനങ്ങൾ മാറ്റിനിർത്തപ്പെടുമ്പോൾ...?

ക്വുർആൻ പറയുന്നു:"അല്ലാഹുവും അവന്റെ റസൂലും ഒരു കാര്യത്തിൽ തീരുമാനമെടുത്തു കഴിഞ്ഞാൽ സത്യവിശ്വാസിയായ ഒരു പുരുഷന്നാകട്ടെ സ്ത്രീക്കാകട്ടെ, തങ്ങളുടെ കാര്യത്തെ സംബന്ധിച്ച് സ്വതന്ത്രമായ അഭിപ്രായം ഉണ്ടായിരിക്കാവുന്നതല്ല. വല്ലവനും അല്ലാഹുവെയും അവന്റെ ദൂതനെയും ധിക്കരിക്കുന്നപക്ഷം അവൻ വ്യക്തമായ നിലയിൽ വഴിപിഴച്ചു പോയിരിക്കുന്നു"(33:36).

**“ആഹാദായ ഹദീഥ് വിശ്വാസ കാര്യങ്ങൾക്ക് സ്വീകാര്യമല്ല എന്ന വാദഗതി വഴി പുറത്തു നിർത്തേണ്ടിവരുന്നത് ലക്ഷക്കണക്കിനു ഹദീഥുകളും നൂറുക്കണക്കിന് വിശ്വാസകാര്യങ്ങളുമാണ്. ഇങ്ങനെ ചിന്തിക്കുമ്പോൾ മാത്രമാണ് ഈ വിഷയത്തിന്റെ ഗൗരവം മനസ്സിലാക്കാൻ സാധിക്കുക. പ്രവാചകൻ(സ്വ)യുടെ ഒരു വാക്കിനോടുപോലും മുഖംതിരിഞ്ഞു നിൽക്കൽ വിശ്വാസിക്ക് അനുവദനീയമല്ല എന്ന കാര്യത്തിൽ നമുക്ക് അഭിപ്രായ വ്യത്യാസം ഇല്ലല്ലോ. എങ്കിൽ ഈ ഒരൊറ്റ നിലപാടു മൂലം ലക്ഷക്കണക്കിന് വചനങ്ങൾ മാറ്റിനിർത്തപ്പെടുമ്പോൾ...?”**

### സലഫും ആഹാദും

ഖബറുൽ വാഹിദ് വേണ്ട എന്നത് ഒരു നൂതന വാദമാണ്. കാരണം, നബിﷺയുടെ സ്വഹാബികൾ ഒരാളുടെ നിവേദനങ്ങൾ തന്നെ സ്വീകരിച്ചിരുന്നു. അബ്ദുല്ലാഹിബ്നു ഉമർ(റ) പറയുന്നതു കാണുക: "ക്വുബയിലെ പള്ളിയിൽ ശാം ഭാഗത്തേക്ക് തിരിഞ്ഞു നമസ്കരിക്കുന്ന ആളുകളെ നോക്കി ഒരാൾ പറഞ്ഞു: 'ഇന്നലെ രാത്രി കഅ്ബയിലേക്ക് തിരിയാൻ നബിﷺക്ക് നിർദേശം വന്നിട്ടുണ്ട്. അതു കേട്ട ഉടനെ പള്ളിയിൽ നമസ്കരിച്ചുകൊണ്ടിരുന്നവർ കഅ്ബയിലേക്ക് തിരിഞ്ഞു നമസ്കരിച്ചുതുടങ്ങി" (ബുഖാരി).

ഇവിടെ, അവരെ ഈ കാര്യം അറിയിച്ചത് ഒരു വ്യക്തിയായിരുന്നു. എന്നാൽ അവർക്കിത് അസ്വീകാര്യമായി തോന്നിയില്ല. ചുരുക്കത്തിൽ, നബി വചനങ്ങൾ വഴി സ്വീകരിക്കപ്പെട്ട നൂറുക്കണക്കിന് മതവിധികൾ നിരാകരിക്കപ്പെടാനും ഇസ്‌ലാമിക ആദർശം അവ്യക്തതകളുടെ കേന്ദ്രമാക്കാനും മാത്രമേ ഇത് ഉപകരിക്കൂ.

**2. മുതവാതിറിനെയും തള്ളുന്നു**

വിശ്വാസ കാര്യങ്ങൾക്ക് മുതവാതിറേ സ്വീകരിക്കാവൂ എന്നൊക്കെ പറഞ്ഞവർ, രാത്രിയുടെ മൂന്നിലൊന്നാവുമ്പോൾ അല്ലാഹു ഒന്നാനാകാശത്തു വന്ന് അടിമകളുടെ ഇസ്തിഗ്ഫാറും പ്രാർഥനയും സ്വീകരിക്കുമെന്ന മുതവാതിറായ ഹദീഥ് തന്നെ തള്ളുകയാണ്!

സർവ മുസ്‌ലിംകൾക്കും അറിയാവുന്ന ഈ ഹദീഥ് ഒരു പണ്ഡിതൻ നിരാകരിക്കുന്നത് കാണുക: "രാത്രിയുടെ മൂന്നിലൊന്നിന്റെ അവസാനഭാഗം നിലനിൽക്കാത്ത ഒരു നിമിഷനേരം ഭൂമിയിൽ ഉണ്ടാവുകയില്ല. ഭൂമി പടിഞ്ഞാറു നിന്ന് കിഴക്കോട്ട് ചലിക്കുകയാണ്. ഒരു സ്ഥലത്ത് ഈ സമയം അവസാനിക്കുമ്പോൾത്തന്നെ മറ്റൊരു സ്ഥലത്ത് ഈ സമയം അനുഭവപ്പെടുന്നു. ഇരുപത്തിനാലു മണിക്കൂറും ഈ പ്രക്രിയ നടന്നുകൊണ്ടിരിക്കും. അപ്പോൾ ഇറക്കം (നുസൂൽ) എന്നതിന് ഇവർ നൽകുന്ന ബാഹ്യാർഥ പ്രകാരം സിംഹാസനത്തിൽ ആരോഹണം ചെയ്യാൻ അല്ലാഹുവിന് സമയം ഉണ്ടായിരിക്കയില്ല" (ശബാബ് 2009 ജൂലൈ 10).

അല്ലാഹുവിൽ ശരണം! എന്തുമാത്രം കടുത്ത വാക്കാണിത്! അല്ലാഹുവിന്റെ ഇറക്കം ഭൂമിയുടെ കറക്കം പറഞ്ഞ് നിഷേധിക്കുന്നവർ ഭൂമിയെ കറക്കുന്നതും ഇതേ റബ്ബ് തന്നെയാണെന്ന് മറന്നതാണോ? അല്ലാഹു എല്ലാറ്റിനും കഴിവുള്ളവനാണ് എന്ന വിശ്വസിക്കുന്നവർക്ക് ഇങ്ങനെ പറയാൻ കഴിയുമോ?

**3. ബുദ്ധിക്കെതിരായത് സ്വീകരിക്കേണ്ട എന്ന വ്യതിയാനം**

ഇസ്‌ലാമിനോളം മനുഷ്യബുദ്ധിയെ തൊട്ടുണർത്തിയ ഒരു മതം നമുക്ക് കാണാൻ സാധ്യമല്ല. എന്നാൽ, ക്വുർആൻ മനുഷ്യന് ചിന്തിച്ചു മുന്നേറാൻ സാധിക്കുന്ന മേഖലകൾ മാത്രമാണ് ചിന്താവിധേയമാകാൻ നിർദേശിച്ചത്.

മനുഷ്യബുദ്ധിക്ക് കടന്നെത്താവുന്നതും ഗവേഷണ വിധേയമാക്കാൻ സാധിക്കുന്നതുമായ നൂറുകണക്കിന് വിഷയങ്ങൾ പഠനവിധേയമാക്കിയപ്പോൾ നമുക്ക് പൂർണ സംതൃപ്തി നൽകുന്ന ഉത്തരങ്ങൾ മാത്രമാണ് ലഭിച്ചത്. പലപ്പോഴും ചിലത് നമ്മുടെ വിശ്വാസത്തിന് കരുത്തു പകരുന്നതുമാണ്.

എങ്കിൽ മനുഷ്യ ഗവേഷണം സാധ്യമാകാത്ത ചില വിഷയങ്ങളിൽ നമ്മുടെ പ്രാഥമിക ബുദ്ധിക്ക് ഉത്തരം നൽകാൻ കഴിയുന്ന എണ്ണമറ്റ വിഷയങ്ങളിൽ ഉത്തരം ലഭിച്ചിരിക്കെ ഇതിന്റെ ഉത്തരം കിട്ടാത്തത് എന്റെ പരിമിതി മാത്രമാണ് എന്നാണ് നാം ചിന്തിക്കേണ്ടത്.

ഹദീഥുകൾ ബുദ്ധിയെ അടിസ്ഥാനമാക്കി സ്വീകരിക്കുന്നതും നിരാകരിക്കുന്നതും അലി ﵁ അടക്കമുള്ള പലരെയും കാഫിറുകളാക്കിയ ഖവാരിജുകളുടെ നിലപാടാണ്. ആഇശ ﵂യുടെ അരികിൽ ഒരു സ്ത്രീ വന്ന് ആർത്തവകാരികൾ നമസ്കാരം ഒഴിവാക്കുന്നതിനെക്കുറിച്ച് ചോദിച്ചു. ആഇശ ﵂യുടെ മറുപടി "നീ ഖവാരിജിയ്യാണോ?" എന്നതായിരുന്നു. എന്നിട്ട് ഇങ്ങനെകൂടെ പറഞ്ഞു: "നോമ്പ് വീട്ടാൻ ഞങ്ങൾ കൽപിക്കപ്പെട്ടിരിക്കുന്നു. നമസ്കരിക്കാൻ കൽപിക്കപ്പെട്ടിരുന്നില്ല" (മുസ്‌ലിം 789).

മഹാനായ ഉമർ ﵁ തന്റെ ഹജ്ജ് വേളയിൽ ഹജറുൽ അസ്‌വദിന്റെ അരികിൽനിന്നുകൊണ്ട് പറഞ്ഞു: നീ ഉപകാരമോ ഉപദ്രവമോ ചെയ്യാത്ത ഒരു കല്ലാണ് എന്നെനിക്കറിയാം. പ്രവാചകൻ ﷺ നിന്നെ ചുംബിക്കുന്നത് കണ്ടില്ലായിരുന്നെങ്കിൽ ഞാൻ നിന്നെ ചുംബിക്കുമായിരുന്നില്ല.



അലി ﷺവിന്റെ പ്രസിദ്ധമായ വാചകം ഇവിടെ ചേർത്തു വായിക്കുക: 'മതം യുക്തിയിൽ അധിഷ്ഠിതമായിരുന്നെങ്കിൽ ഖുഫ്ഫയുടെ മുകൾഭാഗമല്ല അടിഭാഗമാണ് തടവേണ്ടിയിരുന്നത്.'

മതത്തിലെ നിരവധി കാര്യങ്ങളുടെ യുക്തിയും ബുദ്ധിയും ഇത്തരക്കാർ വിശദീകരിച്ചു കുഴങ്ങും. ഹജ്ജിനിടയിലെ കല്ലേറ്, ത്വവാഫ് തുടങ്ങി നിരവധി കാര്യങ്ങൾ ഈ ഗണത്തിൽ ഉൾപെടുന്നു.

ക്വുർആൻ തന്നെ വിവരിച്ച, യൂനുസ്ﷺയെ മത്സ്യം വിഴുങ്ങിയ കഥ, അസ്ഹാബുൽ കഹ്ഫ് സംഭവം തുടങ്ങിയവ കേവല ബുദ്ധിക്ക് സ്വീകാര്യമാണോ?

പിന്നെ 'ബുദ്ധിക്ക് എതിരായത് തള്ളുക' എന്ന ഒരു ഹദീഥ് നിദാനശാസ്ത്ര നിയമം ഇല്ലേ എന്നൊരു സംശയവും ഉണ്ടാകും. ഇവിടെ നാം ഗ്രഹിക്കേണ്ടത് ഈ നിബന്ധന സ്വഹീഹായ ഹദീഥുകളെ തള്ളാനുള്ളതല്ല. മറിച്ച് മൗദൂഇനെ കണ്ടെത്താനുള്ളതാണ്. മാത്രമല്ല കേവല ബുദ്ധിക്ക് എതിരായത് എന്ന് പറഞ്ഞാൽ ഓരോ വ്യക്തിക്കും ശരിയല്ല എന്ന് തോന്നുന്നതെല്ലാം തള്ളാം എന്നാണോ? ഒരിക്കലുമല്ല!

യഥാർത്ഥിൽ ഇത്തരം കാര്യങ്ങളെ കുറിച്ച് പഠിക്കാനും ചിന്തിക്കാനും ജീവിതം സമർപ്പിച്ച പർവത സമാനരായ പണ്ഡിതർ ആ ദൗത്യം നിർവഹിച്ചു കഴിഞ്ഞിട്ടുണ്ട്. അതിന്റെ സാക്ഷ്യമാണ് മൗദൂഉകൾ മാത്രം ക്രോഡീകരിക്കപ്പെട്ട ഗ്രന്ഥങ്ങൾ.

### 4. സ്വിറാത്തു പാലം ഇല്ലെന്നോ?

അഹ്‌ലുസ്സുന്നയുടെ ഒരു അടിസ്ഥാന വിശ്വാസമാണ് സ്വിറാത്ത് പാലം സത്യമാണ് എന്നത്. എന്നാൽ ഒരു പണ്ഡിതൻ എഴുതിയത് കാണുക: 'സ്വിറാത്ത് പാലം ഇല്ലെന്ന് ഈ ഹദീഥ് വ്യക്തമാക്കുന്നു' (ബുഖാരി പരിഭാഷ. എ. അബ്ദുസ്സലാം സുല്ലമി).

ഈ വരി സ്വീകരിക്കുക വഴി നിരവധി ഹദീഥുകൾ നിഷേധിക്കപ്പെടുന്നുണ്ട്. മാത്രമല്ല സ്വിറാത്തിനെ കുറിച്ച് ക്വുർആനിൽ പോലും സൂചനയുണ്ട്. എന്നാൽ ഇതേ പണ്ഡിതൻ കൂടി ഉൾപെടുന്ന ഹദീഥ് സമാഹാരം വിശ്വസം എന്ന പതിപ്പിൽ സ്വിറാത്ത് തെളിയിക്കാൻ മൂന്ന് ഹദീഥുകൾ നൽകിയിട്ടുമുണ്ട്!

### 5. മദ്ഹബ് വാദം: നിരാകരിക്കുന്നത് പ്രവാചക വചനങ്ങൾ

മദ്ഹബ് വാദം ഹദീഥ് നിഷേധിക്കുന്നത് എങ്ങനെയെന്ന് കാണുക: "ഇമാം സ്വാവി പറയുന്നു: നാല് മദ്ഹബുകളല്ലാത്തതിനെ അനുഗമിക്കൽ ജാഇസല്ല. അതൊരു പക്ഷേ, സഹാബത്തിന്റെ വാക്കിനോടും സ്വഹീഹായ ഹദീഥിനോടും ഒത്തുകണ്ടാലും ശരി. നാലു മദ്ഹബുകൾക്കപ്പുറം ചവിട്ടുന്നവൻ വഴിതെറ്റിയവനും തെറ്റിക്കുന്നവനുമത്രെ" (മദ്ഹബുകൾ ഒരു ഹ്യസ്വപഠനം: നെല്ലിക്കുത്ത് ഇസ്മാഈൽ മുസ്‌ലിയാർ).

അവസാനം പണ്ഡിതർ പറയുന്ന കളവുകൾ പോലും സ്വീകരിക്കണം എന്ന് പറയുന്ന ഘട്ടം വരെ എത്തി ചിലർ: "ഹുജ്ജത്തുൽ ഇസ്‌ലാം ഇമാം ഗസ്സാലി ﷺ എഴുതുന്നു: 'സാധാരണക്കാരന്ന് മതപണ്ഡിതനെ പിൻപറ്റൽ നിർബന്ധമാണ്. പണ്ഡിതൻ സത്യം പറയട്ടെ, കളവ് പറട്ടെ, അല്ലെങ്കിൽ ശരി പറയട്ടെ, അബദ്ധം പറയട്ടെ, സാധാരണക്കാരുടെ ബാധ്യത പണ്ഡിതൻ പറയുന്നത് സ്വീകരിക്കലാണെന്ന കാര്യത്തിൽ ഇജ്മാഅ് ഉണ്ട്"(മുസ്തസ്ഫ 2/123).

എന്നാൽ ഇമാമുമാർ ഇതിനൊന്നും പിന്തുണ നൽകുന്നില്ല.

ഇമാം അബൂഹനീഫ ﷺ പറഞ്ഞു: "എന്റെ തെളിവ് മനസ്സിലാകാത്തവർ

> **ഇസ്‌ലാമിനോളം മനുഷ്യബുദ്ധിയെ തൊട്ടുണർത്തിയ ഒരു മതം നമുക്ക് കാണാൻ സാധ്യമല്ല. എന്നാൽ, ക്വുർആൻ മനുഷ്യന് ചിന്തിച്ചു മുന്നേറാൻ സാധിക്കുന്ന മേഖലകൾ മാത്രമാണ് ചിന്താവിധേയമാകാൻ നിർദേശിച്ചത്. മനുഷ്യബുദ്ധിക്ക് കടന്നെത്താവുന്നതും ഗവേഷണ വിധേയമാക്കാൻ സാധിക്കുന്നതുമായ നൂറുകണക്കിന് വിഷയങ്ങൾ പഠനവിധേയമാക്കിയപ്പോൾ നമുക്ക് പൂർണ സംതൃപ്തി നൽകുന്ന ഉത്തരങ്ങൾ മാത്രമാണ് ലഭിച്ചത്. പലപ്പോഴും ചിലത് നമ്മുടെ വിശ്വാസത്തിന് കരുത്തു പകരുന്നതുമാണ്. എങ്കിൽ മനുഷ്യ ഗവേഷണം സാധ്യമാകാത്ത ചില വിഷയങ്ങളിൽ നമ്മുടെ പ്രാഥമിക ബുദ്ധിക്ക് ഉത്തരം നൽകാൻ കഴിയുന്ന എണ്ണമറ്റ വിഷയങ്ങളിൽ ഉത്തരം ലഭിച്ചിരിക്കെ ഇതിന്റെ ഉത്തരം കിട്ടാത്തത് എന്റെ പരിമിതി മാത്രമാണ് എന്നാണ് നാം ചിന്തിക്കേണ്ടത്.**



എന്റെ അഭിപ്രായങ്ങൾ കൊണ്ട് ഫത്‌വ കൊടുക്കൽ നിഷിദ്ധമാണ്. കാരണം ഞാൻ ഒരു മനുഷ്യനാണ്. ഇന്ന് നാം ഒരു അഭിപ്രായം പറയും, നാളെ അതിൽ നിന്നും മടങ്ങും" (ഫുല്ലാനി-അൽ ഈഖാള്).

ഇമാം മാലിക് ﵀ പറയുന്നു: "എല്ലാവരുടെയും വാക്കുകളിൽ തള്ളേണ്ടതും കൊള്ളേണ്ടതും ഉണ്ടാകും; ഈ ക്വബ്‌റിൽ കിടക്കുന്ന ആളുടെത് ഒഴികെ- നബിﷺയെയാണ് അദ്ദേഹം ഉദ്ദേശിച്ചത്"(അൽ ജാമിഅ് ലി ഇബ്നു അബ്ദിൽ ബിർറ്).

ഇമാം ശാഫി﵀ പറഞ്ഞു: "എന്റെ വല്ല വാക്കും ക്വുർആനിനും ഹദീഥിനും എതിരായി വന്നാൽ നിങ്ങൾ അത് സ്വീകരിക്കുക. എന്റെ വാക്ക് ഒഴിവാക്കുക" (ഫുല്ലാനി- അൽഈഖാള്).

ഇമാം ശാഫി﵀യുടെ മറ്റൊരു വാചകം കാണുക:

"നബിﷺയുടെ നടപടിക്രമങ്ങൾ ഒരു വ്യക്തിക്ക് വ്യക്തമായതിനുശേഷം ഏതെങ്കിലും ആളുകളുടെ വാക്കുകളുടെ പേരിൽ ആ നടപടിക്രമം ഒഴിവാക്കാൻ പാടില്ല എന്നതിൽ ഇജ്മാഅ് ഉണ്ട്"(ഫുല്ലാനി-അൽഈഖാള്).

ഇമാം ശാഫി﵀ പറയുന്നു: "ഞാനൊരു മനുഷ്യനാണ്. എനിക്ക് ശരി പറ്റാം. തെറ്റു പറ്റാം. എന്റെ അഭിപ്രായങ്ങൾ നിങ്ങൾ പരിശോധിക്കണം. ക്വുർആനിനോടും സുന്നത്തിനോടും യോജിക്കുന്നത് നിങ്ങൾ സ്വീകരിക്കണം. ക്വുർആനിനോടും സുന്നത്തിനോടും യോജിക്കാത്തത് ഒഴിവാക്കുകയും വേണം" (ഫുല്ലാനി- അൽഈഖാള്).

### 6. സ്വർഗം നഷ്ടപ്പെടുത്തുന്ന പരിഹാസം

ഹദീഥുകളിൽ ചിലപ്പോൾ നമ്മുടെ പ്രാഥമിക ബുദ്ധിക്ക് ബോധ്യപ്പെടാത്ത കാര്യങ്ങൾ കാണാം.

യഥാർഥത്തിൽ ഇത് ഒരു പരീക്ഷണമാണ്. നാം എന്ത് നിലപാട് സ്വീകരിക്കുന്നു എന്ന് പരിശോധിക്കാനുള്ള ദൈവിക നടപടിയാണിത്. നബിﷺയുടെ ഇസ്‌റാഅ്-മിഅ്‌റാജ് യാത്രകൾ വിവരിക്കപ്പെട്ടപ്പോൾ കാഫിറുകൾ അതിനെ പരിഹസിച്ചു. എന്നാൽ അബൂബക്കർ﵁ അത് വിശ്വസിച്ചു. പ്രവാചകൻ അപ്രകാരം പറഞ്ഞിട്ടുണ്ടോ എന്ന് മാത്രമേ അദ്ദേഹം അന്വേഷിച്ചുള്ളൂ.

ഹദീഥും ആയത്തും സ്ഥിരപ്പെട്ടാൽ പിന്നെ ഇത്രയേ നമുക്കും ഉണ്ടാകാൻ പാടുള്ളൂ.

ചില നബി വചനങ്ങൾ കാണുമ്പോൾ ചിലരുടെ പരിഹാസ മനസ്സ് ഉണർന്നെണീക്കും. പിന്നെ പലതും പറയും. അത്തരക്കാരെ കുറിച്ച് ക്വുർആൻ പറയുന്നു: "നീ അവരോട് (അതിനെപ്പറ്റി) ചോദിച്ചാൽ അവർ പറയും: ഞങ്ങൾ തമാശ പറഞ്ഞു കളിക്കുക മാത്രമായിരുന്നു. പറയുക: അല്ലാഹുവെയും അവന്റെ ദൃഷ്ടാന്തങ്ങളെയും അവന്റെ ദൂതനെയുമാണോ നിങ്ങൾ പരിഹസിച്ചുകൊണ്ടിരിക്കുന്നത്?" (9:65).

ഈച്ച വെള്ളത്തിൽ വീണാൽ അതിന്റെ രണ്ടു ചിറകും വെള്ളത്തിൽ മുക്കിയതിനു ശേഷമേ ആ വെള്ളം കുടിക്കാവൂ എന്നൊരു നബി വചനം വമ്പിച്ച പരിഹാസങ്ങൾക്കും വിമർശനത്തിനും വിധേയമായിട്ടുണ്ട്. എന്നാൽ ആധുനിക ശാസ്ത്രം ഇന്ന് അത് സത്യ പ്പെടുത്തുന്നു. ശാസ്ത്രം സത്യപ്പെടുത്തുമ്പോൾ മാത്രം ഞങ്ങളുടെ നബി അപ്രകാരം പറഞ്ഞിട്ടുണ്ട് എന്ന് പറഞ്ഞ് രംഗത്ത് വരുന്ന ചില മുസ്‌ലിംകൾ ഉണ്ട്. അവർ വിശ്വസിക്കുന്നത് പ്രവാചകനെയാണോ അതോ ശാസ്ത്രത്തെയാണോ?

മതം പഠിച്ചും അറിഞ്ഞും വിശ്വസിക്കാനുള്ളതാണ്. അത് കേട്ട് കേൾവിയോ കേവല ധാരണകളോ ആകരുത്. നമുക്ക് നമ്മെ വിമർശിക്കാനും തിരുത്താനും കഴിയണം. മരണം തനിച്ചാക്കുന്ന ലോകത്ത് അനശ്വര വിജയം ലഭിക്കണം. അവിടെ കുടുംബമോ, കൂട്ടുകാരോ, സംഘടനയോ, സഹപ്രവർത്തകരോ ഉണ്ടാകില്ല. കൂരിരുട്ടിൽ ഏകനാവുന്ന ദിനത്തിനു മുമ്പ് സത്യമാർഗം സാക്ഷാത്കരിക്കുക. അന്വേഷണങ്ങൾക്ക് ഇവിടെ തുടക്കമാകട്ടെ.

അബൂ അമൽ
mail@nerpatham.com

ലേഖനം

# പ്രബോധനം യുക്തിഭദ്രമാകണം

മനുഷ്യരെയെല്ലാം മലക്കുകളെപ്പോലെ കൽപിക്കപ്പെടുന്നത് അപ്പടി പ്രവർത്തിക്കുന്നവരായിട്ടല്ല അല്ലാഹു സൃഷ്ടിച്ചിട്ടുള്ളത്. എങ്കിൽ സത്യാസത്യ വിവേചന സ്വാതന്ത്ര്യം അവന് നൽകേണ്ടതുണ്ടായിരുന്നില്ല. പ്രതികൂല സാഹചര്യങ്ങളിൽ നിന്നും പ്രലോഭനങ്ങളിൽനിന്നും അകന്നുമാറി നേർവഴിയിലൂടെ തീവ്രപ്രയാണം നടത്തിയെങ്കിൽ മാത്രമെ അവന്ന് ലക്ഷ്യ സ്ഥാനത്തെത്താനാകൂ. അതിനു വേണ്ടത് ലളിതവും ഖണ്ഡിതവുമായ നിയമങ്ങളും നിർദേശങ്ങളും താക്കീതുകളുമാണ്. അത് സ്രഷ്ടാവ് കൃത്യമായി നൽകിയിട്ടുണ്ട്.

അവനവന്റെ പരലോക രക്ഷക്ക് അവനവൻ തന്നെ നന്നായി പരിശ്രമിക്കണം. നന്മയും തിന്മയും തെരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം മനുഷ്യന് നൽകപ്പെട്ട സ്ഥിതിക്ക്; അല്ലാഹുവിനെ കുറിച്ചോ പരലോകത്തെ കുറിച്ചോ ബോധമില്ലാത്തവർക്കും അതിന്റെ ഗൗരവത്തെ മനസ്സിലാക്കാൻ കഴിയാതെ പോയവർക്കും ഇഷ്ടപ്രകാരം വിഹരിക്കാനുള്ള സ്വാതന്ത്ര്യവും ഇവിടെ ഉണ്ടായിരിക്കണമല്ലോ.

മുഹമ്മദ് നബിﷺയുടെ പ്രബോധന രീതിയെ സംബന്ധിച്ചും ജനങ്ങളോടുള്ള സമീപനത്തെക്കുറിച്ചും എന്തിനധികം ശത്രുക്കളോടുള്ള പ്രവാചകന്റെﷺ ഇടപെടുലകളെ സംബന്ധിച്ചും നാമെത്ര വായിക്കുകയും പറയുകയും ചെയ്തിട്ടുണ്ട്! എന്നിട്ടും ചിലപ്പോൾ നമ്മുടെതന്നെ പേനയും നാവും നാം ജീവിക്കുന്ന ബഹുസ്വരതയെ ഉൾക്കൊള്ളാനും അതിന് പോറലേൽക്കാതിരിക്കാനും വേണ്ടത്ര ശ്രദ്ധിക്കുന്നുണ്ടോ എന്ന് പരിശോധിക്കേണ്ടതുണ്ട്.

തന്നോടൊന്നിച്ച് ജീവിക്കുന്ന സഹോദരങ്ങളെല്ലാം ആത്യന്തിക വിജയം വരിക്കണമെന്ന അങ്ങേയറ്റത്തെ ആഗ്രഹം കൊണ്ടായിരിക്കാം, അല്ലെങ്കിൽ തനിക്ക് മനസ്സിലായ യാഥാർഥ്യം അപ്രകാരം തന്നെ മറ്റുള്ളവരും അങ്ങനെത്തന്നെ ഉൾക്കൊള്ളണമെന്ന നിശ്ചയമായിരിക്കാം. രണ്ടായാലും നമ്മുടെ സമീപനം വിപരീതഫലമാണ് ഉണ്ടാക്കുന്നതെങ്കിൽ നഷ്ടം നമുക്കായിരിക്കും എന്നത് വസ്തുതയാണല്ലോ.

നമുക്കു ചുറ്റും ജീവിക്കുന്നവരുടെ ധാരണയെ തിരുത്താനാവണം നമുക്ക്. അപ്പോൾ മാത്രമെ നമ്മുടെ ആഗ്രഹം സഫലമാകൂ. അതിന് അല്ലാഹു നിർദേശിക്കുന്നത് 'ഇതര സമുദായങ്ങളുടെ ആരാധ്യ വസ്തുക്കളെ നിങ്ങൾ ശകാരിക്കരുത്' എന്നാണ്. കാരണം വിവരമില്ലാതെ അവർ സ്രഷ്ടാവിനെ ശകാരിക്കാനുള്ള കാരണമായി അത് മാറിയേക്കാം. നമ്മൾ കാരണം അങ്ങനെ സംഭവിച്ചാൽ അതിന്റെ കെടുതി ഭയാനകമായിരിക്കും. അല്ലാഹു പറഞ്ഞു:

"അല്ലാഹുവിനു പുറമെ അവർ വിളിച്ച് പ്രാർഥിക്കുന്നവരെ നിങ്ങൾ ശകാരിക്കരുത്. അവർ വിവരമില്ലാതെ അതിക്രമമായി അല്ലാഹുവെ ശകാരിക്കാൻ അത് കാരണമായേക്കും. അപ്രകാരം ഓരോ വിഭാഗത്തിനും അവരുടെ പ്രവർത്തനം നാം ഭംഗിയായി തോന്നിച്ചിരിക്കുന്നു. പിന്നീട് അവരുടെ രക്ഷിതാവിങ്കലേക്കാണ് അവരുടെ മടക്കം. അവർ ചെയ്തുകൊണ്ടിരിക്കുന്നതിനെപ്പറ്റിയെല്ലാം അപ്പോൾ അവൻ അവരെ അറിയിക്കുന്നതാണ്" (ക്വുർആൻ 6:108).

'ഓരോ സമുദായത്തിനും അവരവരുടെ പ്രവർത്തനങ്ങൾ നാം ഭംഗിയാക്കിയിരിക്കുന്നു' എന്ന വാകൃത്തിൽ നിന്നും നമുക്ക് സ്രഷ്ടാവ് നൽകിയിരിക്കുന്ന മഹാഭാഗ്യത്തെ മനസ്സിലാക്കിയെടുക്കാൻ സാധിക്കണം. ആയതിനാൽ യുക്തിഭദ്രമായും സംയമനത്തോടെയും അങ്ങേയറ്റത്തെ വിട്ടുവീഴ്ചയോടെയുമാണ് നാം നന്മയുപദേശിക്കേണ്ടത്. അതിനായി നമ്മുടെ ഊർജവും സമയവും ആരോഗ്യവും ചെലവഴിക്കപ്പെടുമ്പോൾ നമ്മുടെ ലക്ഷ്യത്തിലേക്കുള്ള ഗമനം ആയാസരഹിതവും അതിശക്തവുമായിത്തീരുമെന്നതിൽ സംശയമില്ല.

"യുക്തിദീക്ഷയോടുകൂടിയും സദുപദേശം മുഖേനയും നിന്റെ രക്ഷിതാവിന്റെ മാർഗത്തിലേക്ക് നീക്ഷണിച്ചുകൊള്ളുക. ഏറ്റവും നല്ല രീതിയിൽ അവരുമായി സംവാദം നടത്തുകയും ചെയ്യുക. തീർച്ചയായും നിന്റെ രക്ഷിതാവ് തന്റെ മാർഗം വിട്ട് പിഴച്ച് പോയവരെപ്പറ്റി നല്ലവണ്ണം അറിയുന്നവനത്രെ. സൻമാർഗം പ്രാപിച്ചവരെപ്പറ്റിയും നല്ലവണ്ണം അറിയുന്നവനത്രെ" (ക്വുർആൻ (16:125).

ദുൽക്കർഷാൻ അലനല്ലൂർ
dulkaralr@gmail.com

ലേഖനം



# നവോത്ഥാന ചരിത്രത്തിലെ വെള്ളിനക്ഷത്രം പി. സെയ്ദ് മൗലവി

വള്ളുവനാട് താലൂക്കിൽ എടത്തനാട്ടുകര ദേശത്ത് പൂക്കാടഞ്ചേരി മഹല്ലിൽ പൂച്ചേങ്ങൽ അഹ്മദിന്റെയും തത്തംപള്ളിയാലിൽ ഉണ്ണിപ്പാത്തുട്ടിയുടെയും ഒമ്പതു മക്കളിൽ ഒരാളായി 1913 ഡിസംബർ 5ാം തീയതി സെയ്ദ് മൗലവി ജനിച്ചു. പാരമ്പര്യമായിത്തന്നെ നാട്ടിലെ അറിയപ്പെടുന്ന വ്യവഹാരികളും മത വിജ്ഞാനികളുമായിരുന്നു അദ്ദേഹത്തിന്റെ പൂർവികൻമാർ. പിതാവ് പൂച്ചേങ്ങൽ അഹ്മദും അദ്ദേഹത്തിന്റെ പിതാവ് പൂച്ചേങ്ങൽ സെയ്ദ് മൊല്ലാക്കയുമൊക്കെ ദരിദ്ര കുടുംബക്കാരെങ്കിലും പൊതുകാര്യ പ്രസക്തരായിരുന്നു.

നാട്ടിൽ വളരെ മാന്യതയോടെയാണ് അഹ്മദ് മൊല്ലാക്കയുടെ കുടുംബം ജീവിച്ചത്. എടത്തനാട്ടു കരയിൽ പൂക്കാടഞ്ചേരി പള്ളിയുടെ പടിഞ്ഞാറു വശത്താണ് മൗലവി ജനിച്ച വീട്. തിത്തുട്ടി, സെയ്ദാലു മൊല്ലാക്ക, ഉമ്മരിയ, ഖദീജ, ഉണ്ണീൻ, അബ്ദുല്ല എന്നിവരാണ് മൗലവിയുടെ സഹോദരീ സഹോദരൻമാർ. രണ്ടു സഹോദരികൾ ചെറുപ്പത്തിൽതന്നെ മരിച്ചു.

മൗലവിക്ക് എട്ടു വയസ്സു പ്രായമുള്ള കാലം. ബ്രിട്ടീഷുഭരണത്തിനെതിരെ മലബാറിന്റെ മുക്കിലും മൂലയിലും സമരങ്ങൾ പൊട്ടിപ്പുറപ്പെട്ടു. മമ്പുറം പള്ളി വെള്ളപ്പട്ടാളം വെടിവെച്ചു തകർത്തുവെന്ന് ശ്രുതി നാടുനീളെ പ്രചരിച്ചു. സമരത്തിന്റെ അലയൊലികൾ ഏറനാട്, വള്ളുവനാട് താലൂക്കുകളുടെ ഉൾ പ്രദേശങ്ങളിലുമെത്തി. സമരക്കാരെ അടിച്ചമർത്താനെന്ന വ്യാജേന എത്തിയ ബ്രിട്ടീഷ് പട്ടാളം മുസ്‌ലിം ജനസാമാന്യത്തിനെതിരെ കൊടിയ മർദനങ്ങളഴിച്ചുവിട്ടു. മുസ്‌ലിം വീടുകളിൽ കയറി സ്ത്രീകളെ അക്രമിച്ചു. പുരുഷൻമാരെ കണ്ടാൽ വെടിവെക്കുകയോ തടവിലാക്കുകയോ ചെയ്തു. നിരപരാധികൾ പലരും ഇങ്ങനെ ക്രൂശിക്കപ്പെടുകയുണ്ടായി.

1921ൽ ബ്രിട്ടീഷ് പട്ടാളം എടത്താനാട്ടുകരയിലുമെത്തി. കണ്ണിൽ കണ്ടവരെയൊക്കെ മർദിച്ചു. വീടുകൾക്കു തീവെച്ചു. നിരവധിപേരെ അറസ്റ്റു ചെയ്തു. പലരെയും വെടിവെച്ചു. കൂട്ടത്തിൽ മൗലവി ജനിച്ചുവളർന്ന വീടും അവർ അഗ്നിക്കിരയാക്കി. നിരപരാധികളായിരുന്നിട്ടുകൂടി മൗലവിയുടെ പിതാവ് അഹ്മദ് മൊല്ലാക്കയെയും മൂത്ത സഹോദരൻ സെയ്ദാലു മൊല്ലാക്കയെയും സഹോദരി തിത്തുട്ടിയുടെ ഭർത്താവ് മായിൻ ഹാജിയെയും പട്ടാളം അറസ്റ്റുചെയ്തു. അഹ്മദ് മൊല്ലാക്കയെ 3 കൊല്ലത്തേക്ക് കണ്ണൂർ ജയിലിലടച്ചു. 300 രൂപ പിഴയും ചുമത്തി. സെയ്ദാലുമൊല്ലാക്കയെ 7 കൊല്ലത്തേക്ക് ബല്ലാരി ജയിലിലേക്കുമയച്ചു. മായിൻഹാജിയെ കണ്ണൂർ ജയിലിലടച്ചെങ്കിലും പിന്നീട് ആൻഡമാനിലേക്ക് നാടുകടത്തുകയാണ് ചെയ്തത്.

നാട്ടുകാർക്കെല്ലാം വേണ്ടപ്പെട്ട ആളായിരുന്ന മൗലവിയുടെ പിതാവ് പൂച്ചേങ്ങൽ അഹ്മദ്, 'വക്കീൽ കാക്ക' എന്നാണ് നാട്ടുകാർ സ്‌നേഹപൂർവം അദ്ദേഹത്തെ വിളിച്ചിരുന്നത്. നാട്ടുകാരുടെ വിവിധങ്ങളായ പ്രശ്‌നങ്ങളിൽ മധ്യസ്ഥത വഹിച്ച് അവ പരിഹരിക്കുമായിരുന്നു അദ്ദേഹം. അങ്ങനെ ലഭിച്ചതാണ് ആ പേര്. കണ്ണൂർ ജയിലിൽനിന്നു വിട്ടയക്കപ്പെട്ട അദ്ദേഹം നാട്ടിലെത്തിയത് തിമിരം ബാധിച്ചു കാഴ്ചശക്തി നഷ്ടപ്പെട്ട നിലയിലാണ്. വാർധക്യസഹജമായ രോഗങ്ങളുമുണ്ടായിരുന്നു. ഏറെത്താമസിയാതെ അദ്ദേഹം ഇഹലോകവാസം വെടിഞ്ഞു.

സ്വാതന്ത്ര്യാനന്തരം ആൻഡമാനിൽനിന്ന് നാട്ടിൽ തിരിച്ചെത്തിയ മായിൻ ഹാജിയും ഭാര്യ തിത്തുട്ടിയും നാല് ആൺ മക്കളുമായി വീണ്ടും ആൻഡമാനിലേക്കു പോയി. അവിടെ സ്ഥിരതാമസമാക്കി. പക്ഷേ, ഏറെക്കഴിയും മുമ്പ് തിത്തുട്ടി ഈ ലോകത്തോട് വിടപറഞ്ഞു. പിന്നീട് മായിൻഹാജി മൗലവിയുടെ മറ്റൊരു സഹോദരിയായ ഖദീജയെ വിവാഹം ചെയ്തു. അതിൽ മക്കളില്ല.

> **“ നാട്ടുകാർക്കെല്ലാം വേണ്ടപ്പെട്ട ആളായിരുന്ന പി. സെയ്ദ് മൗലവിയുടെ പിതാവ് പൂച്ചേങ്ങൽ അഹ്മദ്, 'വക്കീൽ കാക്ക' എന്നാണ് നാട്ടുകാർ സ്‌നേഹപൂർവം അദ്ദേഹത്തെ വിളിച്ചിരുന്നത്. നാട്ടുകാരുടെ വിവിധങ്ങളായ പ്രശ്‌നങ്ങളിൽ മധ്യസ്ഥത വഹിച്ച് അവ പരിഹരിക്കുമായിരുന്നു അദ്ദേഹം. അങ്ങനെ ലഭിച്ചതാണ് ആ പേര്. കണ്ണൂർ ജയിലിൽനിന്നു വിട്ടയക്കപ്പെട്ട അദ്ദേഹം നാട്ടിലെത്തിയത് തിമിരം ബാധിച്ചു കാഴ്ചശക്തി നഷ്ടപ്പെട്ട നിലയിലാണ്. വാർധക്യസഹജമായ രോഗങ്ങളുമുണ്ടായിരുന്നു. ഏറെത്താമസിയാതെ അദ്ദേഹം ഇഹലോകവാസം വെടിഞ്ഞു. ”**

വെട്ടത്തൂരിലായിരുന്നു മൗലവിയുടെ മൂത്ത ജ്യേഷ്ഠൻ സെയ്താലുമൊല്ലാക്കയുടെ ഓത്തുപള്ളി. ഇതിനുപുറമെ അദ്ദേഹം കാപ്പുപറമ്പ്, പാലക്കാഴി, മാമാങ്കര എന്നിവിടങ്ങളിലും മതാധ്യാപനവൃത്തിയിലേർപ്പെട്ടിരുന്നു. മലബാർ സമരക്കാലത്ത് അറസ്റ്റ് ചെയ്യപ്പെട്ട അദ്ദേഹം 7 കൊല്ലം ബല്ലാരി ജയിലിൽ തടവിൽ കഴിഞ്ഞു. ജയിലിൽനിന്നു വിട്ടുവന്ന അദ്ദേഹം പിൽകാലത്ത് എടത്തനാട്ടുകര യതീംഖാനയിൽ സേവനമനുഷ്ഠിച്ചിരുന്നു.

മൗലവിയുടെ നേരെ മൂത്ത ജ്യേഷ്ഠൻ ഉണ്ണീൻ മൗലവി മങ്കട, പാലക്കാഴി, കോഴിക്കോട്, ആൻഡമാൻ രണ്ടത്താണി എന്നീ സ്ഥലങ്ങളിലും മൗലവിയുടെ ഇളയ സഹോദരൻ അബ്ദുല്ല ആൻഡമാൻ, കോഴിക്കോട് എന്നിവിടങ്ങളിലും വിവിധ പള്ളികളിൽ സേവനമനുഷ്ഠിക്കുകയുണ്ടായി.

പട്ടാളം വീട് ചുട്ടെരിച്ചശേഷം തൊട്ടടുത്തുതന്നെ ചെറിയൊരു നെടുമ്പുര വെച്ചുകെട്ടി അവിടെയായിരുന്നു മൗലവിയും സഹോദരങ്ങളും ഉമ്മയോടൊപ്പം താമസിച്ചിരുന്നത്.

പലപ്പോഴും പട്ടാളം മുസ്‌ലിം വീടുകൾ തെരഞ്ഞുപിടിച്ചായിരുന്നു ആക്രമണമഴിച്ചുവിട്ടത്. വീടുകളിലുള്ള

പുരുഷൻമാരെ തടവിലാക്കുകയോ വെടിവെക്കുകയോ ആയിരുന്നു പതിവ്. അതുകാരണം പട്ടാളമിറങ്ങിയെന്നറിഞ്ഞാൽ പുരുഷൻമാർ മുഴുവനും എങ്ങോട്ടെങ്കിലും രക്ഷപ്പെടുകയായിരുന്നു പതിവ്. മൗലവിയുടെ അളിയൻ മായിൻ ഹാജിയുടെ പിതാവ് പട്ടാളത്തെ കണ്ട് ഓടി രക്ഷപ്പെടാൻ ശ്രമിച്ചെങ്കിലും ഏറെ നേരം ഓടാൻ കഴിയാതെ വീണ് അടുത്തുകണ്ട ഇഞ്ചിക്കാട്ടിൽ ഒളിച്ചു. പക്ഷേ, പട്ടാളത്തിന്റെ വെടിയേറ്റ് അദ്ദേഹം മരിച്ചു.

1921ൽ പട്ടാളം എടത്തനാട്ടുകരയിൽ കരാളതാണ്ഡവമാടിയ കാലത്ത് മൗലവിക്ക് എട്ടുവയസ്സായിരുന്നു പ്രായം. പട്ടാളം വീട്ടിൽ കയറി ആണുങ്ങളാരെങ്കിലുമുണ്ടോ എന്നു പരിശോധിച്ചു. കുട്ടികളായ സെയ്ദും അബ്ദുല്ലയും പട്ടാളക്കാരുടെ കണ്ണിൽ പെടുമോ എന്നു ഭയന്ന മാതാവ് രണ്ടുപേരെയും വെള്ളക്കാച്ചിയും പെൺകുപ്പായവും മക്കനയും ഇടുവിച്ചു. ആണുങ്ങളില്ലെന്ന് ഉറപ്പുവരുത്തിയ പട്ടാളം തിരിച്ചുപോവുകയും ചെയ്തു.

ആദ്യമായി ഓത്തുപള്ളിയിൽ ചേരുമ്പോഴും ഓരോ പാഠഭാഗം പഠിക്കുമ്പോഴുമൊക്കെ വിദ്യാർഥി മൊല്ലാക്കാക്ക് നല്ലൊരു സംഖ്യ കൈമടക്ക് കൊടുക്കണം. ഇതിനു പുറമെ മൊല്ലാക്കാക്ക് വീട്ടിൽ കൊണ്ടുപോകാനും കൂടെ പഠിക്കുന്ന കുട്ടികൾക്ക് കൊടുക്കാനുമുള്ള മധുര പലഹാരങ്ങളും കൊണ്ടുപോയിക്കൊടുക്കണം. ഇതു കൂടാതെ മൊല്ലാക്കയ്ക്ക് എല്ലാ വ്യാഴാഴ്ചയും ഓരോ കുട്ടിയും നാഴി അരിയും കൊടുക്കും. ഈ അരിയും പ്രത്യേക അവസരങ്ങളിൽ കിട്ടുന്ന കൈമടക്കും മാത്രമാണ് മൊല്ലാക്കയുടെ ശമ്പളം.

ഇങ്ങനെ പഠിച്ചുയർന്ന് എട്ടാം ജുസ്അ് (യാസീൻ) ചൊല്ലിക്കൊടുക്കുമ്പോൾ കൂടുതൽ മധുരപലഹാരവും പണവും ഒരു ജോഡി വസ്ത്രവും കൊണ്ടുചെല്ലണം. മധുരപലഹാരം നേരത്തെ പറഞ്ഞതുപോലെ സഹപാഠികൾക്കും വീതിക്കും. പിന്നീടാണ് ഖത്തം തീർക്കുകയും അൽബകറ മുതൽ കീഴ്പോട്ട് ഓതിപ്പഠിക്കാൻ കുട്ടിക്കു സമ്മതം കൊടുക്കുകയും ചെയ്യുക. അന്നും എട്ടാം ജുസ്ഇന്നുള്ളതിനേക്കാൾ കൂടുതൽ ചീരണിയും വസ്ത്രവും പണവും കൊടുക്കണം. ഇതു കഴിഞ്ഞാണ് ക്വുർആനും പാട്ടും മൗലിദും മറ്റും പഠിക്കുക.

ഓത്തുപള്ളിയിൽ നൂറോ നൂറ്റമ്പതോ കുട്ടികളുണ്ടാകും. ഓരോരുത്തർക്കും പ്രത്യേകം പാഠങ്ങളുമായിരിക്കും. മൊല്ലാക്കയ്ക്കാണെങ്കിൽ നാട്ടിൽ പത്തോ ഇരുപതോ വീട്ടിൽ കുടിയോത്തുണ്ടാകും. മൂപ്പർ രാവിലെ ഓത്തുപള്ളിയിൽ വന്ന് ഒരു ചൂരൽ വടിയെടുത്ത് കുട്ടികളുടെ നേരെ കണ്ണുരുട്ടി 'ഓതിനെടാ' എന്നു പറഞ്ഞ് ഓത്തുപള്ളിയുടെ ഒരറ്റം മുതൽ മറ്റേയറ്റംവരെ നടക്കും. അതു കഴിഞ്ഞ് നേരെ കുടിയോത്തിനു പോകും. ഇടക്കിടെ ഓത്തുപള്ളിയിലൊന്നു വന്നുനോക്കും. മൊല്ലാക്ക പോയിക്കഴി ഞ്ഞാൽ വരുന്നതുവരെ കുട്ടികൾ കാക്കക്കൂട്ടത്തിൽ കല്ലിട്ടാലെന്നപോലെ കലപില ശബ്ദമുണ്ടാക്കിക്കൊ ണ്ടിരിക്കും. ഇതായിരുന്നു അക്കാലത്തെ ഓത്തുപള്ളിക്കൂടത്തിന്റെ ഏതാണ്ടൊരു രൂപം. ഈ രൂപത്തിൽ തന്നെയാണ് മൗലവിയും ക്വുർആനും മാലമൗലീദാദികളും പഠിച്ചത്.

പറപ്പൂർ അബ്ദുറഹ്മാൻ മൗലവി വെല്ലൂരിൽ നിന്നും മുത്വവ്വൽ പാസ്സായി നാട്ടിലെത്തി. മൗലവിയുടെ നാടിനടുത്തുള്ള അണയങ്കോട്ടിൽ കുറുക്കൻ മരക്കാർ എന്നൊരാളുണ്ടായിരുന്നു. അദ്ദേഹം പറപ്പൂരിന്റെ ഒരു ബന്ധുകൂടിയായിരുന്നു. പറപ്പൂർ അന്നൊരിക്കൽ അദ്ദേഹത്തിന്റെ വീട്ടിൽ വിരുന്നു വന്നു. മകരക്കൊയ്ത്തു കഴിഞ്ഞ് വയലുകൾ ഒഴിഞ്ഞകാലം. മരക്കാർ സാഹിബ് അടക്കം അണയങ്കോട്ടിലെ പൗരമുഖ്യൻമാരെല്ലാം ചേർന്ന് 5 ദിവസം അവിടെ വഅള് പറയണമെന്ന് അദ്ദേഹത്തെ നിർബന്ധിച്ചു. അദ്ദേഹം സമ്മതിക്കുകയും ചെയ്തു. വഅള് തുടങ്ങിയതറിഞ്ഞ് നാടിന്റെ നാനാഭാഗങ്ങളിൽനിന്നും ആളുകൾ വന്നുചേർന്നു. ദിവസം ചെല്ലുന്തോറും വഅള് കേൾക്കാൻ വരുന്ന ആളുകളുടെ എണ്ണം കൂടിക്കൂടി വന്നു. 15ാം ദിവസം സ്വർഗത്തിലെ സുഖസൗകര്യങ്ങളായിരുന്നു വിഷയം. ഉദാഹരണങ്ങൾ നിരത്തി ഏകദേശം മൂന്നര മണിക്കൂർ നീണ്ടുനിന്ന പ്രസംഗം ഹൃദയസ്പൃക്കായിരുന്നു.



എടത്തനാട്ടുകരയിലെ പള്ളിക്കാരണവൻമാരും നാട്ടുകാരും വഅള് കേൾക്കാൻ പോകുന്ന സംഘത്തിലുണ്ടായിരുന്നു. മൗലവിയുടെ അമ്മാവനായ പള്ളിപ്പറ്റ മമ്മദ്, പുത്തങ്കോട്ട് കുഞ്ഞഹമ്മദ്, തോരക്കാടൻ അഹമ്മദ് ഹാജി, താഴത്തെ പീടികക്കൽ ഉണ്ണിമൊയ്തീൻ ഹാജി എന്നിവർ പറപ്പൂരിനെ സമീപിച്ച് തങ്ങളുടെ മഹല്ലിന്റെ ശോചനീയാവസ്ഥ വിവരിച്ചു. മഹല്ലിന്റെ ദാരിദ്ര്യാവസ്ഥയും പറഞ്ഞു മനസ്സിലാക്കി. അദ്ദേഹത്തിനനുസരിച്ച ശമ്പളം കൊടുക്കാൻ കഴിവില്ലെങ്കിലും അങ്ങോട്ടുവരാൻ അദ്ദേഹത്തോട് അ ഭ്യർഥിച്ചു.

ശമ്പളം തനിക്കു പ്രശ്നമല്ലെന്നും പക്ഷേ, താൻ ഊരകത്ത് ഒരു ദർസിലാണെന്നും അവിടെ പകരമൊരാളെ മുദർരിസായി കിട്ടിയാൽ എടത്തനാട്ടുകയിലേക്കു വരുന്നതിനു തനിക്കു സമ്മതക്കുറവൊന്നുമില്ലെന്നും പറപ്പൂർ പറഞ്ഞു. എന്തായാലും താൻ നാട്ടിൽ പോയശേഷം വിവരമറിയിക്കാമെന്നു പറഞ്ഞ് അദ്ദേഹം പുറപ്പെട്ടു. നാട്ടിലെത്തി ഒരാഴ്ച കഴിഞ്ഞപ്പോഴേക്കും പറപ്പൂരിന്റെ കത്തുവന്നു. വരാൻ സമ്മതമാണെന്നറിയിച്ചുകൊണ്ടുള്ളതായിരുന്നു എഴുത്ത്. ആളുപോയി അദ്ദേഹത്തെ കൂട്ടിക്കൊണ്ടുവന്നു. ഒരു വ്യാഴാഴ്ച, പറപ്പൂർ വന്ന വിവരമറിഞ്ഞ് കാരണവൻമാരടക്കം വമ്പിച്ചൊരു ജനക്കൂട്ടം സന്തോഷത്തോടെ പള്ളിയിൽ വന്നു ചേർന്നു. നാട്ടിലെ സ്ഥിതി അദ്ദേഹം ചോദിച്ചറിഞ്ഞു. ഐക്യസംഘം അടുത്തെത്തിയതും തറാവിഹ് എട്ടു റക്അത്ത് ആക്കിയതുമൊക്കെ അദ്ദേഹത്തെ ധരിപ്പിച്ചു. 'ഏയ് പേടിക്കേണ്ട, അതൊന്നും ഇങ്ങോട്ടു വരില്ല' അതായിരുന്നു പറപ്പൂരിന്റെ ചിരിച്ചുകൊണ്ടുള്ള മറുപടി. നാട്ടുകാർ ആഹ്ലാദഭരിതരായി. അവർക്ക് ഇതിലപ്പുറം സന്തോഷകരമായ മറ്റൊരു മറുപടി കിട്ടാനില്ലായിരുന്നു.

അവിടെ നടന്നുവന്നിരുന്ന ദർസിനെക്കുറിച്ചും വിദ്യാർഥികളെക്കുറിച്ചുമൊക്കെ പറപ്പൂർ ചോദിച്ചറിഞ്ഞു. ദർസിൽ മുൻപന്തിയിലായിരുന്ന സെയ്ദ് മൗലവിയും സ്ഥലത്തുണ്ടായിരുന്നു. പറപ്പൂർ അദ്ദേഹത്തെ അടുത്തേക്ക് വിളിച്ചു. ബാലസഹജമായ നാണം കാരണം അദ്ദേഹം ഒരരികിൽ മാറിനിന്നു. 'അടുത്തേക്കു വരൂ, ചോദിക്കാനുണ്ട്' പറപ്പൂർ പറഞ്ഞു. അദ്ദേഹം മടിച്ചുമടിച്ച് അടുത്തേക്കു ചെന്നു. പറപ്പൂർ അദ്ദേഹത്തെ പിടിച്ചിരുത്തി.

'ഹദീസിൽനിന്നു വല്ലതും ഓതിയോ?' അദ്ദേഹം ചോദിച്ചു.

'അതെ, അർബഈൗൻ' എന്നു മറുപടി.

അപ്പോൾ പറപ്പൂർ പുഞ്ചിരിച്ചുകൊണ്ടു പറഞ്ഞു: 'ആവട്ടെ ക്വുർആൻ നമുക്ക് ഒന്നുകൂടി ആദ്യം മുതൽ തുടങ്ങാം. തഫ്സീറും ഇരുന്നോട്ടെ. കൂടാതെ മിശ്കാത്തുൽ മസാബീഹ് എന്നൊരു കിതാബുണ്ട്. ഹദീസിൽ ഇതു രണ്ടും മതി തൽക്കാലം, ബാക്കി വേണ്ടതൊക്കെ പിന്നെ നോക്കാം.'

'രണ്ടാമതു പറഞ്ഞ കിതാബു ഞങ്ങൾക്കില്ലല്ലോ.'

'ഒന്നിവിടെയുണ്ട്. പിന്നെ വേണ്ടത് ഡൽഹിയിൽനിന്നു വരുത്താം. ആവശ്യമുള്ളവർ പറഞ്ഞാൽ മതി. ഇപ്പോൾ തന്നെ എഴുതാം' പറപ്പൂർ പറഞ്ഞു.

ഇശാഅ് നമസ്കാരം കഴിഞ്ഞ് എല്ലാവരും പിരിഞ്ഞു. മൗലവിയടക്കം രണ്ടുമൂന്നു വിദ്യാർഥികളെ പറപ്പൂരിനു കൂട്ടിനേൽപിച്ചു. അദ്ദേഹത്തിനു ചോറു കൊടുത്തയക്കാൻ പള്ളിക്കാരണവരായ മമ്മദ് കാക്ക പോകാൻ ഭാവിച്ചു.

'വേണ്ട, ഞാനും നിങ്ങളോടൊപ്പം വരാം. എനിക്കു നിങ്ങളുടെ വീടും കാണാമല്ലോ' പറപ്പൂർ പറഞ്ഞു. മമ്മദ് കാക്കാക്ക് എന്തെന്നില്ലാത്ത സന്തോഷം!

സ്വുബ്ഹിക്ക് ഒരു മണിക്കൂർ മുമ്പായി പറപ്പൂർ പള്ളിയിലെത്തി. അന്ന് വെ

> **ഓത്തുപള്ളിയിൽ നൂറോ നൂറ്റമ്പതോ കുട്ടികളുണ്ടാകും. ഓരോരുത്തർക്കും പ്രത്യേകം പാഠങ്ങളുമായിരിക്കും. മൊല്ലാക്കയ്ക്കാണെങ്കിൽ നാട്ടിൽ പത്തോ ഇരുപതോ വീട്ടിൽ കുടിയോത്തുണ്ടാകും. മൂപ്പർ രാവിലെ ഓത്തുപള്ളിയിൽ വന്ന് ഒരു ചൂരൽ വടിയെടുത്ത് കുട്ടികളുടെ നേരെ കണ്ണുരുട്ടി 'ഓതിനെടാ' എന്നു പറഞ്ഞ് ഓത്തുപള്ളിയുടെ ഒരറ്റം മുതൽ മറ്റേയറ്റം വരെ നടക്കും. അതു കഴിഞ്ഞ് നേരെ കുടിയോത്തിനു പോകും. ഇടക്കിടെ ഓത്തുപള്ളിയിലൊന്നു വന്നുനോക്കും. മൊല്ലാക്ക പോയിക്കഴിഞ്ഞാൽ വരുന്നതുവരെ കുട്ടികൾ കാക്കക്കൂട്ടത്തിൽ കല്ലിട്ടാലെന്നപോലെ കലപില ശബ്ദമുണ്ടാക്കിക്കൊണ്ടിരിക്കും. ഇതായിരുന്നു അക്കാലത്തെ ഓത്തുപള്ളിക്കൂടത്തിന്റെ ഏതാണ്ടൊരു രൂപം. ഈ രൂപത്തിൽ തന്നെയാണ് മൗലവിയും ക്വുർആനും മാലമൗലീദാദികളും പഠിച്ചത്.**

ള്ളിയാഴ്ചയായിരുന്നു. ജുമുഅക്ക് ശേഷം അദ്ദേഹം പള്ളിയിൽ ഒരു വഅള് പറഞ്ഞു. അതിൽ അദ്ദേഹം ഇങ്ങനെ ചില കാര്യങ്ങൾ പരാമർശിച്ചു:

'ഇപ്പോൾ ഐക്യസംഘക്കാർ എന്നൊരു കൂട്ടർ പുറപ്പെട്ടിരിക്കുന്നതായി കേൾക്കാൻ കഴിഞ്ഞു. ക്വുർആനും ഹദീസും മാത്രം സ്വീകരിക്കുന്നവർ, അവർ തറാവീഹ് എട്ടു റക്അത്ത് മതി എന്നു പറയുന്നു. കാരണം ഹദീസിൽ അത്രയേ ഉള്ളൂവെന്ന്. ഇവിടെ അത്തരക്കാർ ആരെങ്കിലും ഉണ്ടെങ്കിൽ അവരോട് ഞാൻ ചോദിക്കുന്നു; സുബ്ഹിക്കു ഖുനൂത്ത് വേണമെന്നതിന് ഒരു ഹദീസ് കാണിച്ചു തരാൻ കഴിയുമോ?'

ഒരു വെടിക്കു രണ്ടു പക്ഷി! ജനങ്ങൾ മനസ്സിലാക്കിയത് ഐക്യസംഘത്തിന്റെ കണ്ഠകോടാലിയാണി ദ്ദേഹമെന്നാണ്! അതോടെ പറപ്പൂർ എന്തു പറഞ്ഞാലും നാട്ടുകാർക്കത് സ്വീകാര്യമായിരുന്നു.

അനാചാരങ്ങളിൽ മുഴുകിയ ജനങ്ങളെ ഒറ്റദിവസംകൊണ്ടു മാറ്റിയെടുക്കാനാവില്ലെന്നു പറപ്പൂരിനു പൂർണ ബോധ്യമുണ്ടായിരുന്നു. കാരണം അവരുടെ നിത്യജീവിതത്തിലെ ഓരോ സംഭവങ്ങളുമായി ലയിച്ചു ചേർന്നവയായിരുന്നു അനാചാരങ്ങൾ. അതുകൊണ്ട് ഈവക കാര്യങ്ങളിൽ അവരിലൊരാളെപ്പോലെ പങ്കെടുത്ത് കൊണ്ടുതന്നെ അതിലെ സത്യാസത്യങ്ങൾ ജനങ്ങൾക്കു ബോധ്യപ്പെടുത്തികൊടുക്കാനാണ് ആദ്യം മുതൽക്കേ പറപ്പൂർ ശ്രമിച്ചത്. അതിലദ്ദേഹം പൂർണമായി വിജയിക്കുക തന്നെ ചെയ്തു.

വിവാഹത്തിനു മുഹൂർത്തം നോക്കുന്ന ഏർപ്പാടുണ്ടായിരുന്നു അക്കാലത്ത്. നഹ്സും മറ്റും നോക്കി വലിയ സദ്യയും വിളമ്പിയാണ് വിവാഹദിനം നിശ്ചയിക്കുക. ഇത്തരം പരിപാടികളിൽ പറപ്പൂരും പങ്കെടുക്കും. ഇങ്ങനെ നഹ്സും മറ്റും നോക്കി നിശ്ചയിച്ച ഒരു വിവാഹം മുടങ്ങിപ്പോയപ്പോൾ പറപ്പൂർ ഇതിലെ പൊള്ളത്തരം ജനങ്ങൾക്കു ബോധ്യമാക്കി.

'ഈ നാട്ടിലെ ഏറ്റവും മികച്ച കോഴികളെ പിടിച്ച് അറുത്ത് സദ്യയൊക്കെയുണ്ടാക്കി, പേരെടുത്ത മുസ്ല്യാക്കൾ വന്ന് നഹ്സും മറ്റും നോക്കിയിട്ടിപ്പോൾ എന്തായി? കല്യാണം ഒടുവിൽ മുടങ്ങിപ്പോയി. അപ്പോൾ ഇതിലൊന്നും വലിയ കാര്യമില്ല.'

പറപ്പൂരിന്റെ വാക്കു ശരിയാണെന്നു ജനങ്ങൾക്കു ബോധ്യമാവാൻ ഏറെ നേരമൊന്നും വേണ്ടിവന്നില്ല. ഇതായിരുന്നു അദ്ദേഹത്തിന്റെ ശൈലി.

പിൽക്കാലത്ത് തന്റെ പ്രസംഗങ്ങളിൽ സെയ്ദ് മൗലവി സ്വീകരിച്ച ശൈലിയും ഗുരുനാഥനായ പറപ്പൂർ അബ്ദുറഹ്മാൻ മൗലവിയുടെ ഈ ശൈലിയായിരുന്നു. കുട്ടിക്കാലത്ത് മാലപ്പാട്ടുകളിലും മൗലിദുകളിലു മൊക്കെ നിപുണനായിരുന്ന അദ്ദേഹം ആദ്യം ഓതുക മാലകളാണ്. ആകർഷണീയമായ ഈണങ്ങളിലുള്ള മാലകൾ സദസ്സിനെ നന്നായി സ്വാധീനിക്കും. എന്നിട്ടദ്ദേഹം പറയും: 'ഇത് മാലക്കാരൻ പറഞ്ഞതാണ്. ഇനി ഇക്കാര്യത്തിൽ ക്വുർആൻ എന്താണു പറയുന്നതെന്നു നോക്കാം.'

എന്നിട്ടദ്ദേഹം ക്വുർആൻ ആയത്തുകൾ ഓതി വിശദീകരിക്കും. രണ്ടും തമ്മിൽ താരതമ്യപ്പെടുത്തി കാര്യങ്ങൾ അവതരിപ്പിക്കുമ്പോൾ ചിന്തിക്കുന്ന നിഷ്പക്ഷികൾക്ക് സത്യം ബോധ്യപ്പെടാൻ ഏറെ സമയം വേണ്ടിവരില്ല.

പറപ്പൂർ അബ്ദുറഹ്മാൻ മൗലവി അടുത്ത ശനിയാഴ്ച തന്നെ ദർസു തുടങ്ങാൻ ഏർപ്പാടാക്കി. സെയ്ദു മൗലവിയെക്കൂടാതെ ടി.പി.ആലു മൗലവി, ടി.പി.ഉണ്ണി മമ്മദ് മൗലവി, കുമരനെല്ലൂർകാരൻ ഫരീദുദ്ദീൻ മൗലവി, വെങ്ങരക്കാരൻ അയമുട്ടി മൗലവി, ആനമങ്ങാട്ടുകാരൻ മുഹ്യുദ്ദീൻകുട്ടി മൗലവി, ഊരകത്തുകാരൻ മൂസ മൗലവി, അബ്ദുല്ല മൗലവി, കുറുക്കൻ അബൂബക്കർ മൗലവി തുടങ്ങിയ വിദ്യാർഥികളുമുണ്ടായിരുന്നു.

ക്വുർആൻ ആദ്യം മുതൽ ഒന്നുകൂടി ഓതിക്കുകയാണ് പറപ്പൂർ ചെയ്തത്. കൂടാതെ മിശ്കാത്തുൽ മസാബീഹ് (ഹദീസ് ഗ്രന്ഥം) മുഖ്തസർ, ശറഹുത്തഹ്ദീബ് എന്നിവയും പഠിപ്പിച്ചു തുടങ്ങി. സൂറത്തുൽ ഫാതിഹയാണ് തുടങ്ങിയത്. അഞ്ചാമത്തെ ആയത്ത് അദ്ദേഹം വിവരിക്കാൻ തുടങ്ങിയപ്പോൾ മൗലവിക്കൊരു വെപ്രാളവും ഹൃദയമിടിപ്പും അനുഭവപ്പെടാൻ തുടങ്ങി. കാരണം അക്കാലം വരെ അദ്ദേഹം വിശ്വസിച്ചതിനും പ്രവർത്തിച്ചതിനും എതിരായിരുന്നു ആ വിശദീകരണം. അതുകൊണ്ടു തന്നെ മൗലവിയടക്കമുള്ള കുട്ടികൾ എതിർത്തു വാദിച്ചു. ചിരിച്ചുകൊണ്ടായിരുന്നു പറപ്പൂരിന്റെ വിശദീകരണം. അദ്ദേഹത്തിന്റെ മറുപടിയിലും മറുചോദ്യങ്ങളിലും പക്ഷേ, അവർ ഉത്തരം മുട്ടി. എങ്കിലും അതംഗീകരിക്കാൻ പ്രയാസം. സത്യം തങ്ങളുടെ പക്ഷത്താണെങ്കിലും അത് പറഞ്ഞു ഫലിപ്പിക്കാൻ കഴിയുന്നില്ലല്ലോ എന്നതിലായിരുന്ന മൗലവിയുടെ വേദന.

**(അവസാനിച്ചില്ല)**



അബൂതൻവീൽ
mail@nerpatham.com



# കരാറുകൾ പാലിക്കാനുള്ളതാണ്

ഒരു വിശ്വാസി അവൻ ഏറ്റെടുത്ത ഏത് ഉത്തരവാദിത്തവും പരിപൂർണമായി നിർവഹിക്കുന്നതിൽ ബദ്ധശ്രദ്ധനായിരിക്കും. ഏറ്റെടുത്ത കരാർ ഏതെങ്കിലും വിധേന പൂർത്തീകരിക്കാൻ സാധിച്ചില്ലെങ്കിൽ അതിനുള്ള പ്രായശ്ചിത്തം ഇസ്‌ലാം പഠിപ്പിക്കുന്നുണ്ട്. കരാർ ലംഘിക്കുന്നതിനെ വലിയ പാതകമായിട്ടാണ് ഇസ്‌ലാം കണക്കാക്കുന്നത്.

അല്ലാഹു പറയുന്നു: "അല്ലാഹുവോടുള്ള കരാറും സ്വന്തം ശപഥങ്ങളും തുച്ഛവിലയ്ക്ക് വിൽക്കുന്നവരാരോ അവർക്ക് പരലോകത്തിൽ യാതൊരു ഓഹരിയുമില്ല. ഉയിർത്തെഴുന്നേൽപിന്റെ നാളിൽ അല്ലാഹു അവരോട് സംസാരിക്കുകയോ, അവരുടെ നേർക്ക് (കാരുണ്യപൂർവം) നോക്കുകയോ ചെയ്യുന്നതല്ല. അവൻ അവർക്ക് വിശുദ്ധി നൽകുന്നതുമല്ല. അവർക്ക് വേദനയേറിയ ശിക്ഷയുണ്ടായിരിക്കുന്നതുമാണ്" (ആലുഇംറാൻ: 77).

മനുഷ്യന് പ്രകൃത്യാ ലഭിച്ച വിശേഷബുദ്ധിയും അവന്റെ കൺമുന്നിൽ കാണുന്ന പ്രകൃതി ദൃഷ്ടാന്തങ്ങളും അല്ലാഹുവിന്റെ അസ്തിത്വവും ഏകത്വവും ഗ്രഹിക്കാനും അംഗീകരിക്കാനും അവനെ ബാധ്യസ്ഥനാക്കുന്നു. പ്രവാചകന്മാർ മുഖേനയും വേദഗ്രന്ഥങ്ങൾ വഴിയും മറ്റും ലഭിച്ച നിർദേശങ്ങളും കൽപനകളും പാലിക്കുക എന്നത് വിശ്വാസിയെ സംബന്ധിച്ച് വലിയ ഉത്തരവാദിത്തമാണ്. കൂടാതെ അല്ലാഹു മനുഷ്യനോട് ചേർക്കുവാൻ ആവശ്യപ്പെട്ട ബന്ധങ്ങൾ അഥവാ രക്തബന്ധം, കുടുംബബന്ധം, സ്നേഹബന്ധം, അയൽപക്ക ബന്ധം, സാമൂഹികബന്ധങ്ങൾ തുടങ്ങിയ കാര്യങ്ങളും നിലനിർത്തൽ അവന്റെ ബാധ്യകതകളിൽ ഉൾക്കൊള്ളുന്നു. അങ്ങനെ അല്ലാഹുവിനോട് ഏറ്റിട്ടുള്ള ബാധ്യതകളൊന്നും നിറവേറ്റാതെ ഐഹിക ലാഭങ്ങൾക്കായി അവയെല്ലാം വിസ്മരിച്ച് ജീവിക്കുന്ന ആളുകൾക്ക് പരലോകത്ത് യാതൊരു നന്മയും രക്ഷയും ലഭിക്കുകയില്ലെന്നും സ്നേഹത്തിന്റെയോ കാരുണ്യത്തിന്റെയോ മാപ്പിന്റെയോ കണിക പോലും അവർക്ക് ലഭിക്കുകയില്ലെന്നും അതികഠിനമായ ശിക്ഷ അവർ അനുഭവിക്കേണ്ടിവരുമെന്നും അല്ലാഹു മുന്നറിയിപ്പ് നൽകുന്നു.

അനസ് ഇബ്നു നള്റി‌ﷺന്റെ മഹിതമായ ജീവിതത്തിൽ അല്ലാഹുവിനോടുള്ള കരാർ പാലിക്കുന്നതിൽ അദ്ദേഹം കാണിച്ച കണിശത നമുക്ക് ഉത്തമ മാതൃകയാണ്. ഉഹ്ദ് ദിനം ആഗതമായപ്പോൾ അദ്ദേഹത്തിന്റെ വാഗ്ദത്ത പൂർത്തീകരണത്തിന് മുസ്‌ലിംകൾ സാക്ഷ്യം വഹിക്കുകയുണ്ടായി.

അനസ്ബിൻ മാലിക്ﷺ ഉദ്ധരിക്കുന്നു: "മുസ്‌ലിംകൾ ശത്രുക്കളുമായി യുദ്ധത്തലേർപ്പെട്ട സവിശേഷമായ ബദ്ർ യുദ്ധത്തിൽ എന്റെ അമ്മാവൻ അനസ് ഇബ്നു നള്റിﷺന് പങ്കെടുക്കാൻ സാധിച്ചില്ല. ആ പ്രതിഫലവും സ്ഥാനവും നഷ്ടപ്പെട്ടതിലെ പ്രയാസങ്ങളും അദ്ദേഹത്തെ വേട്ടയാടിക്കൊണ്ടിരുന്നു. അദ്ദേഹം പറഞ്ഞു: 'അല്ലാഹുവിന്റെ റസൂലേ! മുശ്‌രിക്കുകളോട് അങ്ങ് ആദ്യമായി ബദ്‌റിൽ പോരാടിയപ്പോൾ ഞാൻ ഉണ്ടായിരുന്നില്ല. എന്നാൽ അല്ലാഹുവിന്റെ ശത്രുക്കളുമായി പോരാടാനുള്ള ഒരു അവസരം എന്റെ ജീവിതത്തിൽ നൽകുക യാണെങ്കിൽ എപ്രകാരം അതു വിനിയോഗിക്കുമെന്ന് നിശ്ചയം, അല്ലാഹുവിന് ഞാൻ കാണിച്ചു കൊടുക്കും.'

അങ്ങനെ അദ്ദേഹം ഉഹ്ദിൽ പങ്കെടുത്തു. ഉഹ്ദ്‌യുദ്ധ വേളയിൽ, മുസ്‌ലിംകളുടെ ഭാഗത്തുനിന്ന് വന്ന ഒരു പാളിച്ച മൂലം ചില ആശയക്കുഴപ്പങ്ങൾ ഉണ്ടായല്ലോ. പലരും പിന്തിരിഞ്ഞോടുകയും ആശയറ്റു പോവുകയും ചെയ്തു. അദ്ദേഹം അവരുടെ പ്രവൃത്തിയിൽ മനസ്സുനൊന്ത് അല്ലാഹുവോട് പ്രാർഥിച്ചു: 'അല്ലാഹുവേ ഈ മുസ്‌ലിംകളുടെ പ്രവൃത്തിയിൽ ഞാൻ നിന്നോടു ക്ഷമ യാചിക്കുന്നു, ഈ മുശ്‌രിക്കുകളുടെ പ്രവൃത്തിയിൽ എന്റെ നിരപരാധിത്തം നിന്റെ മുമ്പിൽ ഞാൻ സമർപ്പിക്കുകയും ചെയ്യുന്നു."

തുടർന്ന് അദ്ദേഹം മുന്നോട്ടു നീങ്ങി. വഴിയിൽ അദ്ദേഹം സഅ്ദ് ബിൻ മുആദിﷺനെ കണ്ടുമുട്ടി. അപ്പോൾ അദ്ദേഹത്തോട് പറയുകയാണ്: 'ഓ, സഅ്ദ് ബിൻ മുആദ്! നള്റിന്റെ നാഥനാണ് സത്യം! സ്വർഗത്തിന്റെ പരിമളം! ഉഹ്ദിന്റെ താഴ്‌വരയിൽ നിന്ന് സ്വർഗത്തിന്റെ നറുമണം ഞാനിതാ അനുഭവിക്കുകയാണ്."

തുടർന്ന് അദ്ദേഹം രണാങ്കണത്തിൽ ശത്രുക്കളുമായി കഠിനമായി പോരാടുകയും അല്ലാഹുവിന്റെ മാർഗത്തിൽ രക്തസാക്ഷ്യം വരിക്കുകയുമുണ്ടായി.

പിന്നീട് സഅ്ദ്ﷺ പറയുന്നു: "ഓ, അല്ലാഹുവിന്റെ ദൂതരേ! എനിക്ക് അദ്ദേഹം (അനസ് ഇബ്നു നള്ർ) ചെയ്തത് പോലെ ചെയ്യാനോ അദ്ദേഹം നേടിയത് നേടാനോ ആയില്ല! യുദ്ധം അവസാനി



ച്ചപ്പോൾ വാൾകൊണ്ടും കുന്തം കൊണ്ടുമെല്ലാം എൺപതിലധികം മുറിവുകളേറ്റ നിലയിൽ അദ്ദേഹത്തെ ഞങ്ങൾ കണ്ടെത്തി. അടിമുടി അംഗഭംഗമേറ്റിരുന്ന അദ്ദേഹത്തെ ആരും തിരിച്ചറിഞ്ഞില്ല; അവസാനം അദ്ദേഹത്തിന്റെ സഹോദരി അദ്ദേഹത്തിന്റെ വിരൽത്തുമ്പിലൂടെയാണ് തിരിച്ചറിഞ്ഞത്."

സൂറത്തുൽ അഹ്സാബിലെ ഈ സൂക്തം അദ്ദേഹത്തിന്റെയും അതുപോലുള്ളവരുടെയും കാര്യത്തിൽ പ്രശംസിക്കപ്പെട്ടു അവതരിച്ചതാണെന്ന് ഞങ്ങൾ വിശ്വസിക്കുന്നു: 'സത്യവിശ്വാസികളുടെ കൂട്ടത്തിൽ ചില ആളുകളുണ്ട്. ഏതൊരു കാര്യത്തിൽ അല്ലാഹുവോട് അവർ ഉടമ്പടി ചെയ്തുവോ, അതിൽ അവർ സത്യസന്ധത പുലർത്തി. അങ്ങനെ അവരിൽ ചിലർ (രക്തസാക്ഷിത്വത്തിലൂടെ) തങ്ങളുടെ പ്രതിജ്ഞ നിറവേറ്റി. അവരിൽ ചിലർ (അത്) കാത്തിരിക്കുന്നു. അവർ (ഉടമ്പടിക്ക്) യാതൊരു വിധ മാറ്റവും വരുത്തിയിട്ടില്ല' (അഹ്സാബ്: 23).

മേൽപ്പറഞ്ഞ കരാർ പാലനങ്ങളും ബന്ധങ്ങളും ബാധ്യതകളും കാത്തുസൂക്ഷിച്ചു പോന്ന വിശ്വാസികളെ കുറിച്ച് സൂറതുർറഅ്ദിലൂടെ അല്ലാഹു പറയുന്നത് ഇതിനോട് ചേർത്ത് വായിച്ചാൽ മനുഷ്യന് നൽകപ്പെട്ട ബുദ്ധിയും വിവേകവും വിജയകരമായി ഉപയോഗിച്ചവരെയും അല്ലാത്തവരെയും വേർതിരിച്ച് കാണാം:

"അല്ലാഹുവോടുള്ള ബാധ്യത നിറവേറ്റുകയും കരാർ ലംഘിക്കാതിരിക്കുകയും ചെയ്യുന്നവരത്രെ അവർ. കൂട്ടിയിണക്കപ്പെടാൻ അല്ലാഹു കൽപിച്ചത് (ബന്ധങ്ങൾ) കൂട്ടിയിണക്കുകയും, തങ്ങളുടെ രക്ഷിതാവിനെ പേടിക്കുകയും കടുത്ത വിചാരണയെ ഭയപ്പെടുകയും ചെയ്യുന്നവർ. തങ്ങളുടെ രക്ഷിതാവിന്റെ പ്രീതി ആഗ്രഹിച്ചുകൊണ്ട് ക്ഷമ കൈക്കൊള്ളുകയും, നമസ്കാരം മുറപോലെ നിർവഹിക്കുകയും, നാം നൽകിയിട്ടുള്ളതിൽനിന്ന് രഹസ്യമായും പരസ്യമായും ചെലവഴിക്കുകയും, തിന്മയെ നന്മകൊണ്ട്തടുക്കുകയും ചെയ്യുന്നവർ. അത്തരക്കാർക്ക് അനുകൂലമത്രെ ലോകത്തിന്റെ പര്യവസാനം" (റഅ്ദ് 20-22).

അല്ലാഹുവിനോടുള്ള കരാറുകളും സത്യസാക്ഷ്യവാക്യമനുസരിച്ചുള്ള ജീവിതവും ജനങ്ങളോടുള്ള കരാറുകളും വാഗ്ദാനങ്ങളുമെല്ലാം ഇതിൽ പെടുന്നു.

തുടർന്ന് അവർക്ക് ലഭിക്കാനിരിക്കുന്ന സൗഭാഗ്യത്തെക്കുറിച്ച് അല്ലാഹു പറയുന്നു: "അതായത്, സ്ഥിരവാസത്തിനുള്ള സ്വർഗത്തോപ്പുകൾ. അവരും അവരുടെ പിതാക്കളിൽനിന്നും ഇണകളിൽനിന്നും സന്തതികളിൽനിന്നും സദ്വൃത്തരായിട്ടുള്ളവരും അതിൽ പ്രവേശിക്കുന്നതാണ്. മലക്കുകൾ എല്ലാ വാതിലിലൂടെയും അവരുടെ അടുക്കൽ കടന്നുവന്നിട്ട് പറയും: നിങ്ങൾ ക്ഷമ കൈക്കൊണ്ടതിനാൽ നിങ്ങൾക്ക് സമാധാനം! അപ്പോൾ ലോകത്തിന്റെ പര്യവസാനം എത്ര നല്ലത്!" (റഅ്ദ്: 23,24).

> **മനുഷ്യന് പ്രകൃത്യാ ലഭിച്ച വിശേഷബുദ്ധിയും അവന്റെ കൺമുന്നിൽ കാണുന്ന പ്രകൃതി ദൃഷ്ടാന്തങ്ങളും അല്ലാഹുവിന്റെ അസ്തിത്വവും ഏകത്വവും ഗ്രഹിക്കാനും അംഗീകരിക്കാനും അവനെ ബാധ്യസ്ഥനാക്കുന്നു. പ്രവാചകന്മാർ മുഖേനയും വേദഗ്രന്ഥങ്ങൾ വഴിയും മറ്റും ലഭിച്ച നിർദേശങ്ങളും കൽപനകളും പാലിക്കുക എന്നത് വിശ്വാസിയെ സംബന്ധിച്ച് വലിയ ഉത്തരവാദിത്തമാണ്. കൂടാതെ അല്ലാഹു മനുഷ്യനോട് ചേർക്കുവാൻ ആവശ്യപ്പെട്ട ബന്ധങ്ങൾ അഥവാ രക്തബന്ധം, കുടുംബബന്ധം, സ്നേഹ ബന്ധം, അയൽപക്ക ബന്ധം, സാമൂഹികബന്ധങ്ങൾ തുടങ്ങിയ കാര്യങ്ങളും നിലനിർത്തൽ അവന്റെ ബാധ്യകതകളിൽ ഉൾക്കൊള്ളുന്നു. അങ്ങനെ അല്ലാഹുവിനോട് ഏറ്റിട്ടുള്ള ബാധ്യതകളൊന്നും നിറവേറ്റാതെ ഐഹിക ലാഭങ്ങൾക്കായി അവയെല്ലാം വിസ്മരിച്ച് ജീവിക്കുന്ന ആളുകൾക്ക് പരലോകത്ത് യാതൊരു നന്മയും രക്ഷയും ലഭിക്കുകയില്ലെന്ന് അല്ലാഹു മുന്നറിയിപ്പ് നൽകുന്നു.**

എന്നാൽ കരാറുകൾ ലംഘിച്ചും ബന്ധങ്ങൾ വിഛേദിച്ചുമൊക്കെയാണ് ജീവിക്കുന്നതെങ്കിൽ അവർ അല്ലാഹുവിന്റെ ശാപകോപങ്ങൾക്ക് പാത്രമാകുന്നതാണ്. അല്ലാഹു പറയുന്നു:

"അല്ലാഹുവോടുള്ള ബാധ്യത ഉറപ്പിച്ചതിന് ശേഷം ലംഘിക്കുകയും, കൂട്ടിയിണക്കപ്പെടാൻ അല്ലാഹു കൽപിച്ചതിനെ (ബന്ധങ്ങളെ) അറുത്ത് കളയുകയും, ഭൂമിയിൽ കുഴപ്പമുണ്ടാക്കുകയും ചെയ്യുന്നവരാരോ അവർക്കാണ് ശാപം. അവർക്കാണ് ചീത്ത ഭവനം" (റഅ്ദ്: 25).

ഹുസൈൻ സലഫി, ഷാർജ
hsalafi@gmail.com





# ഹുദയ്ബിയ സന്ധി

**മുഹമ്മദ് നബിﷺ 50**

ശത്രുക്കളെക്കൊണ്ടും കപടന്മാരെക്കൊണ്ടും പൊറുതിമുട്ടിയ ഘട്ടമായിരുന്നു ഇത്. പരീക്ഷണങ്ങൾ പലവിധത്തിൽ മുസ്‌ലിംകൾക്ക് ഉണ്ടായി. എന്നാൽ അല്ലാഹുവിന്റെ സഹായം കൊണ്ട് നബിﷺയുടെ മനസ്സിനെ ഭീരുത്വമോ പരിഭ്രമമോ ബാധിച്ചതേയില്ല. അവിടുന്ന് അല്ലാഹുവിന്റെ കൽപന പ്രകാരം യുദ്ധ രംഗത്ത് ഉറച്ചുനിന്നു. അല്ലാഹുവിന്റെ റസൂൽﷺ സഖ്യകക്ഷികൾക്ക് എതിരിൽ പ്രാർഥിച്ചു: "വേദഗ്രന്ഥം ഇറക്കിയ, വേഗത്തിൽ വിചാരണ നടത്തുന്ന അല്ലാഹുവേ, സഖ്യകക്ഷികളെ നീ നിലംപരിശാക്കേണമേ. അല്ലാഹുവേ, അവരെ തകർക്കുകയും വിറപ്പിക്കുകയും ചെയ്യേണമേ''(ബുഖാരി).

അല്ലാഹു നബിﷺയുടെ പ്രാർഥന സ്വീകരിച്ചു. സന്തോഷ വാർത്തയുമായി ജിബ്‌രീൽ(അ) നബിﷺയുടെ അടുത്ത് ചെന്നു. അല്ലാഹുവിന്റെ കാരുണ്യത്തിന് നബിﷺ നന്ദി പ്രകടിപ്പിച്ചു.

യുദ്ധത്തിനായി സഖ്യസേന മദീനയിലേക്ക് വരുന്നുണ്ടെന്ന വിവരം നബിﷺക്ക് ലഭിച്ചപ്പോൾ അവരെക്കുറിച്ചുള്ള വിവരം അറിയുന്നതിനായി ഹുദൈഫ(റ)യെ അയച്ചിരുന്നു.

ഇബ്‌റാഹീം അത്തയ്മിയ്യ്ﷺ തന്റെ പിതാവിൽ നിന്ന് നിവേദനം; നബിﷺ പറഞ്ഞു: "...ആ ജനതയുടെ വിവരം എനിക്ക് കൊണ്ടുവന്നു തരാൻ ഒരാളും ഇല്ലേ? (എന്നാൽ) അവനെ അല്ലാഹു അന്ത്യനാളിൽ എന്റെ കൂടെയാക്കുന്നതാണ്." അപ്പോൾ ഞങ്ങൾ നിശ്ശബ്ദരായി. ഞങ്ങളിൽ ഒരാളും അവിടുത്തേക്ക് മറുപടി നൽകിയില്ല. പിന്നെയും (അവിടുന്ന്) ചോദിച്ചു: "ആ ജനതയുടെ വിവരം എനിക്ക് കൊണ്ടുവന്നു തരാൻ ഒരാളും ഇല്ലേ? (എന്നാൽ) അവനെ അല്ലാഹു അന്ത്യനാളിൽ എന്റെ കൂടെയാക്കുന്നതാണ്." അപ്പോൾ ഞങ്ങൾ നിശ്ശബ്ദരായി. ഞങ്ങളിൽ ഒരാളും അവിടുത്തേക്ക് മറുപടി നൽകിയില്ല. എന്നിട്ട് അവിടുന്ന് പറഞ്ഞു: "ഓ, ഹുദൈഫാ, എഴുന്നേൽക്കൂ. എന്നിട്ട് ആ ജനതയുടെ വിവരം നമുക്ക് എത്തിക്കൂ..."(മുസ്‌ലിം).

ശത്രുസേനയുടെ നീക്കങ്ങൾ മനസ്സിലാക്കുക എന്നത് അത്ര എളുപ്പമുള്ള കാര്യമല്ല. സ്വഹാബിമാരാകട്ടെ വിശപ്പും ക്ഷീണവും തണുപ്പുമെല്ലാം സഹിച്ച് പ്രയാസകരമായ അവസ്ഥയിലുമാണ്. അതിനാൽ സ്വഹാബിമാർ ഒന്നും പറയാനാവാതെ നിശ്ശബ്ദരായി നിൽക്കുമ്പോൾ നബിﷺ ഹുദയ്ഫﷺയെ വിളിച്ച് ആ കാര്യം ഏൽപിച്ചു. അല്ലാഹുവിന്റെ റസൂൽﷺന്റെ കൽപനയനുസരിച്ച് ഹുദയ്ഫﷺ പുറപ്പെട്ടു. അതിശൈത്യവും കൂരിരുട്ടുമുള്ള ആ രാത്രിയിൽ ശത്രുപാളയത്തിലേക്ക് അല്ലാഹു കൊടുങ്കാറ്റിനെ അയച്ചു. ശത്രുക്കളുടെ മുഖത്തും കണ്ണിലും മണ്ണ് നിറഞ്ഞു. അവരുടെ തമ്പുകൾ പറന്നുപോയി. തീ കെട്ടുപോയി. ഭക്ഷണ പാത്രങ്ങൾ മറിഞ്ഞുവീണു. കുതിരകൾ അലറിപ്പാഞ്ഞു. ചരൽമഴ വർഷിച്ചു. കൂട്ട നിലവിളിയായി. ശത്രുക്കൾ അങ്ങേയറ്റം ഭയവിഹ്വലരായി. അവരുടെ നേതാവ് അവരോട് ഓടി രക്ഷപ്പെടാൻ ആഹ്വാനം നടത്തി. നേതാവ് ആദ്യം ഓടി രക്ഷപ്പെട്ടു. ശത്രുസേന ഛിന്നഭിന്നമായി സ്ഥലം വിട്ടു. ഒരു ഏറ്റുമുട്ടൽ നടക്കാതെ മുസ്‌ലിംകൾക്ക് രക്ഷ ലഭിക്കുകയും ചെയ്തു.

നബിﷺയെ അല്ലാഹു ഈ വിവരം അറിയിച്ചു. ഹുദയ്ഫﷺയും വിവരവുമായി വന്നു. ആ സമയത്ത് നബിﷺ പറഞ്ഞു: "അല്ലാഹു അല്ലാതെ ആരാധ്യനില്ല. അവർ ഏകനാണ്. അവന്റെ സൈന്യത്തെ അവൻ അന്തസ്സുള്ളതാക്കി, അവന്റെ ദാസനെ അവൻ സഹായിച്ചു, സഖ്യകക്ഷികളെ അവൻ മാത്രം അതിജയിച്ചു, അവന്നുശേഷം ഒന്നും ഇല്ല"(ബുഖാരി).

മുസ്‌ലിംകൾക്ക് അല്ലാഹു നൽകിയ ഈ അനുഗ്രഹത്തെ ഓർമിപ്പിച്ച് ക്വുർആൻ പറയുന്നത് കാണുക: "സത്യവിശ്വാസികളേ, നിങ്ങളുടെ അടുത്ത് കുറെ സൈന്യങ്ങൾ വരികയും അപ്പോൾ അവരുടെ നേരെ ഒരു കാറ്റും നിങ്ങൾ കാണാത്ത സൈന്യങ്ങളെയും അയക്കുകയും ചെയ്ത സന്ദർഭത്തിൽ അല്ലാഹു നിങ്ങൾക്ക് ചെയ്തുതന്ന അനുഗ്രഹം നിങ്ങൾ ഓർമിക്കുക. അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നത് കണ്ടറിയുന്നവനാകുന്നു" (33:9).

ശത്രുക്കൾ മദീനയിലേക്ക് പ്രവേശിക്കാൻ സാധ്യതയുള്ള ഭാഗങ്ങളിലെല്ലാം നബിﷺ സ്വഹാബിമാരെ സജ്ജരാക്കി നിർത്തിയിരുന്നു. ശത്രുക്കളുടെ പ്രത്യാക്രമണത്തെ ചെറുക്കാനായുള്ള ഈ നിറുത്തത്തിൽ അവർക്കന്ന് അസ്വ്ർ നമസ്‌കാരം കൃത്യസമയത്ത് നിർവഹിക്കാൻ കഴിയാത്ത അവസ്ഥ വന്നു. സ്വന്തത്തിനെതിരെ എന്ത് ചെയ്താലും വിട്ടുവീഴ്ച കാണിച്ച പ്രവാചകൻﷺ തങ്ങളുടെ നമസ്‌കാരം നഷ്ടമാകാൻ കാരണക്കാരായ ഈ കക്ഷികൾക്കെതിരിൽ അല്ലാഹുവിനോട് പ്രാർഥിച്ചു:

"സൂര്യൻ അസ്തമിക്കുന്നതുവരെ അസ്വ്ർ നമസ്‌കാരത്തെ തൊട്ട് ഞങ്ങളെ വ്യാപൃതരാക്കിയവരുടെ ക്വബ്‌റുകളെയും വീടുകളെയും അല്ലാഹു തീ കൊണ്ട് നിറക്കട്ടെ" (ബുഖാരി).

'സ്വലാത്തുൽ ഖൗഫ്' നിയമമാക്കുന്നതിന് മുമ്പായിരുന്നു ഖന്തക്വ് യുദ്ധം എന്നാണ് ചില റിപ്പോർട്ടുകളിൽ ഉള്ളത്. നമസ്‌കാരം നഷ്ടമായതിൽ നബിﷺ അങ്ങേയറ്റം വിഷമിച്ചു. അതിനാലാണ് അവിടുന്ന് അവർക്കെതിരിൽ അപ്രകാരം പ്രാർഥിച്ചത്.

### ഹുദയ്ബിയ സന്ധി

ഹിജ്‌റ ആറാം വർഷം ദുൽക്വഅ്ദ മാസത്തിന്റെ തുടക്കത്തിൽ നബിﷺ സ്വഹാബിമാരെയും കൂട്ടി മദീനയിൽ നിന്നും ഉംറ നിർവഹിക്കുന്നതിനായി പുറപ്പെട്ടു. അതിന് ഒരു കാരണവും ഉണ്ടായിരുന്നു. നബിﷺ ഒരു സ്വപ്നം കാണുകയുണ്ടായി. നബിﷺയും സ്വഹാബിമാരും മുടി മുണ്ഡനം ചെയ്തവരും മുറിച്ചവരുമായി നിർഭയരായിക്കൊണ്ട് മക്കയിൽ പ്രവേശിക്കുക തന്നെ ചെയ്യും എന്നതായിരുന്നു ആ സ്വപ്നത്തിന്റെ ഉള്ളടക്കം. ഒരു ശുഭസൂചനയായിരുന്നു ആ സ്വപ്നം.

നബിﷺയുടെ നേതൃത്വത്തിൽ സ്വഹാബിമാർ ഉംറ നിർവഹിക്കുന്നതിനായി പുറപ്പെട്ടു. ഇങ്ങനെ പുറപ്പെടുന്നതിൽ നബിﷺക്ക് വേറെയും ചില ഉദ്ദേശ്യങ്ങൾ ഉണ്ടായിരുന്നു. മക്കയിൽനി

ന്നും മദീനയിലേക്ക് നബിﷺയും സ്വഹാബിമാരും ഹിജ്റ പോയതിന്റെ പേരിൽ മക്കയിലെ മുശ്‌രിക്കുകൾ പല ആരോപണങ്ങളും പ്രചരിപ്പിച്ചിരുന്നു. 'മുഹമ്മദിനും അവന്റെ ആളുകൾക്കും ഇപ്പോൾ കഅ്ബയോട് സ്നേഹമില്ല, മക്കയോട് ആദരവില്ല, ഹറമിന് പവിത്രത കൽപിക്കുന്നില്ല' തുടങ്ങിയവയായിരുന്നു അവരുടെ ആരോപണങ്ങൾ. ഉംറ ചെയ്യുന്നതിനോടൊപ്പം ഈ ആരോപണങ്ങളുടെ മുനയൊടിക്കുക എന്ന ലക്ഷ്യത്തോടുകൂടിയുമായിരുന്നു നബിﷺയുടെ ഈ പുറപ്പാട്. മദീന ഹിജ്റക്ക് ശേഷമുണ്ടായ ആദ്യത്തെ മക്കാ യാത്രയായിരുന്നു അത്.

മക്കയിലേക്ക് പ്രവേശിക്കുമ്പോൾ ശത്രുക്കൾ തടയാൻ സാധ്യതയുണ്ട് എന്ന ആശങ്ക നബിﷺക്ക് ഉണ്ടായിരുന്നു. അവർ തടയുന്നതിനെ പറ്റിയുള്ള ധാരണയിൽ തന്നെയാണ് നബിﷺ അവിടേക്ക് പുറപ്പെടുന്നത്. അതിനാൽതന്നെ മദീനയിലുള്ള വിശ്വാസികളോടെല്ലാം മക്കയിലേക്കുള്ള യാത്രക്ക് സജ്ജരാകാൻ റസൂൽﷺ കൽപിച്ചിരുന്നു. ഗ്രാമങ്ങളിൽ വസിക്കുന്ന അറബി ഗോത്രങ്ങളെവരെ ഈ യാത്രക്ക് നബിﷺ ക്ഷണിച്ചു. എന്നാൽ ഗ്രാമീണരായ പല അറബികളും മക്കയിലേക്ക് പോയാൽ അവിടെ വല്ല പ്രശ്നങ്ങളും ഉണ്ടാകാൻ സാധ്യതയുണ്ടെന്ന് മനസ്സിലാക്കി പേടിച്ച് പിന്മാറുകയുണ്ടായി എന്നാണ് ക്വുർആനും തിരുവചനങ്ങളും മനസ്സിലാക്കിത്തരുന്നത്. എന്നാലും നബിﷺയുടെ കൂടെ ആയിരത്തി നാനൂറോളം ആളുകൾ ഉണ്ടായിരുന്നു. ഈ യാത്രക്ക് സാക്ഷികളായ ജാബിർ ഇബ്നു അബ്ദില്ലാഹ്ؓ, ബറാഅ് ഇബ്നു ആസിബ്ؓ, മഅ്ക്വൽ ഇബ്നു യസാർؓ, സലമത് ഇബ്നു അൽഅക്വഅ്ؓ, അൽ മുസയ്യബ് ഇബ്നു ഹസൻؓ തുടങ്ങിയ സ്വഹാബിമാർ ആ യാത്രയെ സംബന്ധിച്ചുള്ള വിവരണം വിശദമായി മുസ്‌ലിം ലോകത്തിന് കൈമാറിത്തന്നിട്ടുണ്ട്.

മദീനയിൽനിന്ന് പുറപ്പെട്ട മുസ്‌ലിംകൾ മക്കയിൽ എത്തുന്നതിന് മുമ്പായുള്ള ദുൽഹുലയ്ഫ എന്ന സ്ഥലത്തുവെച്ച് ഇഹ്റാമിൽ പ്രവേശിച്ചു. മദീനയിൽനിന്ന് ഹജ്ജ്-ഉംറ കർമങ്ങൾക്കായി പോകുന്നവർ ഇഹ്റാമിൽ പ്രവേശിക്കുവാനായി നബിﷺ നിശ്ചയിച്ച മീക്വാത്താണ് ദുൽഹുലയ്ഫ. ഇന്ന് അത് ബിഅ്റു അലി എന്ന പേരിലാണ് അറിയപ്പെടുന്നത്. എഴുപതോളം ഒട്ടകങ്ങൾ നബിﷺയുടെ കൂടെ ഉണ്ടായിരുന്നു. മക്കയിൽനിന്ന് കുറേ കാലമായല്ലോ നബിﷺ പോന്നിട്ട്. അവിടെ വെച്ച് അല്ലാഹുവിന്റെ പ്രീതി ആഗ്രഹിച്ച് ബലിയറുക്കണം എന്ന് അവിടുത്തേക്ക് ആഗ്രഹമുണ്ടായിരുന്നു. അതിനാണ് ഈ എഴുപതോളം ഒട്ടകങ്ങളെ കരുതിയിരുന്നത്.

പതിവുപോലെ, നബിﷺ ഒരു ദൂതനെ മക്കയിലേക്ക് അയച്ചു. ബുസ്ർ ഇബ്നു സുഫ്‌യാൻؓ ആയിരുന്നു ആ ദൂതൻ. മക്കക്കാർ മുസ്‌ലിംകളുടെ ഈ പുറപ്പാട് അറിഞ്ഞിട്ടുണ്ടോ, എന്താണ് അവരുടെ നീക്കം തുടങ്ങിയ കാര്യങ്ങൾ അറിയാനായിരുന്നു അദ്ദേഹത്തെ നബിﷺ അയച്ചത്.

മുസ്‌ലിംകൾ യാത്ര പുറപ്പെട്ടു. അസ്ഫാൻ എന്ന സ്ഥലത്തെത്തിയപ്പോൾ ബുസ്ർؓ മുഖേന നബിﷺക്ക് വിവരം കിട്ടി. മക്കക്കാർ വിവരം അറിഞ്ഞിട്ടുണ്ടെന്നും, അവർ ഇളകിമറിഞ്ഞിരിക്കുകയാണെന്നും, മുസ്‌ലിംകളെ മക്കയിലേക്ക് പ്രവേശിക്കാൻ അനുവദിക്കില്ലെന്നും, തടയാനായി ഖാലിദ് ഇബ്നുൽ വലീദിന്റെ നേതൃത്വത്തിൽ ഒരു സൈനിക വ്യൂഹം തന്നെ പുറപ്പെട്ടിട്ടുണ്ടെന്നും നബിﷺക്ക് വിവരം ലഭിച്ചു.

നയപരമായ കാര്യങ്ങളിൽ എപ്പോഴും നബിﷺ അല്ലാഹുവിന്റെ കൽപന പ്രകാരം അനുചരന്മാരുമായി കൂടിയാലോചിച്ചതിന് ശേഷമാണ് തീരുമാനമെടുത്തിരുന്നത്. എന്നിട്ട് അല്ലാഹുവിൽ തവക്കുൽ ചെയ്ത് മുന്നോട്ട് പോകലായിരുന്നു അവിടുത്തെ പതിവ്. അതേ രീതി ഇവിടെയും നബിﷺ സ്വീകരിച്ചു. സ്വഹാബിമാരോട് നബിﷺ ചർച്ച നടത്തി.

നാം അവരോട് യുദ്ധത്തിന് ഒരുങ്ങണോ? എന്താണ് നാം ചെയ്യേണ്ടത്? അന്നേരം അബൂബക്ർؓ പറഞ്ഞു:

'അല്ലാഹുവിന്റെ റസൂലേ, ഈ ഭവനത്തിലേക്ക് ഉംറ ചെയ്യുന്നവനായിട്ടാണല്ലോ അവിടുന്ന് പുറപ്പെട്ടിരിക്കുന്നത്. ഒരാളെയും വധിക്കുവാനോ ഒരാളോടും യുദ്ധം ചെയ്യാനോ അവിടുന്ന് ഉദ്ദേശിച്ചിട്ടില്ല. അതിനാൽ അതിന് (കഅ്ബക്ക്) നേരെ ഗമിച്ചേക്കുക. അങ്ങനെ ആരെങ്കിലും അതിൽനിന്ന് നമ്മെ തടുക്കുന്നുവെങ്കിൽ അവനോട് നാം യുദ്ധം ചെയ്യും.' നബിﷺ പറഞ്ഞു: 'അല്ലാഹുവിന്റെ നാമത്തിൽ നിങ്ങൾ പോകൂ' (ബുഖാരി).

നബിﷺയും സ്വഹാബിമാരും മക്കയിലേക്കുള്ള യാത്ര തുടർന്നു. ശത്രുവിന്റെ സാന്നിധ്യം നബിﷺക്ക് മനസ്സിലായി. ശത്രുക്കളുടെ കുതിരപ്പട അടുത്ത് എത്താറായിരിക്കുന്നു എന്ന് അവിടുത്തേക്ക് ബോധ്യമായി. നമസ്കാരത്തിന്റെ സമയവും ആയി. അങ്ങനെ അവിടെ വെച്ച് നബിﷺ സ്വഹാ

ബിമാരെയും കൂട്ടി നമസ്കരിച്ചു. സ്വലാത്തുൽ ഖൗഫാണ് (ഭയത്തിന്റെ അവസരത്തിലുള്ള നമസ്കാരം) അവർ നിർവഹിച്ചത്. യുദ്ധ സാഹചര്യത്തിലും ശത്രുവിന്റെ മുമ്പിൽ വെച്ചും പേടിക്കുന്ന സമയത്ത് ഇപ്രകാരമാണ് നമസ്കരിക്കേണ്ടത് എന്ന് നബിﷺ സ്വഹാബിമാരെ പഠിപ്പിച്ചു. ഇസ്‌ലാമിക ചരിത്രത്തിലെ ആദ്യത്തെ സ്വലാത്തുൽ ഖൗഫ് ഹുദയ്ബിയക്ക് അടുത്തുള്ള ഈ അസ്ഫാനിൽ വെച്ചായിരുന്നു നടന്നത് എന്ന് ചരിത്രത്തിൽ നിന്നും നമുക്ക് മനസ്സിലാക്കാം.

നമസ്കാരം നിർവഹിച്ചശേഷം യാത്ര തുടർന്നു. അങ്ങനെ ഹുദയ്ബിയ എന്ന സ്ഥലത്ത് നബിﷺയും അനുചരന്മാരും എത്തി. ഹുദയ്ബിയയുടെ പല ഭാഗങ്ങളും ഹറമിൽ ഉൾപെട്ടതാണ്. അത്രത്തോളം കഅ്ബയുടെ സമീപത്ത് നബിﷺയും സ്വഹാബിമാരും എത്തി എന്നർഥം. ശുമയ്സിയ എന്ന പേരിലാണ് ഇന്ന് അത് അറിയപ്പെടുന്നത് എന്ന് ചില ഗ്രന്ഥങ്ങളിൽനിന്ന് നമുക്ക് മനസ്സിലാക്കാൻ സാധിക്കും. ഹുദയ്ബിയയിൽ നബിﷺ എത്തിയപ്പോൾ അവിടുത്തെ ഒട്ടകമായ ക്വസ്വാഅ് മുന്നോട്ട് പോകാതെ മുട്ടുകുത്തി കിടന്നു. ഇതു കണ്ട സ്വഹാബിമാർ പറഞ്ഞു: 'ക്വസ്വാഅ് ക്ഷീണിച്ചിരിക്കുന്നു, ക്വസ്വാഅ് ക്ഷീണിച്ചിരിക്കുന്നു.' അപ്പോൾ നബിﷺ പറഞ്ഞു: 'ക്വസ്വാഅ് ക്ഷീണിച്ചിട്ടില്ല, അത് അതിന്റെ സ്വഭാവവും അല്ല. പക്ഷേ, ആനയെ തടഞ്ഞവൻ തടഞ്ഞതാണ്.' പിന്നീട് നബിﷺ പറഞ്ഞു: 'എന്റെ ആത്മാവ് ആരുടെ കൈയിലാണോ അവൻ തന്നെയാണ (സത്യം), അല്ലാഹുവിന്റെ പവിത്രതകളെ ബഹുമാനിക്കുന്ന ഏതൊരു കാര്യവും അവർ എന്നോട് ചോദിച്ചിട്ടില്ല, ഞാൻ അവർക്ക് അത് നൽകിയിട്ടല്ലാതെ...'(ബുഖാരി).

കഅ്ബ പൊളിക്കാൻ വന്ന അബ്റഹത്തിനെയും അവന്റെ സൈന്യത്തെയും അല്ലാഹു നശിപ്പിച്ചത് മുമ്പ് നാം വിവരിച്ചിട്ടുണ്ട്. അബ്റഹത്ത് കൊണ്ടുവന്ന ആനകൾ കഅ്ബക്ക് നേരെ തിരിയുമ്പോൾ നിലത്തേക്ക് ആണ്ടുപോവുകയാണ് ഉണ്ടായത്. എന്നാൽ ഇന്ന് കഅ്ബയെ സംരക്ഷിക്കാനായി, അതിന് അർഹിക്കുന്ന സ്ഥാനവും പദവിയും നൽകുന്നതിന് വേണ്ടിയാണ് നബിﷺയും സ്വഹാബിമാരും അവിടേക്ക് പുറപ്പെടുന്നത്. അന്ന് ആനയെ പിടിച്ചുവെച്ചവൻ ഇപ്പോൾ നമ്മുടെ ഒട്ടകത്തെയും പിടിച്ചുവെക്കുകയാണെന്നും, അതല്ലാതെ അതിന് ക്ഷീണം ബാധിച്ചതല്ലെന്നും അവിടുന്ന് സ്വഹാബത്തിനെ പഠിപ്പിക്കുകയാണ്. എന്തിനാണ് നബിﷺയുടെ ഒട്ടകത്തെ അല്ലാഹു പിടിച്ചു വെക്കുന്നത്? അതെ, ശേഷം വലിയ ഒരു വിജയം മുസ്‌ലിംകൾക്ക് വരാനിരിക്കുന്നു. അതിന് മുന്നോടിയായി അല്ലാഹു നിശ്ചയിച്ച കാര്യങ്ങൾ സംഭവിപ്പിക്കുകയാണ്.

യാത്രയിൽ അവരുടെ ആവശ്യങ്ങൾക്കായി അവർ കരുതിയിരുന്ന വെള്ളം തീർന്നുപോയി. ദാഹാർത്തരായി മുസ്‌ലിംകൾ വലഞ്ഞു. അവിടെവെച്ച് നബിﷺയിലൂടെ മറ്റൊരു അത്ഭുതം സംഭവിക്കുകയാണ്. അവിടെ അൽപം മാത്രം വെള്ളമുള്ള ഒരു കിണർ ഉണ്ടായിരുന്നു. അതിലേക്ക് തന്റെ ഉമിനീർ പുരട്ടിയ ഒരു അമ്പ് എടുത്ത് എറിഞ്ഞു. അതോടെ വെള്ളം ഊർന്ന് വരാൻ തുടങ്ങി. അങ്ങനെ സ്വഹാബിമാർ മുഴുവനും അത് ഉപയോഗിക്കുകയും ചെയ്തു. അത് ഒരു മുഅ്ജിസത്തായിരുന്നു, അഥവാ നബിﷺയിലൂടെ അല്ലാഹു വെളിവാക്കിയ അവന്റെ ദൃഷ്ടാന്തമായിരുന്നു.

ഈ സമയത്തെല്ലാം ദൂതന്മാർ മുഖാന്തിരം തന്റെ ആഗമനോദ്ദേശ്യം എന്താണെന്ന് നബിﷺ ക്വുറയ്ശികളെ അറിയിച്ചു കൊണ്ടിരുന്നു. മക്കയോട് അടുത്താണല്ലോ നബിﷺയും സ്വഹാബിമാരും ഉള്ളത്. രംഗം വഷളാകാൻ പോകുന്ന അവസ്ഥയിലായി. ക്വുറയ്ശികൾ പ്രക്ഷുബ്ധരായിക്കഴിഞ്ഞിട്ടുണ്ട്. അവരെ കാര്യം അറിയിക്കാനായി സ്വഹാബിമാരെ ഇടയ്ക്കിടെ അയക്കുന്നുണ്ട്. അതൊന്നും ഫലം കാണാതായി. ദൂതന്മാർ അവരോട് പറഞ്ഞു: 'അവിടുന്ന് ഒരാളോടും യുദ്ധം ഉദ്ദേശിച്ചിട്ടില്ല. നിശ്ചയമായും അവിടുന്ന് ഉദ്ദേശിച്ചത് കഅ്ബ സന്ദർശിക്കുവാനും അതിനെ ആദരിക്കുവാനും മാത്രമാകുന്നു.'

ബുദയ്ൽ رضي الله عنه നബിﷺയെ സമീപിച്ചു. നബിﷺയെയും വിശ്വാസികളെയും തടയാൻ തന്നെയാണ് അവരുടെ തീരുമാനം എന്ന് നബിﷺയെ അദ്ദേഹം അറിയിച്ചു. നബിﷺ തന്റെ നിലപാട് അദ്ദേഹത്തെയും അറിയിച്ചു. ബുദയ്ൽ അത് ക്വുറയ്ശികളെയും അറിയിച്ചു. അതിന് അവർ ഇപ്രകാരം മറുപടി നൽകി:

"അവൻ അതിനുവേണ്ടി മാത്രമാണ് വന്നത് എങ്കിൽ അല്ലാഹുവാണ (സത്യം), സമാധാനത്തിലൂടെ അവൻ ഞങ്ങളിലൂടെ അതിൽ പ്രവേശിക്കുന്നതല്ല. അറബികൾക്ക് അങ്ങനെ ഒരു സംസാരം തന്നെ ഉണ്ടാകാവതല്ല''(അഹ്മദ്).

മുസ്‌ലിംകളെ ശത്രുക്കൾ തടഞ്ഞാലും ഇല്ലെങ്കിലും നബിﷺയും അനുയായികളും വിശുദ്ധ ഹറമിനെ ആദരിക്കു

ന്നവരാണ് എന്ന് വെളിപ്പെടുത്തുവാൻ സാധിച്ചിരിക്കുകയാണ്. തടഞ്ഞാൽ ജനങ്ങൾ പറയും: 'മുഹമ്മദും അനുയായികളും കഅ്ബയെ ബഹുമാനിച്ച് വന്നപ്പോൾ അറബികൾ അവരെ തടഞ്ഞു.' അത് അവർക്ക് ചീത്തപ്പേരാണല്ലോ നൽകുക. നബിﷺ കഅ്ബയെ ആദരിക്കുന്നുണ്ട് എന്ന വസ്തുത അപ്പോൾ വെളിപ്പെടും. ഇനി തടഞ്ഞില്ലെങ്കിലോ, അപ്പോഴും ഇത് ബോധ്യപ്പെടും. കാരണം, എത്രയോ ദൂരം യാത്ര ചെയ്താണല്ലോ നബിﷺയും സ്വഹാബിമാരും മക്കയിലേക്ക് വരുന്നത് ഹറമിന്റെ പവിത്രത ഉൾക്കൊണ്ടും അതിനെ ബഹുമാനിക്കുന്നത് കൊണ്ടുമാണല്ലോ. രണ്ടായിരുന്നാലും ശത്രുക്കൾ മുസ്‌ലിംകളെ പറ്റി മക്കയിൽ പ്രചരിപ്പിച്ച കള്ളപ്രചാരണം തകരാൻ പോകുകയാണ്.

അവസാനമായി ഉഥ്മാൻ ഇബ്നു അഫ്ഫാനെ‌ؓയായിരുന്നു നബിﷺ സന്ദേശവുമായി അയച്ചത്.അദ്ദേഹം മക്കയിലെ പ്രമുഖരെ സമീപിച്ച് മുസ്‌ലിംകളെ ഉംറ ചെയ്യാൻ അനുവദിക്കണമെന്ന് ആവശ്യപ്പെട്ടു. ആ സമയത്ത് അവർ പറഞ്ഞു: 'ഏതായിരുന്നാലും ഇവിടേക്ക് വന്ന സ്ഥിതിക്ക് താങ്കൾ ത്വവാഫും ഉംറയും നിർവഹിച്ചു കൊള്ളുക.' ഉഥ്മാൻؓ പറഞ്ഞു: 'ഞാൻ ഒരു നേതാവിന്റെ അനുമതിയോടെയാണ് ഇവിടേക്ക് വന്നിട്ടുള്ളത്. ആ നേതാവായ പ്രവാചകൻﷺ അനുവാദം നൽകാത്ത ഒരു ത്വവാഫിനോ ഉംറക്കോ ഞാൻ ഒരുക്കമല്ല. എന്റെ നേതാവിന് ത്വവാഫിന് അവസരം ഇല്ലാത്ത സ്ഥലത്ത് എനിക്കും ത്വവാഫ് ചെയ്യേണ്ട.'

ചർച്ചകൾ വീണ്ടും നീണ്ടുപോയി. ഉഥ്മാൻؓ തിരിച്ചുവരുന്നത് കാണാതായപ്പോൾ മുസ്‌ലിംകൾക്കിടയിൽ ഒരു കിംവദന്തി പ്രചരിപ്പിക്കപ്പെട്ടു. ഉഥ്മാനെ അവർ കൊന്നിരിക്കുന്നു! അങ്ങനെ നബിﷺ തന്റെ അനുചരന്മാരെ എല്ലാവരെയും ഒരു വൃക്ഷത്തിന് താഴെ വിളിച്ചു ചേർത്തു. എല്ലാവരോടുമായി നബിﷺ പറഞ്ഞു: 'രംഗം വളരെ മോശമാണ്. നാം അയച്ച നമ്മുടെ ദൂതൻ ഉഥ്മാനെ ശത്രുക്കൾ വധിച്ചിരിക്കുന്നു എന്നാണ് നാം കേൾക്കുന്നത്. അതിനാൽ അവരോട് ഒരു യുദ്ധംതന്നെ വേണ്ടിവരും. ഒരിക്കലും ഓടിപ്പോകില്ലെന്നും മരണംവരെ പോരാടുമെന്നും എന്നോട് കൈപിടിച്ച് ബയ്അത്ത് ചെയ്യണം.' അങ്ങനെ ആ വൃക്ഷത്തിന്റെ ചുവട്ടിൽവെച്ച് എല്ലാ സ്വഹാബിമാരും കൈ പിടിച്ച് പ്രതിജ്ഞയെടുത്തു. അവിടെ വെച്ച് പ്രതിജ്ഞ ചെയ്ത സ്വഹാബിമാരോട് നബിﷺ ഇപ്രകാരം പറയുകയുണ്ടായി:



"ഭൂവാസികളിൽ ഇന്ന് ഏറ്റവും ഉത്തമരാണ് നിങ്ങൾ" (മുസ്‌ലിം).

"അല്ലാഹു ഉദ്ദേശിച്ചാൽ ഈ വൃക്ഷത്തിന്റെ ആളുകളിൽ പെട്ട ഒരാളും-ചുവട്ടിൽ നിന്ന് ബയ്അത്ത് ചെയ്തവരായ-നരകത്തിൽ പ്രവേശിക്കുന്നതല്ല"(മുസ്‌ലിം).

ഈ വൃക്ഷത്തിന്റെ ചുവട്ടിൽ വെച്ച് നബിﷺയോട് സ്വഹാബിമാർ ചെയ്ത ബയ്അത്താണ് ഇസ്‌ലാമിക ചരിത്രത്തിൽ 'ബയ്അത്തുർരിദ്‌വാൻ' എന്ന പേരിൽ അറിയപ്പെടുന്നത്. ബയ്അത്തുശ്ശജറ എന്ന പേരിലും ഇത് അറിയപ്പെടുന്നുണ്ട്.

അതേ സമയം, മക്കക്കാരോട് ചർച്ചക്ക് പോയി കാണാതായ ഉഥ്മാൻؓവിന് നബിﷺയോട് കരാർ ചെയ്യാൻ സാധിച്ചില്ല. അദ്ദേഹത്തിന് പകരം നബിﷺ തന്റെ ഒരു കൈ മറ്റേ കൈയ്യിൽ പിടിച്ച് കരാർ ചെയ്യുകയായിരുന്നു. സ്വഹീഹുൽ ബുഖാരിയിൽ കാണാം:

"അല്ലാഹുവിന്റെ റസൂൽﷺ തന്റെ വലതുകൈ (പിടിച്ചു)കൊണ്ട് പറഞ്ഞു: 'ഇത് ഉഥ്മാന്റെ കൈയാകുന്നു." എന്നിട്ട് അവിടുന്ന് അത്കൊണ്ട് മറ്റേ കൈയിൽ അടിച്ചു. എന്നിട്ട് പറഞ്ഞു: 'ഇത് ഉഥ്മാന് വേണ്ടിയാകുന്നു.' അതോടെ ഉഥ്മാൻؓ ബയ്അതുർരിദ്‌വാനിൽ പങ്കെടുത്ത സ്വഹാബിമാരിൽ അംഗമായി.

താമസിയാതെ ഉഥ്മാൻؓ അവിടേക്ക് കടന്നുവന്നു. ഉഥ്മാൻؓ വധിക്കപ്പെട്ടിരിക്കുന്നു എന്ന നേരത്തെ മുസ്‌ലിംകൾക്കിടയിൽ പ്രചരിപ്പിക്കപ്പെട്ട വാർത്ത കളവാണെന്ന് അദ്ദേഹത്തിന്റെ വരവോടെ ബോധ്യമാകുകയും ചെയ്തു.

**(തുടരും)**

അബ്ദുറഹ്മാൻ നാസിർ അസ്സഅദി
വിവ: ഹാരിസ് ബിൻ സലീം



അധ്യായം: 52, ഭാഗം 3

# അത്ത്വൂർ

(മക്കയിൽ അവതരിച്ചത്)

إِنَّ ٱلْمُتَّقِينَ فِى جَنَّـٰتٍ وَنَعِيمٍ ﴿١٧﴾
فَـٰكِهِينَ بِمَآ ءَاتَىٰهُمْ رَبُّهُمْ وَوَقَىٰهُمْ
رَبُّهُمْ عَذَابَ ٱلْجَحِيمِ ﴿١٨﴾
كُلُوا وَٱشْرَبُوا هَنِيٓـًٔا بِمَا
كُنتُمْ تَعْمَلُونَ ﴿١٩﴾
مُتَّكِـِٔينَ عَلَىٰ سُرُرٍ مَّصْفُوفَةٍ
وَزَوَّجْنَـٰهُم بِحُورٍ عِينٍ ﴿٢٠﴾
وَٱلَّذِينَ ءَامَنُوا وَٱتَّبَعَتْهُمْ ذُرِّيَّتُهُم بِإِيمَـٰنٍ
أَلْحَقْنَا بِهِمْ ذُرِّيَّتَهُمْ وَمَآ أَلَتْنَـٰهُم مِّنْ عَمَلِهِم
مِّن شَىْءٍ كُلُّ ٱمْرِئٍ بِمَا كَسَبَ رَهِينٌ ﴿٢١﴾
وَأَمْدَدْنَـٰهُم بِفَـٰكِهَةٍ وَلَحْمٍ مِّمَّا يَشْتَهُونَ ﴿٢٢﴾

17. തീർച്ചയായും ധർമനിഷ്ഠ പാലിക്കുന്നവർ സ്വർഗത്തോപ്പുകളിലും സുഖാനുഗ്രഹങ്ങളിലുമായിരിക്കും.

18. തങ്ങളുടെ രക്ഷിതാവ് അവർക്കു നൽകിയതിൽ ആനന്ദം കൊള്ളുന്നവരായിട്ട്. ജ്വലിക്കുന്ന നരകത്തിലെ ശിക്ഷയിൽ നിന്ന് അവരുടെ രക്ഷിതാവ് അവരെ കാത്തുരക്ഷിക്കുകയും ചെയ്യും.

19. (അവരോട് പറയപ്പെടും:) നിങ്ങൾ പ്രവർത്തിച്ചിരുന്നതിന്റെ ഫലമായി നിങ്ങൾ സുഖമായി തിന്നുകയും കുടിക്കുകയും ചെയ്തുകൊള്ളുക.

20. വരിവരിയായി ഇട്ട കട്ടിലുകളിൽ ചാരിയിരിക്കുന്നവരായിരിക്കും അവർ. വിടർന്ന കണ്ണുകളുള്ള വെളുത്ത തരുണികളെ നാം അവർക്ക് ഇണചേർത്തു കൊടുക്കുകയും ചെയ്യും.

21. ഏതൊരു കൂട്ടർ വിശ്വസിക്കുകയും അവരുടെ സന്താനങ്ങൾ വിശ്വാസത്തിൽ അവരെ പിന്തുടരുകയും ചെയ്തിരിക്കു ന്നുവോ അവരുടെ സന്താനങ്ങളെ നാം അവരോടൊപ്പം ചേർക്കുന്നതാണ്. അവരുടെ കർമഫലത്തിൽനിന്ന് യാതൊന്നും നാം അവർക്കു കുറവു വരുത്തുകയുമി ല്ല. ഏതൊരു മനുഷ്യനും താൻ സമ്പാദിച്ച്വെച്ചതിന് (സ്വന്തം കർമങ്ങൾക്ക്) പണയം വെക്കപ്പെട്ടവനാകുന്നു.

22. അവർ കൊതിക്കുന്നതരത്തിലുള്ള പഴവും മാംസവും നാം അവർക്ക് അധികമായി നൽകുകയും ചെയ്യും.

23. അവിടെ അവർ പാനപാത്രം അന്യോന്യം കൈമാറിക്കൊണ്ടിരിക്കും. അവിടെ അനാവശ്യവാക്കോ, അധാർമിക വൃത്തിയോ ഇല്ല.
24. അവർക്ക് (പരിചരണത്തിനായി) ചെറുപ്പക്കാർ അവരുടെ അടുത്ത് ചുറ്റിത്തിരിഞ്ഞുകൊണ്ടിരിക്കും. അവർ സൂക്ഷിച്ച് വെക്കപ്പെട്ട മുത്തുകൾപോലെയിരിക്കും
25. പരസ്പരം പലതും ചോദിച്ചുകൊണ്ട് അവരിൽ ചിലർ ചിലരെ അഭിമുഖീകരിക്കും.
26. അവർ പറയും: തീർച്ചയായും നാം മുമ്പ് നമ്മുടെ കുടുംബത്തിലായിരിക്കുമ്പോൾ ഭയഭക്തിയുള്ളവരായിരുന്നു.
27. അതിനാൽ അല്ലാഹു നമുക്ക് അനുഗ്രഹം നൽകുകയും രോമകൂപങ്ങളിൽ തുളച്ചുകയറുന്ന നരകാഗ്നിയുടെ ശിക്ഷയിൽനിന്ന് അവൻ നമ്മെ കാത്തുരക്ഷിക്കുകയും ചെയ്തു.

يَتَنَـٰزَعُونَ فِيهَا كَأْسًا لَّا لَغْوٌ فِيهَا وَلَا تَأْثِيمٌ ﴿٢٣﴾

۞ وَيَطُوفُ عَلَيْهِمْ غِلْمَانٌ لَّهُمْ كَأَنَّهُمْ لُؤْلُؤٌ مَّكْنُونٌ ﴿٢٤﴾

وَأَقْبَلَ بَعْضُهُمْ عَلَىٰ بَعْضٍ يَتَسَآءَلُونَ ﴿٢٥﴾

قَالُوٓا۟ إِنَّا كُنَّا قَبْلُ فِىٓ أَهْلِنَا مُشْفِقِينَ ﴿٢٦﴾

فَمَنَّ ٱللَّهُ عَلَيْنَا وَوَقَىٰنَا عَذَابَ ٱلسَّمُومِ ﴿٢٧﴾

17). സത്യനിഷേധികളുടെ ശിക്ഷയെക്കുറിച്ച് പറഞ്ഞപ്പോൾതന്നെ സൂക്ഷ്മത പാലിക്കുന്നവരുടെ സുഖാനുഗ്രഹങ്ങളെക്കുറിച്ചും പറഞ്ഞു; ഭയപ്പെടുത്തലും ആഗ്രഹിപ്പിക്കലും ഒരുമിച്ച് കൊണ്ടുവരുന്നതിനുവേണ്ടി. അപ്പോൾ ഹൃദയങ്ങൾ ഭയത്തിനും പ്രതീക്ഷക്കുമിടയിലാകും. അല്ലാഹു പറയുന്നു: (തീർച്ചയായും ധർമനിഷ്ഠ പാലിക്കുന്നവർ) തങ്ങളുടെ രക്ഷിതാവിനോട് വിരോധങ്ങൾ ഉപേക്ഷിച്ചും കൽപനകൾ അനുഷ്ഠിച്ചും അല്ലാഹുവിന്റെ ശിക്ഷയുടെയും കോപത്തിന്റെയും കാരണങ്ങളെ സൂക്ഷിച്ചവരാണവർ. (സ്വർഗത്തോപ്പുകളിലും) അവിടുത്തെ തോട്ടങ്ങൾ ഇടതൂർന്ന മരങ്ങൾ ശക്തിയായൊഴുകുന്ന നദികൾ, വലയംചെയ്യപ്പെട്ട കോട്ടകൾ, അലങ്കരിക്കപ്പെട്ട ഭവനങ്ങൾ എന്നിവകൊണ്ട് നിറഞ്ഞിരിക്കും. ശരീരത്തിനും ആത്മാവിനും ഹൃദയത്തിനും സുഖം നൽകുന്ന സമ്പൂർണ സുഖങ്ങൾ.

18). (തങ്ങളുടെ രക്ഷിതാവ് അവർക്ക് നൽകിയതിൽ ആനന്ദം കൊള്ളുന്നവരായിട്ട്). അതിൽ ആശ്ചര്യപ്പെട്ടുകൊണ്ട്. വർണിക്കാനാവാത്ത അനുഗ്രഹങ്ങൾ അല്ലാഹു അവർക്ക് നൽകിയതിൽ ആഹ്ലാദിച്ചും സന്തോഷിച്ചും സുഖമനുഭവിച്ചുംകൊണ്ട്.

فَلَا تَعْلَمُ نَفْسٌ مَّآ أُخْفِىَ لَهُم مِّن قُرَّةِ أَعْيُنٍ

"കൺകുളിർപ്പിക്കുന്ന എന്തെല്ലാം കാര്യങ്ങളാണ് അവർക്കുവേണ്ടി രഹസ്യമാക്കിവെക്കപ്പെട്ടിട്ടുള്ളതെന്ന് ഒരാൾക്കും അറിയാവുന്നതല്ല" (32:17)

(ജ്വലിക്കുന്ന നരകശിക്ഷയിൽനിന്ന് അവരുടെ രക്ഷിതാവ് അവരെ കാത്തുരക്ഷിക്കുകയും ചെയ്യും). അതായത് ഇഷ്ടപ്പെട്ടത് അവർക്ക് നൽകുക. ഭയപ്പെടുന്ന കാര്യത്തിൽനിന്ന് അവരെ രക്ഷപ്പെടുത്തുകയും ചെയ്തു. കാരണം അവർ അല്ലാഹുവിന് വെറുപ്പുള്ളത് ഉപേക്ഷിക്കുകയും ഇഷ്ടമുള്ളത് പ്രവർത്തിക്കുകയും ചെയ്തു.

19). (നിങ്ങൾ പ്രവർത്തിച്ചതിന്റെ ഫലമായി നിങ്ങൾ സുഖമായി തിന്നുകയും കുടിക്കുക യും ചെയ്തുകൊള്ളുക). നിങ്ങളുടെ മനസ്സുകൾ കൊതിക്കുന്ന ആസ്വാദ്യകരമായ വിവിധ ഭക്ഷണ പാനീയങ്ങളിൽനിന്നും. (സുഖമാ യി) സന്തോഷത്തിലും ആഹ്ലാദത്തിലും സുഭിക്ഷമായി. (നിങ്ങൾ പ്രവർത്തിച്ചതിന്റെ ഫലമായി). നന്മനിറഞ്ഞ നിങ്ങളുടെ വാക്കുകളും സൽപ്രവർത്തനങ്ങളും കാരണമാണ് നിങ്ങൾക്കീ ലഭിച്ചതെല്ലാം.

20). (വരിവരിയായി ഇട്ട കട്ടിലുകളിൽ ചാരിയിരിക്കുന്നവരായിരിക്കും). ചാരിയിരിക്കൽ എന്നത് സൗകര്യത്തിലും സന്തോഷത്തിലും സ്വസ്ഥമായുമുള്ള ഇരുത്തമാണ്. പ്രശോഭിക്കുന്ന വിരിപ്പുകൾകൊണ്ടും പ്രൗഢിയുള്ള വസ്ത്രങ്ങൾകൊണ്ടുമുള്ള വ്യത്യസ്ത അലങ്കാരവേലകൾകൊണ്ട് അലങ്കരിച്ച കട്ടിലുകളാണ് 'സുറുറ്' എന്നത്. കട്ടിലുകളെക്കുറിച്ച് പറഞ്ഞപ്പോൾ വരിവരിയായി വെക്കപ്പെട്ടത് എന്ന് അല്ലാഹു പറഞ്ഞു.

അവ ധാരാളമുണ്ടെന്നും നല്ല ചിട്ടയോടെ സംവിധാനിക്കപ്പെട്ടതാണെന്നും അവർ ഒരുമിച്ച് കൂടുമെന്നും പരസ്പരം നല്ല സഹവാസങ്ങളും സ്നേഹപ്രകടനങ്ങളും ഉണ്ടായിരിക്കുമെന്നും മനസ്സിലാകുന്നു. നിസ്സാരമല്ലാത്തതും ഭാവനയിൽപോലും വരാത്തതുമായ ആസ്വാദ്യകരമായ ഭക്ഷണ പാനീയങ്ങളും മനോഹരങ്ങളായ ഇരിപ്പിടങ്ങളിലുമായി ശാരീരികവും മാനസികവുമായ സുഖാനുഗ്രങ്ങൾ അവിടെ അവർ ഒരുമിച്ച് അനുഭവിക്കും. മ

റ്റൊരു സ്ത്രീയിൽനി ന്നും ലഭിക്കാത്ത ആസ്വാദനങ്ങളും അവർക്കവിടെ ശേഷിക്കുന്നു. സ്വഭാവത്തിലും രൂപത്തിലും സമ്പൂർണരായ ഇണകളവിടെ ഉണ്ടെന്ന് അല്ലാഹു പറയുന്നു. (വിടർന്ന കണ്ണുകളുള്ള വെളുത്ത തരുണികളെ നാം അവർക്ക് ഇണചേർത്ത് കൊടുക്കുകയും ചെയ്യും). കാഴ്ചക്കാർ വിസ്മയിച്ചുപോകുന്ന ശ്രേഷ്ഠ സ്വഭാവങ്ങളും പ്രത്യക്ഷമായ രൂപലാവണ്യവും ഒരുമിച്ച സ്ത്രീകളാണവർ. ആളുകളുടെ ബുദ്ധിയെ കവർന്നെടുക്കുന്നവർ അവരിലേക്കെത്താതിരിക്കില്ല. ആഗ്രഹത്താൽ, താൽപര്യത്താൽ ഹൃദയങ്ങൾ പറന്നുപോകാറാവും العين എന്നത് കണ്ണിന്റെ ഭംഗിയാണ്. അതിലെ വെളുപ്പും കറുപ്പും തെളിമയുള്ളതായിരിക്കും.

21. സ്വർഗസുഖങ്ങളുടെ ഒരു പൂർത്തീകരണമാണിത്. വിശ്വാസത്തിൽ തങ്ങളെ പിൻപറ്റിയ മക്കളെ അല്ലാഹു അവരോടൊപ്പം ചേർത്തുകൊടുക്കും. അതായത് പിതാക്കളുടെ വിശ്വാസത്തിൽ അവരെ ചേർത്തുകൊടുക്കും. അപ്പോൾ വിശ്വാസത്തിൽ മക്കൾ അവരെ പിന്തുടരുന്നവരാകും. അവരുടെ അതേ വിശ്വാസം സന്താനങ്ങളും പിന്തുടർന്നാൽ ഇവരെ സ്വർഗത്തിൽ പിതാക്കളുടെ അതേസ്ഥാനത്ത് എത്തിച്ചുകൊടുക്കും. അവരവിടെ എത്തിയിട്ടുണ്ടെങ്കിൽ അവരുടെ പിതാക്കൾക്കുള്ള പ്രതിഫലമായി. അവരുടെ കൂലിയിൽ ഒരു വർധനവായി. അതോടൊപ്പം പിതാക്കളുടെ പ്രവർത്തനത്തിന്റെ പ്രതിഫലത്തിൽ കുറവ് വരുത്താതെതന്നെ. നരകക്കാർക്കും ഇതേപോലെ മക്കളെ എത്തിച്ചുകൊടുക്കും എന്നാരെങ്കിലും ധരിച്ചാൽ, അല്ലാഹുതന്നെ പറയുന്നുണ്ട്. സ്വർഗത്തിലും നരകത്തിലും ഒരേ വിധിയല്ലെന്നും നരകം നീതിയുടെ ഭവനമാണ് എന്നും. കുറ്റം ചെയ്യാത്ത ഒരാളെയും ശിക്ഷിക്കാതിരിക്കുക എന്നത് അല്ലാഹുവിന്റെ നീതിയാണ്. അതാണല്ലോ അല്ലാഹു പറഞ്ഞത്: (ഏതൊരു മനുഷ്യനും താൻ സമ്പാദിച്ചുവെച്ചതിന് പണയം വെക്കപ്പെട്ടവനാകുന്നു) തന്റെ കർമങ്ങൾക്ക് അവൻ പണയം വെക്കപ്പെട്ടവനാണ്. ഒരാളുടെ പാപഭാരം മറ്റൊരാൾ വഹിക്കുകയില്ല. ഒരാളുടെ കുറ്റവും മറ്റൊരാൾ വഹിക്കില്ല. നേരത്തെയുണ്ടായ ധാരണ തിരുത്തുന്നതാണത്.

22). (നാം അവർക്ക് അധികമായി നൽകും) വിശാലമായ നമ്മുടെ ഭക്ഷണങ്ങളും വർധിച്ച അനുഗ്രഹങ്ങളും സ്വർഗക്കാർക്ക് നാം നൽകും. (പഴം) അവർ ഭക്ഷണമായി ഉപയോഗിക്കുന്നവയെക്കാൾ വർധിച്ച ആസ്വാദനം നൽകുന്ന വ്യത്യസ്ത പഴങ്ങൾ, ആപ്പിൾ, റുമ്മാൻ, മുന്തിരി തുടങ്ങിയവ. (അവർ കൊതിക്കുന്ന മാംസവും) അവർ ആവശ്യപ്പെടുന്നതും മനസ്സാഗ്രഹിക്കുന്നതുമായ പക്ഷിമാംസവും മറ്റും.

23). (അവിടെ അവർ പാനപാത്രം അന്യോന്യം കൈമാറിക്കൊണ്ടിരിക്കും). ശുദ്ധമായ മദ്യത്തിന്റെ കോപ്പകൾ അവർക്കിടയിൽ ചുറ്റിക്കറങ്ങിക്കൊണ്ടിരിക്കും. അവർക്കിടയിൽ അവരത് പരസ്പരം കൈമാറിക്കൊണ്ടിരിക്കും. കൂജകൾകൊണ്ടും കോപ്പകൾകൊണ്ടും. ശാശ്വതരാക്കപ്പെട്ട കുട്ടികൾ അവർക്കിടയിൽ ചുറ്റിക്കറങ്ങിക്കൊണ്ടിരിക്കും (അവിടെ അനാവശ്യ വാക്കോ അധാർമികത പ്രവൃത്തിയോ ഇല്ല). അനാവശ്യ വാക്കുകൾ സ്വർഗത്തിലില്ല. لغو എന്നാൽ പ്രയോജനമില്ലാത്ത സംസാരം എന്നർഥം. കുറ്റകരവും പാപകരവുമായ വർത്തമാനവും ഇല്ല. ഇത് രണ്ടുമില്ലെങ്കിൽ മൂന്നാമത്തെ ഒന്നുണ്ടാകും; അവിടുത്തെ സംസാരം. ഹൃദയത്തെ സന്തോഷിപ്പിക്കുന്ന, മനസ്സിനെ കുളിർപ്പിക്കുന്ന പരിശുദ്ധവും വിശിഷ്ടവുമായ സലാം. ഏറ്റവും നല്ല നിലയിൽ അവർ സഹവസിക്കുന്നു. ഏറ്റവും നല്ല ഒത്തുചേരൽ അവർ നടത്തുന്നു. തങ്ങളുടെ രക്ഷിതാവിൽനിന്നും കൺകുളിർപ്പിക്കുന്ന വർത്തമാനങ്ങളേ അവർ കേൾക്കൂ. അവരുടെ രക്ഷിതാവിന്റെ തൃപ്തിയും സ്നേഹവും അവർക്കുണ്ടെന്ന് അതിൽനിന്ന് അവർക്ക് മനസ്സിലാകുന്നു.

24). (അവർക്ക്-പരിചരണത്തിനായി-ചെറുപ്പക്കാർ അവരുടെ അടുത്ത് ചുറ്റിത്തിരിഞ്ഞുകൊണ്ടിരിക്കും). യുവാക്കളായ പരിചാരകർ. (അവർ സൂക്ഷിച്ചു വെക്കപ്പെട്ട മുത്തുകൾ പോലെയായിരിക്കും). അതിന്റെ പ്രശോഭയും ഭംഗിയും കൊണ്ട്. സേവകന്മാർ അവർക്കിടയിൽ ചുറ്റിക്കൊണ്ടിരിക്കുകയും അവരുടെ ആവശ്യങ്ങൾ നിവർത്തിച്ചുകൊടുക്കുകയും ചെയ്യും. ഇതിൽനിന്നെല്ലാം മനസ്സിലാകുന്നത് അവരുടെ സുഖാനുഭവങ്ങളുടെ ആധിക്യവും വിശാലതയും അവരുടെ സന്തോഷത്തിന്റെ പൂർണതയുമാണ്.

25) (പരസ്പരം പലതും ചോദിച്ചുകൊണ്ട് അവരിൽ ചിലർ ചിലരെ അഭിമുഖീകരിക്കും) ഇഹലോകത്തെ കാര്യങ്ങളും അവസ്ഥകളുമെല്ലാം.

26) (അവർ പറയും) ഇന്നവർ അനുഭവിക്കുന്ന സന്തോഷാഹ്ലാദങ്ങളിലേക്ക് എത്തിയതിനെക്കുറിച്ച് അവർ വിശദീകരിക്കും. (തീർച്ചയായും നാം മുമ്പ്) അതായത് ഇഹലോകത്ത്. (നമ്മുടെ കുടുംബത്തിലായിരിക്കുമ്പോൾ ഭയഭക്തിയുള്ളവരായിരുന്നു). അതായത് ഭയപ്പെടുന്നവരും പേടിക്കുന്നവരും. ആ ഭയത്താൽ നാം പാപമുപേക്ഷിച്ചു. നമ്മുടെ ന്യൂനതകൾ പരിഹരിച്ചു.

27) (അതിനാൽ അല്ലാഹു നമുക്ക് അനുഗ്രഹം നൽകുകയും) സന്മാർഗം സ്വീകരിക്കാനും അതിനുള്ള സഹായവും. (രോമകൂപങ്ങളിൽ തുളച്ചുകയറുന്ന നരകാഗ്നിയുടെ ശിക്ഷയിൽനിന്ന് അവൻ നമ്മെ കാത്തുരക്ഷിക്കുകയും ചെയ്തു). അതായത് ചൂടുള്ള ശിക്ഷ, അതിന്റെ കഠിന ചൂടിൽനിന്ന്.




# അനീമിയ

മുസാഫിർ
mail@nerpatham.com

ഇന്ന് ഇന്ത്യയിൽ കണ്ടുവരുന്ന ആരോഗ്യ പ്രശ്നങ്ങളിൽ ഏറ്റവും സർവസാധാരണയായി കണ്ടുവരുന്ന പ്രശ്നമാണ് രക്തക്കുറവ് അഥവാ അനീമിയ. രക്തത്തിൽ കാണപ്പെടുന്ന ചുവന്ന രക്താണുക്കളാണ് ശരീരത്തിന്റെ പ്രവർത്തനത്തിനാവശ്യമായ ഓക്സിജനെ ശരീരത്തിന്റെ വിവിധ ഭാഗങ്ങളിൽ എത്തിക്കുന്നത്. ചുവന്ന രക്താണുക്കളിൽ അടങ്ങിയിരിക്കുന്ന ഹീമോഗ്ലോബിൻ ആണ് ഓക്സിജനെ ശരീരത്തിലേക്കും ചീത്ത വായുവായ കാർബൺ ഡൈ ഒക്സൈഡിനെ പുറത്തേക്കും തള്ളാൻ സഹായിക്കുന്നത്. ഈ ഹീമോഗ്ലോബിന്റെ കുറവാണ് യഥാർഥത്തിൽ അനീമിയയിൽ സംഭവിക്കുന്നത്.

രക്തത്തിൽ ഹീമോഗ്ലോബിന്റെ അളവ് 13.5 ലും താഴെയാവുമ്പോൾ ആ അവസ്ഥയെ അനീമിയ എന്നു വിളിക്കുന്നു. പലതരം കാരണങ്ങൾകൊണ്ടും അനീമിയ വരാം. ചിലതരം അനീമിയ വരുന്നത് ശരീരത്തിലെ രക്താണുക്കളുടെ ഉൽപാദനക്കുറവ് മൂലമാണ്. ലോകത്ത് പൊതുവെ ഏറ്റവും കൂടുതൽ കണ്ടുവരുന്ന ഇരുമ്പിന്റെ കുറവുമൂലമുള്ള രക്തക്കുറവ് ഈ ഗണത്തിൽ പെടുന്നു. തലസ്സിമിയ, മറ്റു മാറാരോഗങ്ങൾ മൂലം വരുന്ന രക്തക്കുറവ് തുടങ്ങിയവയും ഇങ്ങനെ തന്നെയാണ് സംഭവിക്കുന്നത്. ഹൈപ്പോപ്ലാസ്റ്റിക്ക്, അപ്ലാസ്ടിക്ക് അനീമിയയും വരുന്നത് DNAയുടെ ഉത്പാദനക്കുറവുമൂലമാണ്.

രക്തത്തിലെ ചുവന്ന രക്താണുക്കളുടെ വലിപ്പത്തിനനുസരിച്ച് രക്തക്കുറവിനെ വിവിധ വിഭാഗങ്ങളായി തരംതിരിച്ചിരിക്കുന്നു. ചുവന്ന രക്താണുക്കളുടെ വലിപ്പക്കൂടുതൽ കണ്ടുവരുന്ന രക്തക്കുറവുകളെ മാക്രോസൈറ്റിക്ക് അനീമിയ എന്ന് വിശേഷിപ്പിക്കുന്നു. ശരീരത്തിന് ആത്യാവശ്യമായ വിറ്റാമിനുകളായ B12, ഫോളിക് ആസിഡ് തുടങ്ങിയവയുടെ കുറവുമൂലം ഇത്തരം ഒരവസ്ഥ വരുന്നു. അമിത മദ്യപാനവും ഒരു പ്രധാന കാരണമാണ്.

മൂന്നാമത്തെ വിഭാഗം നോർമോസൈറ്റിക്ക് അനീമിയയാണ്. വൃക്കരോഗികളിലാണ് ഇത്തരം രക്തക്കുറവ് കൂടുതലായി കണ്ടുവരുന്നത്. ഇരുമ്പിന്റെ കുറവുമൂലമുള്ള രക്തക്കുറവിന് ഏറ്റവും പ്രധാന കാരണം രക്തസ്രാവമാണ്. അതിൽ കൂടുതലും വയറ്റിൽനിന്നുമുള്ള ആന്തരിക രക്തസ്രാവം കൊണ്ടാണ് ഉണ്ടാവുന്നത്. ആസ്പിരിൻ ഗുളികകുളുടെ നിത്യേനയുള്ള ഉപയോഗവും മറ്റൊരു കാരണമാണ്.

ക്ഷീണം, ഹൃദയമിടിപ്പ് കൂടുക, നെഞ്ഞിടിച്ചിൽ, തിളങ്ങിയ നഖങ്ങൾ, സ്പൂൺ പോലെ നഖം കുഴിയൽ, ചിലതരം ഭക്ഷണങ്ങളോടുള്ള പ്രത്യേക താൽപര്യം, തുടങ്ങിയ ലക്ഷണങ്ങൾ ഇരുമ്പിന്റെ അളവ് കുറഞ്ഞവരിൽ കണ്ടേക്കാം.

CBC (Complete Blood Count) എന്ന ടെസ്റ്റിലൂടെ അനീമിയയും അതേതു വിഭാഗത്തിൽപെട്ട രക്തക്കുറവാണെന്നും കണ്ടെത്താവുന്നതാണ്.

കാരണത്തിനനുസരിച്ചു രക്തക്കുറവിന്റെ ചികിത്സയും വിഭിന്നങ്ങളാണ്. അയൺ ഗുളികകളും ഫോളിക് ആസിഡ്, B12 ഗുളികകളും ഇന്ന് ലഭ്യമാണ്. അതാതു വിറ്റാമിനുകൾ അടങ്ങിയ ഒരു ഭക്ഷണരീതി ചിട്ടപ്പെടുത്തൽ അനിവാര്യമാണ്.

## രക്തക്കുറവ് തിരിച്ചറിയാം

പ്രത്യേക കാരണങ്ങളില്ലാതെ അമിതമായ തളർച്ച അനുഭവപ്പെടുകയാണെങ്കിൽ കാരണം അനീമിയയാകാം. വേണ്ടത്ര രക്തമില്ലാതാകുമ്പോൾ ശരീരത്തിന് ആവശ്യമായ ഊർജം ലഭിയ്ക്കില്ല. രാവിലെ ഉണർന്നെഴുന്നേറ്റു കഴിഞ്ഞാൽ ഉടനെ മനംപിരട്ടൽ അനുഭവപ്പെടുന്നത് വിളർച്ചയുടെ മറ്റൊരു ലക്ഷണമാണ്. ശരീരത്തിൽ രക്തത്തിന്റെ അളവു കുറയുമ്പോൾ തലച്ചോറിന് ലഭിക്കുന്ന ഓക്സിജൻ അളവിൽ വ്യത്യാസം വരും. ഇത് തലവേദനയക്ക് ഇടയാക്കും.




GET IT ON Google Play
Download on the App Store

**പീസ് റേഡിയോക്കുള്ള താങ്കളുടെ ഓഹരി അയക്കാൻ**

| | |
|---|---|
| A/C No. | **918010068641992** |
| A/C Name | WISDOM ISLAMIC ORGANIZATION COMMUNICATION WING |
| IFSC Code | UTIB0000136 |
| Bank | AXIS BANK LTD CALICUT BRANCH |

FOR RECEIPTS AND MORE DETAILS CONTACT:
+91 9746 95 0006 (WHATSAPP ONLY)

UPI ID fcbiztvnx4y@freecharge

റേഡിയോ ആപ്പിന്റെ ഹോം പേജിലെ **Donate** ബട്ടൺ പ്രസ് ചെയ്താൽ ലഭിക്കുന്ന വിൻഡോയിൽ നിന്നും **DONATE VIA UPI** എന്ന ഓപ്ഷൻ വഴി നേരിട്ട് പണമയക്കാനുള്ള പ്രത്യേക സംവിധാനം

Scan with any UPI App

BHIM UPI
GooglePay Paytm

RNI NO: KERMAL/2015/64152
Registered NO:
KL/CT/225/2019-21

Nerpatham Weekly
Published on
2021 DECEMBER 11

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2019-21
Price: ₹12/-

കേരള മുസ്‌ലിം നവോത്ഥാനത്തിന്റെ നൂറ് വർഷങ്ങൾ

# നേർപഥം സ്‌പെഷ്യൽ പതിപ്പ്
# പ്രകാശനവും ചരിത്ര സെമിനാറും

**2021 ഡിസംബർ 12 ഞായറാഴ്ച 3.00 PM**

## നളന്ദ ഓഡിറ്റോറിയം
## കോഴിക്കോട്

**ജ: അഹ്മദ് ദേവർകോവിൽ (ബഹു: തുറമുഖ വികസന വകുപ്പ് മന്ത്രി)**

**രാഷ്ട്രീയ പ്രബുദ്ധതയുടെ ശതവർഷങ്ങളിലൂടെ**
കുഞ്ഞുമുഹമ്മദ് മദനി പറപ്പൂർ

**ചരിത്രത്തിൽ വിഷം കലർത്തുന്നവരോട്**
ഡോ. പി. ശിവദാസൻ

**ആത്മീയ രംഗത്തെ ഉണർവിന്റെ നാളുകൾ**
ഡോ. ഷാനവാസ് പറവണ്ണ

**നവോത്ഥാന പാരമ്പര്യം വില കൊടുത്ത് വാങ്ങേണ്ടതോ?**
സി.പി സലീം

ടി.കെ അശ്റഫ്, സുഫ്‌യാൻ അബ്ദുസ്സലാം, സജ്ജാദ് കെ
നാസിർ ബാലുശ്ശേരി, ഉസ്മാൻ പാലക്കാഴി

Nerpatham Weekly I PB No: 597 I EKP Complex I Kallai Road I Kozhikkode 2
mail@nerpatham.com I www.nerpatham.com